# പി.എസ്.സി എംപ്ലോയി

ജനുവരി 2018





## ആധാർ ജീവിതത്തിലെ ആശങ്കകൾ




ദേശാഭിമാനി ജനറൽ മാനേജർ കെ.ജെ.തോമസ് സംസാരിക്കുന്നു




ദേശാഭിമാനി ജനറൽ മാനേജർ കെ.ജെ.തോമസ് ദേശാഭിമാനി വരിസംഖ്യ ഏറ്റുവാങ്ങുന്നു

Since 1975

# പി.എസ്.സി. എംപ്ലോയി

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പ്രസിദ്ധീകരണം

പട്ടം.പി.ഒ. തിരുവനന്തപുരം-695004
ഫോൺ 0471 2448165
Email: keralapsceu@gmail.com
website: www. keralapscemployeesunion.org

പുസ്തകം 43 ലക്കം 1

ജനുവരി 2018

ആധാർ ജീവിതത്തിലെ ആശങ്കകൾ
കെ.വി.സുനുകുമാർ 6

പോരാട്ടങ്ങളും പ്രതിരോധങ്ങളും ശക്തിപ്പെടുത്തണം
കെ.രാധാകൃഷ്ണൻ 8

കാര്യക്ഷമമായ സിവിൽ സർവ്വീസിൽ പിഎസ്സി യുടെ പങ്ക്
പ്രൊഫ. സി.രവീന്ദ്രനാഥ് 14

ഉണ്ണിയേശു പിറന്നോട്ടേ...
കവിത– ജാഹ്നവി 17



സുകോമൾ സെൻ അവകാശ പോരാട്ടങ്ങളിലെ വിട്ടുവീഴ്ച യില്ലാത്ത നേതാവ് 22

സമകാലികം മഹാധർണ്ണ 23

ചൈന ലോക നേതൃത്വത്തിലേയ്ക്ക്
കെ.സെബാസ്റ്റിൻ 25

വികാരകുമാർ നുണയൻ പള്ളിയുടെ കോടതി
വിദൂഷകൻ 27

പത്രാധിപസമിതി

| | | |
|---|---|---|
| ചിഫ് എഡിറ്റർ | : | എം.ഷാജഹാൻ |
| എഡിറ്റർ | : | കെ.വി.സുനുകുമാർ |
| മാനേജർ | : | ടി.കെ.വിജയൻ |
| അംഗങ്ങൾ | : | വി.ബി.മനുകുമാർ, സബിതാ ജാസ്മിൻ.എച്ച്, മനോജ്.സി.എസ്, ഷിബു.എ.സ്, അനിൽകുമാർ.പി. എസ്, രഞ്ജിത്.എം.ആർ. |
| കവർ ചിത്രം | : | Shafi stroke |
| ലേഔട്ട്&ഡിസൈൻ | : | sajeevnt@gmail.com |

മുഖക്കുറിപ്പ്



# പ്രതീക്ഷയോടെ 2018

ശുഭപ്രതീക്ഷയും വർണ്ണാഭമായ സ്വപ്നങ്ങളുമായി 2018 പിറന്നിരിക്കുന്നു. നിറയെ നന്മയും സന്തോഷവും നിറഞ്ഞ പുതുവർഷം എല്ലാപേരും പരസ്പരം ആശംസിക്കുന്നു. എന്തുകൊണ്ടാണ് 2018-ന് ഇത്രയധികം പ്രതീക്ഷ വയ്ക്കുന്നത്. കാരണം മറ്റൊന്നുമല്ല വലിയ ആശംസകളോടെ വരവേറ്റ 2017 മനുഷ്യൻ വരുത്തിവെച്ചതും പ്രകൃതി ഒരുക്കിയതുമായ ദുരന്തങ്ങൾ നേടിയ നേട്ടങ്ങളുടെ ശോഭ തകർക്കുന്നതായിരുന്നു.

നോട്ടു നിരോധനത്തിന്റെ ദുരിതക്കയത്തിൽ സാധാരണ ജനത മുങ്ങിക്കിടക്കുന്ന ഘട്ടത്തിലാണ് 2017 പിറന്നു വീണത്. നോട്ടു നിരോധനം രാജ്യത്തെ രക്ഷിക്കാൻ വേണ്ടിയാണ് എന്നു വീമ്പു പറഞ്ഞവരുടെ പൊള്ളത്തരം എന്താണെന്നു 2018 പിറക്കുമ്പോൾ സാധാരണ ജനത പൂർണ്ണമായും മനസ്സിലാക്കുന്നു. കോർപ്പറേറ്റുകളിൽ നിന്നുള്ള കിട്ടാക്കടം കാരണം നാശത്തിന്റെ വക്കിലെത്തിയ ബാങ്കുളിൽ പണം എത്തിക്കാൻ വേണ്ടി നടത്തിയ ബുദ്ധികേന്ദ്രങ്ങളുടെ പ്രകടനമായിരുന്നു നോട്ടു നിരോധനം. സാധാരണ ജനങ്ങൾക്കും തൊഴിലാളികൾക്കുമല്ലാതെ കോർപ്പറേറ്റുകൾക്കും വൻകിട മുതലാളിമാർക്കും ഇതുകൊണ്ട് യാതൊരു കുഴപ്പവും ഉണ്ടായില്ല.

നോട്ടു നിരോധനത്തിന്റെ ദുരിതങ്ങളിൽ നിന്നും കരകയറാനാകാതെ യാതന അനുഭവിക്കുന്ന ജനങ്ങളുടെ മേൽ ഇടിത്തീയെന്നോണമാണ് ജി.എസ്.ടി. വന്നു ഭവിച്ചത്. വലിയ നേട്ടങ്ങളുണ്ടാകുമെന്ന് പ്രചരിപ്പിച്ചുവെങ്കിലും കാര്യമായ ആലോചനകളില്ലാതെ ധൃതിപിടിച്ച് നടപ്പിലാക്കിയ ജി.എസ്.ടി. ഉള്ള വരുമാനം ഇല്ലാതാക്കുകയും പുതിയ വരുമാനം വരാത്ത സാഹചര്യവുമാണുണ്ടാക്കിയത്.

മുമ്പെങ്ങുമില്ലാത്ത തരത്തിൽ വർഗ്ഗീയത ആളിക്കത്തിയ വർഷമാണ് കടന്നുപോയത്. ആഹാരത്തിലും വസ്ത്രത്തിലും അഭിപ്രായ പ്രകടനങ്ങളിലുമെല്ലാം വർഗ്ഗീയത കണ്ടെത്തിയ വർഷമാണ് കടന്നുപോയത്. ബീഫിന്റെ പേരിലുള്ള കൊലപാതകങ്ങളും കൊടിയ മർദ്ദനങ്ങളും, എതിർ ശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെല്ലാം മതനിരപേക്ഷ മനസ്സുകളെ വല്ലാതെ വേദനിപ്പിച്ചു.

നോട്ടു നിരോധനത്തിന്റെ ദുരിതങ്ങളിൽ നിന്നും വർഗ്ഗീയത ആളിക്കത്തിക്കുന്നതിനുള്ള ശ്രമത്തിൽ നിന്നും മോചനം നേടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുമ്പോഴാണ് മറ്റൊരു ഇടിത്തീപ്പോലെ ഓഖി ചുഴലിക്കാറ്റ് ദുരിതം വിതച്ചത്. ദുരിതമനുഭവിച്ചവർക്ക് കഴിയുന്നത്ര ആശ്വാസം നൽകുന്നതിനും കഴിയുന്നത്രപേരെ രക്ഷപ്പെടുത്തുന്നതിന് കഴിവിന്റെ അങ്ങേയറ്റം പ്രയത്നിക്കുന്ന സംസ്ഥാന സർക്കാർ മെഷിനറിയുടെ പ്രവർത്തനം നിഷ്പക്ഷമതികൾ ആശ്ചര്യപൂർവ്വം നോക്കിക്കാണുന്ന കാഴ്ചയാണ് യഥാർത്ഥത്തിൽ ഉണ്ടായത്. വെടിക്കെട്ടപകടം പോലുള്ള നാശങ്ങൾ സംഭവിച്ചപ്പോഴും നൽകാത്ത ആനുകൂല്യങ്ങളും നഷ്ടം സംഭവിച്ച കുടുംബങ്ങളെ പൂർണ്ണമായും സഹായിക്കുന്ന സമീപനവുമാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടത്. കൃത്യമായി മുന്നറിയിപ്പ് നൽകാൻ കഴിയാതിരുന്ന കേന്ദ്ര സർക്കാറും കേരളത്തിലെ പ്രതിപക്ഷവും അപ്രതീക്ഷിതമായ ഈ ദുരിതത്തിലും രാഷ്ട്രീയ മുതലെടുപ്പുണ്ടാക്കാൻ ശ്രമിച്ചത് ദിവസങ്ങൾ കഴിഞ്ഞിട്ടെങ്കിലും ചീറ്റിപ്പോയത് ശുഭസൂചകമാണ്.

2018-ാം വർഷത്തിലേക്ക് കടക്കുമ്പോൾ ലോകത്തിന്റെ തന്നെ മുന്നിൽ മികച്ച മാതൃകയായി കേരളം നിൽക്കുന്നു. ജനാധിപത്യത്തിലും മാനവവികസനത്തിലുമൂന്നിയ ഇടതുപക്ഷ ബദൽ നവലിബറൽ നയങ്ങൾക്കെതിരായ ശക്തമായ ചെറുത്തു നിൽപ്പായി വിലയിരുത്തപ്പെടുന്നു. എന്നാൽ ഇത്തരം ജനക്ഷേമ പ്രവർത്തനങ്ങളെയാകെ ഇകഴ്ത്തിക്കെട്ടാനും അപഹസിക്കാനും ആർ.എസ്.എസും പ്രതിപക്ഷ പാർട്ടികളും ചില മാധ്യമങ്ങളും പടപ്പുറപ്പാടുമായെത്തുകയാണ്.

ഇതരമേഖലകളിലെ പ്രവർത്തനങ്ങളോടൊപ്പം സിവിൽ സർവ്വീസ് കാര്യക്ഷമവും അഴിമതി രഹിതവുമാക്കി മാറ്റിയെടുക്കുന്നതിനുള്ള ശക്തമായ ശ്രമങ്ങളാണ് നടന്നിട്ടുള്ളത്. പതിനായിരത്തിലധികം തസ്തികകൾ ഇതര വകുപ്പുകളിൽ സൃഷ്ടിച്ചുകഴിഞ്ഞു. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

സിവിൽ സർവ്വീസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും 120 തസ്തികകൾ അനുവദിച്ചുകൊണ്ടാണ് അതിനു തുടക്കം കുറിച്ചത്. യു.ഡി.എഫ് സർക്കാരുകളുടെ കാലത്ത് എക്കാലവും കെ.പി.എസ്.സി. യുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾ തസ്സപ്പെടാറുണ്ട്. നിയമന നിരോധനവും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകലും വഴി പി.എസ്.സി. യുടെ പ്രവത്തനങ്ങളെ നിയന്ത്രിച്ചു. എന്നാൽ നിയമനനിരോധനമുണ്ടാകില്ലെന്നും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കില്ലെന്നുമുള്ള സുവ്യക്തമായ നയം എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ചു.

കൂടുതലായി അനുവദിക്കപ്പെട്ട തസ്തികകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കമ്മിഷന് കഴിഞ്ഞിട്ടുണ്ട്. കുടിശ്ശികയായി കിടന്നിരുന്ന നിരവധി തസ്തികകളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നതിനും പലതും പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെയും കമ്മിഷന്റെയും ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ ജീവനക്കാർക്കും കഴിഞ്ഞിട്ടുണ്ട്. കൂടുതലായി ലഭിച്ച ജീവനക്കാരെ ആസ്ഥാന ആഫീസിൽ വിന്യസിച്ചിരുന്നെങ്കിലും ഇപ്പോൾ ആസ്ഥാന ആഫീസിൽ പൂർത്തീകരിച്ച സെലക്ഷൻ നടപടികളുടെ തുടർച്ച ജില്ലകളിൽ പൂർത്തീകരിക്കുന്നതിനായി ജീവനക്കാരെ ജില്ലാ ആഫീസുകളിലേക്ക് വിന്യസിക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്.

2018-ാം വർഷം ജീവനക്കാരും ഉദ്യോഗാർത്ഥികളും പി.എസ്.സി. യുടെ പ്രവർത്തനങ്ങളെ കൂടുതൽ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. പി.എസ്.സി. ആഫീസുകൾ കൂടുതൽ ഉദ്യോഗസ്ഥ-ഉദ്യോഗാർത്ഥി സൗഹൃദ കേന്ദ്രങ്ങളായി മാറുന്നതിന് കൂടുതൽ നടപടി കമ്മിഷൻ സ്വീകരിക്കേണ്ടതുണ്ട്. പുതിയ സാങ്കേതിക വിദ്യയുടെ കടന്നുവരവിനെ തുടർന്ന് പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങൾ കൂടതൽ നിരീക്ഷണത്തിനു വിധേയമാക്കേണ്ടതുണ്ട്. പരീക്ഷ നടത്തിപ്പ് നിലവിലുള്ള രീതിയിൽ നിന്നും മാറ്റി ഒന്നിലധികം പരീക്ഷകൾ നടത്തി സെലക്ഷൻ നടപടികൾ പൂർത്തീകരിക്കുതിനുള്ള നടപടിസ്വീകരിക്കണം. റാങ്കു പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ ഉദ്യോഗാർത്ഥികൾക്ക് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. അത് ലഘൂകരിക്കപ്പെടണം നിലവിലുള്ള സെക്ഷനുകളുടെ പുനക്രമീകരണവും സാദ്ധ്യമാക്കണം. അത്തരത്തിൽ 2018 ാം വർഷം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം.



# ആധാർ ജീവിതത്തിലെ ആശങ്കകൾ

**കെ.വി.സുനുകുമാർ**


സ്വകാര്യത ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ സ്വന്തമായ കാര്യമാണ്. അതിനകത്തേക്ക് മറ്റുള്ളവർ പ്രവേശിക്കുന്നതും പരിശോധന നടത്തുന്നതും സ്വാതന്ത്ര്യനിഷേധമാണെന്ന വാദം കുറച്ചുകാലമായി ശക്തമാണ്. ആധാർ എന്ന വിവിധോദ്ദേശ തിരിച്ചറിയൽ രേഖയുമായി ബന്ധപ്പെട്ടാണ് ഈ ചർച്ച സജീവമായത്. സ്വകാര്യതക്ക് കൃത്യമായ നിർവ്വചനം നൽകാനായില്ലെങ്കിലും അവയെ പലതലത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യതക്കുള്ള അവകാശം ജനിക്കുമ്പോഴേ മനുഷ്യനൊപ്പമുള്ളതും അവനൊപ്പം ഇല്ലാതാകുന്നതും സ്വഭാവികവും വിലപ്പെട്ടതും അവിഭാജ്യവുമാണ്. അവ അന്യാധീനപ്പെട്ടുപോകുന്നത് ജീവിക്കാനുള്ള മൗലികാവകാശത്തിന്റെ നിഷേധമായിരിക്കുമെന്ന് പരമോന്നത കോടതി തന്നെ നിരീക്ഷിക്കുന്നു. വ്യക്തിയുടെ സ്വകാര്യതയിലേക്ക് ഏതൊരു അധികാരത്തിന്റേയും കടന്നുകയറ്റം അനുവദിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഒൻപതംഗ ഭരണഘടനാ ബെഞ്ച് ഐക്യകണ്ഠേന വിധിയെഴുതിയത് സ്വകാര്യത ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്നാണ്.

2010 സെപ്തംബർ 29 ന് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗാണ് ആധാർ പദ്ധതി ഉദ്ഘാടനം ചെയ്തത്. മഞ്ഞ സൂര്യനും നടുവിൽ വിരലടയാളവുമുള്ള ആധാർമുദ്ര പരിചയമില്ലാത്ത ഇന്ത്യൻ പൗരന്മാർ കുറവായിരിക്കും. ഭരണ കൂടങ്ങൾക്ക് പൗരന്മാരുടെ മേൽ നിയമപരവും ആഭ്യന്തരവുമായ അധികാരമുണ്ട്. അതുപയോഗിച്ച് രാജ്യസുരക്ഷയുടെ മറവിലാണ് ഈ സഖ്യാപ്രമാണം. (Digital Document) തയ്യാറാക്കിയിരിക്കുന്നത്. ദേശസ്നേഹപരമായ ഒരു മഹത്വം ആധാറിന് കൽപിച്ചു നൽകിയിട്ടുണ്ട്. തീവ്രവാദികളും, വിഘടന വാദികളും, ക്രിമിനലുകളും, നിയമവിരുദ്ധ ഇടപാടുകാരും വ്യാപകമാകുന്ന ആധുനിക രാഷ്ട്രീയ, സാമൂഹ്യാവസ്ഥയിൽ ഓരോ പൗരന്റേയും അവന്റെ ഇടപാടുകളേയും നിരീക്ഷിക്കുക എന്ന വിവിധ ഉദ്ദേശങ്ങളാണ് ആധാറിന്റെ ആധികാരികതയെന്ന് ഭരണാധികാരികൾ പറയുന്നു. ഓരോ വ്യക്തിയുടേയും ജന്മ ജാതകമെല്ലാം അധികാരികൾക്ക് കൈമാറുന്നത് അങ്ങിനെയാണ്. ബയോമെട്രിക് പരിശോധനക്ക് സാധ്യമാകുന്നവിധം പത്ത് വിരലടയാളങ്ങളും ഐറീസും (കൃഷ്ണമണിയുടെ മധ്യഭാഗത്ത് കാണുന്ന നിറമുള്ള വളയം ഓരോ വ്യക്തിയിലും വ്യത്യസ്തമായിരിക്കും.) എന്നന്നേക്കുമായി കൈമാറുകയും ചെയ്തു. ഒരു വ്യക്തിയുടെ ജീവശാസ്ത്രപരിശോധനക്കാവശ്യമായ പ്രമാണ കൈമാറ്റമായിരുന്നു അത്. പിന്നീട് പല ഘട്ടങ്ങളിലായി നമ്മുടെ സ്വകാര്യ ഇടപാടുകളുടെ ബന്ധിപ്പിക്കലാണ് നടന്നത്. ഫോൺനമ്പർ, ബാങ്ക് അക്കൗണ്ടുകൾ, ക്രെഡിറ്റ് കാർഡ്, സ്വത്ത്, ശമ്പളം തുടങ്ങി സർവ്വതും ഈ വിധം സ്വകാര്യമായി പരസ്യപ്പെടുത്തി ഇന്ന് ഇന്ത്യൻ പൗരന്മാരുടെ സ്വകാര്യതയും സ്വാതന്ത്ര്യവും പന്ത്രണ്ടു അക്കങ്ങളുടെ തടവറയിലാണ്. പൗരസുരക്ഷയുടെ പേരിൽ കൈമാറിയ ഈ സ്വകാര്യ വിവരങ്ങളെല്ലാം സംരക്ഷിക്കപ്പെടുമെന്നും അവ പരസ്യപ്പെടുത്തിച്ചെന്നുമാണ് ആധാർ നിയമത്തിലെ 29 ാം വകുപ്പ് പറയുന്നത്. എന്നാൽ ഇതുവരെ 13.5 കോടി ഇന്ത്യക്കാരുടെ ആധാര വിവരങ്ങൾ ചോർന്നതായി റിപ്പോർട്ട് വന്നിരിക്കുന്നു.

ആധാർ ബന്ധിക്കലുമായി ബന്ധപ്പെട്ട് എയർടെൽ

ഫോൺ നെറ്റ് വർക്ക് എന്ന സ്വകാര്യ കമ്പനി നടത്തിയത് കൊടും ക്രിമിനൽ കുറ്റമാണ്. ആധാർനമ്പരുമായി ഫോൺ നമ്പർ ലിങ്ക് ചെയ്യുവാനുള്ള അനുമതി ഈ സ്ഥാപനത്തിന് നൽകിയതു തന്നെ അത്ഭുതകരമാണ്. ഫോൺ ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കടന്നുകയറി അവരുടെ സമ്പാദ്യമെല്ലാം ചോർത്തിയെടുക്കാനാണ് ഈ അവസരമുപയോഗിച്ച് എയർടെൽ നെറ്റ് വർക്ക് ശ്രമിച്ചത്. ഏതാണ്ട് 190കോടി രൂപ ഈ വിധം ഉപഭോക്താക്കളറിയാതെ അവർ തട്ടിയെടുത്തുവത്രേ. എന്നാൽ നാമമാത്രമായ പിഴ ചുമത്തി കമ്പനിയെ കേന്ദ്രസർക്കാർ സംരക്ഷിച്ചു. ആധാർ നിലവിൽ വരുന്നതിന് മുന്നോടിയായി ആരംഭിച്ച UID സംവിധാനത്തിന്റെ ഘട്ടത്തിൽ പൗരന്മാരുടെ വിവരശേഖരണത്തിനായി രണ്ടു അമേരിക്കൻ കമ്പനികളെ നിയമിച്ചപ്പോൾ തന്നെ സുരക്ഷയുടെ പ്രശ്നം ഉയർന്നതാണ്. അമേരിക്കൻ സുരക്ഷാ ഏജൻസിയുമായി അടുത്ത ബന്ധമുള്ള കമ്പനികളെ എന്തിനു വേണ്ടി ഇത്തരമൊരു അതീവ പ്രാധാന്യമുള്ള പൗര വിവരശേഖരണത്തിന് നിയോഗിച്ചുവെന്നത് ഇന്നും ദുരൂഹമാണ്.

ആധാർ വിവരങ്ങൾ സുരക്ഷിതമല്ലെന്നതിനുള്ള ഔദ്യോഗിക സ്ഥിരീകരണമാണ് RBI യുടെ ഗവേഷണ വിഭാഗമായ Institute for Development and Research in Banking പുറത്തുവിട്ട ധവളപത്രം. സൈബർ വിദഗ്ദരായ കുറ്റവാളികൾക്കും, തീവ്രവാദികൾക്കും ചോർത്തിയെടുക്കാവുന്നതാണ് ആധാർ വിവരങ്ങളെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ റിപ്പോർട്ടിനെ സാധൂകരിക്കും വിധമാണ് ആധാർ വിൽപ്പനയുടെ ഞെട്ടിക്കുന്ന വിവരങ്ങൾ 'ദി ട്രിബ്യൂൺ' എന്ന പത്രം പുറത്തുകൊണ്ടു വന്നിരിക്കുന്നത്. പഞ്ചാബ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഒരു വാട്സ് അപ്പ് കൂട്ടായ്മ ആധാർ വിവരങ്ങൾ ചോർത്തുവാനുള്ള അക്സസ്സ് കൈമാറുന്നുവെന്നാണ് വാർത്ത. പേ ടിയം വഴി അഞ്ഞൂറു രൂപ അടച്ചാൽ നിമിഷങ്ങൾക്കകം ആധാർ ഡാറ്റാബേസിലേക്ക് കടക്കാനുള്ള User ID യും Password ഉം ലഭിക്കും. ഏത് ആധാർ നമ്പർ കൊടുത്താലും ഉടമസ്ഥന്റെ പേര്, വിലാസം, ഫോട്ടോ, ഫോൺ നമ്പർ, ഇ- മെയിൽ അഡ്രസ്സ് എന്നിവ ലഭിക്കും. ആധാറുമായി ബന്ധിപ്പിച്ച വിവരങ്ങൾ ഈവിധം ചോർത്തിയെടുക്കാൻ എളുപ്പമാണെന്നാണ് പുറത്തു വരുന്ന വാർത്തകൾ. ഇ- സേവനങ്ങൾ ഗ്രാമങ്ങളിലെത്തിക്കാൻ കേന്ദ്ര സർക്കാർ ആരംഭിച്ച Common Service Cenres Scheme പദ്ധതിയുടെ ഭാഗമായി ആധാർ വിവരശേഖരണത്തിനായി നിയോഗിച്ച മൂന്ന് ലക്ഷത്തോളം വരുന്ന ഓപ്പറേറ്റർമാരിൽ ഒരു വിഭാഗമാണ് വാട്സ് അപ്പ് കൂട്ടായ്മയുണ്ടാക്കി ആധാറിന്റെ ഓൺലൈൻ വിൽപ്പന നടത്തുന്നതത്രേ. വാർത്ത നിഷേധിച്ച കേന്ദ്ര സർക്കാർ വാർത്ത പുറത്തുവിട്ട ലേഖിക രചന ഖൈറയേയും സഹായികളേയും കുറ്റവാളികളായി പ്രഖ്യാപിക്കുകയാണുണ്ടായത്. ക്രൈം ബ്രാഞ്ചിന്റെ സൈബർസെൽ അവർക്കെതിരെ FIR റജിസ്റ്റർ ചെയ്തിരിക്കുന്നു. അമേരിക്കൻ ചാര സംഘടനയായ CIA ആധാർ വിവരങ്ങൾ ചോർത്തിയിരിക്കാമെന്ന് കഴിഞ്ഞ വർഷം വിക്കിലീക്സ് വെളിപ്പെടുത്തിയിരുന്നു. അമേരിക്കൻ കമ്പനിയായ ക്രോസ്മാച്ചിന്റെ സഹായത്തോടെ വിവരങ്ങൾ ചോർത്തിയിരിക്കാമെന്നാണ് സംശയം. എന്നാൽ UIDAI (Unique Identification Authority of India ) അത് നിഷേധിച്ചു. ആധാർ വിവരങ്ങൾ ശക്തമായ എൻക്രിപ്ഷനുകൾ വഴി സൂക്ഷിച്ചിരിക്കുകയാണെന്നും നിരന്തര നിരീക്ഷണത്തിലാണെന്നും അവർ പറയുന്നു. പുറത്തു വന്ന വാർത്തകളുടെ കൃത്യത ഇനിയും വെളിപ്പെടേണ്ടതാണ്. 'ദി ട്രിബ്യൂണൽ' പത്രത്തിലെ ലേഖിക ഇത്തരമൊരു വിവരം പുറത്തു വിട്ടത് ഒരു തമാശയായി കാണുക പ്രയാസമാണ്. ഞെട്ടിക്കുന്ന കൂടുതൽ വാർത്തകൾ വരും ദിവസങ്ങളിൽ പുറത്തുവിടുമെന്ന് അവർ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇത് ഭരണകൂടത്തിന്റെ ഒരു ആഭ്യന്തര വിഷയം മാത്രമല്ല. ഓരോ ഇന്ത്യൻ പൗരന്റേയും മൗലികാവകാശത്തിന്റെ പ്രശ്നം കൂടിയാണ്. സ്വകാര്യതകൾ വില്പനക്ക് വെക്കുന്നത് സ്വാതന്ത്ര്യനിഷേധമാണ്. പൗരനും ഭരണകൂടവും തമ്മിലുള്ള പരസ്പര വിശ്വാസത്തിന്റെ ലംഘനമാണ്. ആശങ്കകൾ വസ്തുനിഷ്ഠമായി സമർത്ഥിക്കുമ്പോഴും എല്ലാം ഭദ്രമെന്ന് ന്യായീകരിച്ചുകൊണ്ടിരുന്ന ആധാർ അതോറിറ്റിക്ക് ഒടുവിൽ ചില സത്യങ്ങൾ അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. ആധാർ വിവരങ്ങൾ പരസ്യപ്പെടുത്തുവാനുള്ള സാധ്യത അവരും അംഗീകരിച്ചിരിക്കുന്നു. അതൊഴിവാക്കുന്നതിനായി പുതിയ സുരക്ഷാ മാർഗ്ഗങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു. ഓരോ പൗരനും ആധാർ വിവരങ്ങൾ കൈമാറേണ്ട സാഹചര്യത്തിൽ Virtual ID ഉപയോഗിച്ച് ആവശ്യമായ വിവരങ്ങൾ മാത്രം കൈമാറുകയാണ് പുതിയ രീതി. ആധുനിക സാങ്കേതിക സാധ്യതകൾ ഉപയോഗപ്പെടുത്തി സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമാകുന്ന പുതിയ കാലത്ത് ഇതെല്ലാം എത്രമാത്രം സുരക്ഷിതമാകും എന്ന് കണ്ടറിയുക തന്നെ വേണം. പൗരന്മാരുടെ സ്വകാര്യ വിവരങ്ങൾ നിയമപരമായും നിർബന്ധമായും ഭരണകൂടത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. അവ ദുരുപയോഗിക്കില്ലെന്ന അധികാരികളുടെ ഉറപ്പ് തൽക്കാലം നമുക്ക് വിശ്വസിക്കാം. ജനാധിപത്യത്തിൽ ഇത്തരം വിശ്വാസങ്ങൾ അനിവാര്യവുമാണ്.



**കെ.രാധാകൃഷ്ണൻ**
**മുൻ നിയമസഭ സ്പീക്കർ**



# പോരാട്ടങ്ങളും പ്രതിരോധങ്ങളും ശക്തിപ്പെടുത്തണം

കേരള പി എസ് സി എംപ്ളോയീസ് യൂണിയന്റെ നാല്പത്തിനാലാമത് സംസ്ഥാനസമ്മേളനത്തിന് എല്ലാ വിധ വിജയങ്ങളും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളുടെ സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ഏരെ അഭിമാനത്തോടുകൂടിയാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. കേരളത്തിലെ പിഎസ്സി ജീവനക്കാരിൽ ഏറ്റവും വലിയ സംഘടനയാണ് കേരള പി എസ് സി എംപ്ളോയീസ് യൂണിയൻ എന്നുള്ളത് ഇവിടെ സംസ്ഥാന പ്രസിഡണ്ട് തന്നെ സൂചിപ്പിക്കുകയുണ്ടായി. 25 പ്രവർത്തകരെ വെച്ച് ആരംഭിച്ച ഈ സംഘടന 44-ാം സമ്മേളനം നടക്കുമ്പോഴേക്കും പി എസ് സി ഇ യു മഹാഭൂരിപക്ഷത്തിന്റേയും സംഘടനയായി മാറിയിട്ടുണ്ട്. 45-ാം സമ്മേളനമാകുമ്പോഴേക്കും അതിനേക്കാൾ വലിയ സംഘടനയായിട്ട് നിങ്ങൾക്ക് മാറാൻ കഴിയട്ടെ എന്ന് ആശംസിക്കുകയാണ്. തീർച്ചയായിട്ടും പി എസ് സി എംപ്ലോയീസ് യൂണിയനെ സംബന്ധിച്ചിടത്തോളം അവരുടെ സമ്മേളനം പ്രധാനപ്പെട്ട ഒന്നാണ്. കഴിഞ്ഞ സമ്മേളനത്തിനുശേഷം ഈ സമ്മേളനം നടക്കുന്നതുവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഏറ്റവും ശരിയായ രീതിയിൽ വിലയിരുത്തൽ നടത്തുകയും ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സമ്മേളനത്തിൽ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ എത്രമാത്രം നിറവേറ്റിയിട്ടുണ്ടെന്നും നാം എന്തൊക്കെ നേട്ടങ്ങൾ നേടിയിട്ടുണ്ടെന്നും ഒക്കെ ചർച്ച ചെയ്യപ്പെടുവാൻ പോകുകയാണ്. അങ്ങിനെ സംഘടന നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഏറ്റവും സമഗ്രമായിട്ടുള്ള ഒരു വിലയിരുത്തൽ തന്നെയായിരിക്കും ഈ സമ്മേളനത്തിൽ നിങ്ങൾ നടത്താൻ വേണ്ടി പോകുന്നത്. അങ്ങനെ പി എസ് സി എംപ്ലോയീസ് യൂണിയന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി നമ്മുടെ കേരളത്തിലെ സർവ്വീസ് മേഖലയിലെ ജീവനക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി നിങ്ങൾ നടത്തിയ പ്രവർത്തനങ്ങളെല്ലാം തന്നെ ഏറ്റവും നല്ല രീതിയിൽ ചർച്ച ചെയ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുകയും ഭാവിയിൽ കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ നമ്മുക്ക് നടത്താനും കഴിയുന്ന സ്ഥിതിയുണ്ടാകേണ്ടതുണ്ട്.

ഈ സമ്മേളനം നടക്കുന്ന കാലഘട്ടം എന്നു പറയുന്നത് ഏതൊരു മനുഷ്യനെ സംബന്ധിച്ചിടത്തോളവും പ്രയാസം നിറഞ്ഞ കാലഘട്ടമാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്. ഞങ്ങൾ സാധാരണ എല്ലാം പറയാറുള്ള ഒരുകാര്യം തന്നെയാണ് ഏറ്റവും പ്രതിസന്ധി

നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അക്ഷരാർത്ഥത്തിൽ നമ്മുടെ നാടും ജനങ്ങളും എല്ലാം തന്നെ വൻദുരന്തങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്ന പ്രത്യേകസന്ദർഭത്തിലാണ് പി എസ് സി എംപ്ലോയീസ് യൂണിയന്റെ 44-ാം മത് സമ്മേളനം നടക്കുന്നത്. ഇന്നലെവരെ ഉണ്ടായിരുന്ന സാമൂഹിക അന്തരീക്ഷത്തിൽ തന്നെ വലിയ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിവേഗത്തിലാണ് നമ്മുടെ രാജ്യത്ത് മനുഷ്യന് ദോഷം ചെയ്യുന്ന മാറ്റങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നത്. നമ്മളെല്ലാം മാറ്റത്തിനു വേണ്ടി നിലകൊള്ളുന്ന ആളുകളാണ്. ആ മാറ്റം എന്ന് പറയുന്നത് ഇന്നുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട സാമൂഹികാന്തരീക്ഷം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഇന്നുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട മാറ്റത്തിലേക്ക് നമ്മുടെ സമൂഹം മാറണം .അതെല്ലാമേഖലയിലും ആ മാറ്റം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷെ ഇന്നത്തെ നമ്മുടെ ഇന്ത്യൻ അന്തരീക്ഷം നല്ലതിലേക്കുള്ളമാറ്റമല്ല. തിരിച്ചുപോകലിന്റെ മാറ്റമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. അതാണ് ഏറ്റവും പ്രതിസന്ധി നിറഞ്ഞ കാലഘട്ടമെന്ന് നാം വിശേഷിപ്പിക്കുന്നത്. മനുഷ്യന് ഗുണം ചെയ്യുന്ന യാതൊരു നല്ല കാര്യവും ഈ കഴിഞ്ഞ മൂന്നുവർഷക്കാലം പിന്നിട്ട ബി ജെ പി ഗവണ്മെന്റ് ചെയ്തില്ല. പറഞ്ഞതെല്ലാം നല്ല കാര്യങ്ങളായിരുന്നു. അധികാരത്തിൽ വരാൻ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ഞാൻ ആവർത്തിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്തെല്ലാമണോ ജനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ആ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ വേണ്ടി ബിജെപി അധികാരത്തിൽ വന്നാൽ ശ്രമിക്കും എന്നാണ് പറഞ്ഞത്. എന്നാൽ ഈ പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യാൻ വേണ്ടിയുള്ള ഒരുത്തരവാദിത്വവും കാണിക്കാത്ത ഗവണ്മെന്റാണ് നരേന്ദ്രമോദിയുടെ നേതൃത്ത്വത്തിലുള്ള ബിജെപി ഗവണ്മെന്റ്. പറഞ്ഞ കാര്യങ്ങൾ അവർ ചെയ്യുന്നില്ല എന്ന് മാത്രമല്ല പറയാത്തകാര്യങ്ങളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. ആ പറയാത്ത കാര്യങ്ങൾ നല്ലതാണെങ്കിൽ നമ്മുക്ക് അംഗീകരിക്കാമായിരുന്നു. ആ പറയാത്ത കാര്യങ്ങൾ ചെയ്യുന്നത് ഭൂരിപക്ഷം ജനങ്ങൾക്കും ഗുണം ചെയ്യുന്നതാണോ എന്ന പരിശോധിക്കുമ്പോഴാണ് ഭൂരിപക്ഷം ജനങ്ങൾക്കും ഗുണം ചെയ്യുന്നതല്ല ചെയ്തുകൊണ്ടിരിക്കുന്നത് എന്ന വിലയിരുത്തുന്നത്. അതിനെതിരായികൊണ്ടുള്ള വലിയ പോരാട്ടം ഉയർത്തിയെടുക്കേണ്ട ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. നിങ്ങളെല്ലാം ശ്രദ്ധിച്ചുകാണും എന്നാണ് ഞാൻ കരുതുന്നത്.ഈ കഴിഞ്ഞ ജൂൺ 14 മുതൽ 18 വരെയുള്ള തീയ്യതികളിലായി ഗോവയിൽ വെച്ച് ഹിന്ദുരാഷ്ടം സ്ഥാപിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് നൂറോളം ഹിന്ദുസംഘടനകൾ ഒത്തുചേരുകയുണ്ടായി. ആ നൂറോളം സംഘടനകൾ ഒത്തുചേർന്നുകൊണ്ട് അവർ തീരുമാനിച്ചത് 2023 ആകുമ്പോഴേക്കും നമ്മുടെ രാജ്യം ഹിന്ദുരാഷ്ട്രമായി മാറ്റണം എന്നാണ്. അങ്ങിനെ 2023 എന്നുള്ള ഒരു ടാർജറ്റ് ഉണ്ടാക്കി. അങ്ങിനെ ഹിന്ദുരാഷ്ട്രമാക്കി മാറ്റുക എന്നുള്ളത് മാത്രമല്ല ലക്ഷ്യം. അങ്ങിനെ ഹിന്ദുരാഷ്ട്രമായി മാറുന്നതോടുകൂടി നമ്മുടെ രാജ്യം ഒരു മതേതരരാഷ്ട്രമായി മാറി എന്നു പറയാൻ പറ്റാത്ത ഒരു സാഹചര്യമുണ്ടാകും. അവർ കൃത്യമായി പറഞ്ഞു 2023- ൽ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമായി മാറി

**ഇന്നുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട മാറ്റത്തിലേക്ക് നമ്മുടെ സമൂഹം മാറണം .അതെല്ലാമേഖലയിലും ആ മാറ്റം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷെ ഇന്നത്തെ നമ്മുടെ ഇന്ത്യൻ അന്തരീക്ഷം നല്ലതിലേക്കുള്ളമാറ്റമല്ല. തിരിച്ചുപോകലിന്റെ മാറ്റമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. അതാണ് ഏറ്റവും പ്രതിസന്ധി നിറഞ്ഞ കാലഘട്ടമെന്ന് നാം വിശേഷിപ്പിക്കുന്നത്.**

കഴിഞ്ഞാൽ പിന്നെ ആരെങ്കിലും മതേതരത്വത്തെക്കുറിച്ച് പറയുവാൻ വേണ്ടി തയ്യാറായി മുന്നോട്ടുവരികയാണെങ്കിൽ പണ്ട് പറഞ്ഞുവല്ലോ. അക്ഷരം പഠിച്ചവന്റെ നാവ് അരിഞ്ഞുകളയണം കേൾക്കാൻ വരുന്നവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം എന്ന് പറഞ്ഞപോലെ തന്നെ 2023 ന് ശേഷം ആരെങ്കിലും ഇവിടെ മതേതരത്ത്വത്തെക്കുറിച്ച് പറയാൻ തയ്യാറാകുകയാണെങ്കിൽ അവനെ പരസ്യമായി കെട്ടിത്തൂക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മതേതരത്വം എന്ന വാക്ക് ഉച്ചരിച്ചു കഴിഞ്ഞാൽ അവരെ പൊതുസ്ഥലത്ത് പരസ്യമായി കെട്ടിത്തൂക്കണം. പണ്ട് താലിബാൻ ചെയ്തത് അതാണ്, അഫ്ഗാനിസ്ഥാൻ പ്രസിഡണ്ടായിരുന്ന നജീബുള്ളയെ അവർ കൊന്ന് പരസ്യമായി ഇലക്ട്രിക് പോസ്റ്റിലാണ് കെട്ടിതൂക്കിയത്. താലിബാൻ രീതിയിലുള്ള ഒരു സ്ഥിതി നമ്മുടെ രാജ്യത്ത് ഉണ്ടാകും. അപ്പോൾ താലിബാനെ പോലുള്ള ഒരു ഭരണ സംവിധാനത്തിലേക്ക് നമ്മുടെ രാജ്യത്തെ മാറ്റണം. അതുകൊണ്ടാണ് പറഞ്ഞത് മതേതരത്ത്വത്തെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ പരസ്യമായി കൊന്ന് കെട്ടിത്തൂക്കണം. പിന്നെ രണ്ടാമത് പറഞ്ഞത് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. ആരെങ്കിലും ബീഫ് കഴിച്ചു എന്നറിഞ്ഞാൽ അവരേയും ഇതുപോലെ പരസ്യമായി തല്ലിക്കൊന്ന് കെട്ടിത്തൂക്കണം. പിന്നീട് അവർ പറഞ്ഞ ഒരുകാര്യം ആര്യന്മാരാണ് ശ്രേഷ്ഠൻ എന്ന് പറഞ്ഞ് പഠിപ്പിച്ചുകൊണ്ടായിരുന്നു. അതോടൊപ്പം തന്നെ ജാതിവ്യവസ്ഥ നല്ലതാണ് എന്ന് പറഞ്ഞു.അത് അനിവാര്യമാണ് എന്നും പറഞ്ഞു. അപ്പോൾ ജാതിവ്യവസ്ഥക്കെതിരെ ആരെങ്കിലും പറഞ്ഞാൽ അവരേയും പരസ്യമായി കെട്ടിത്തുക്കണം എന്ന സ്ഥിതിയുണ്ടാകണം . സാധാരണ ബൂർഷ്വാ പാർട്ടികൾ അധികാരത്തിൽ വരുമ്പോൾ അവർ ചില പരിഷ്കാരങ്ങൾ വരുത്താറുണ്ട്. എന്നാൽ ആ ബൂർഷ്വാ പാർട്ടിയിൽ നിന്നെല്ലാം വ്യത്യസ്തമായി ബിജെപിയും ആർ എസ് എസും സംഘപരിവാറും നേതൃത്വം കൊടുക്കുന്ന ബിജെപി ഗവണ്മെന്റിന്റെ ലക്ഷ്യമതാണ്. നമ്മുടെ രാജ്യത്തെ ഹിന്ദുരാഷ്ട്രമാക്കി മാറ്റുമ്പോൾ പാവപ്പെട്ടവർക്കൊന്നും സ്ഥാനമില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവണ് ജാതിവ്യവസ്ഥ.

തിരിച്ചുകൊണ്ടുവരിക. എന്നത്. നമ്മുടെ സേവനവേതനവ്യവസ്ഥകളെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യുന്നതിനോടൊപ്പം തന്നെ അതിനേക്കാൾ ഗുരുതരമായ അവസ്ഥയാണ് രാജ്യത്ത് നിലനിൽക്കുന്നത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടുപോകാൻ വേണ്ടി നമ്മൾ തയ്യാറാകേണ്ടതുണ്ട്. മറ്റൊരുകാര്യം നമ്മൾ കണ്ടുവരുന്നത് ചില പ്രതിഷേധങ്ങൾ ഉയർന്നുവരുമ്പോൾ ആ പ്രതിഷേധങ്ങളെയൊക്കെ എങ്ങിനെയാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ജനാധിപത്യസംവിധാനം നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. ജനാധിപത്യവ്യവസ്ഥയിൽ നമ്മുക്ക് നമ്മുടേതായ അഭിപ്രായങ്ങൾ പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. സമരം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. അങ്ങിനെ ജനാധിപത്യവ്യവസ്ഥയിൽ നിലനിൽക്കുന്ന നമ്മുടെ അവകാശങ്ങൾ പതുക്കെ പതുക്കെ ഇപ്പോൾ കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുക്കറിയാം അടിയന്തിരാവസ്ഥയുടെ 44–മത് വർഷം പിന്നിട്ടിരിക്കുകയാണ്. ആ അടിയന്തിരാവസ്ഥയിലൊക്കെതന്നെ ദുരാനുഭവം എന്താണെന്ന് തിരിച്ചറിഞ്ഞ ആളുകളാണ് കുറെയെല്ലാം. മുൻകാല പ്രവർത്തകർക്കും അറിയാം ഇത്. അടിയന്താരാവസ്ഥ നേരിട്ട സാഹചര്യത്തിൽ കേരളത്തിലേയും ഇന്ത്യയിലേയും സ്ഥിതി എന്താണ് എന്നൊക്കെ അവർക്ക് അറിയാം. പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം വേണ്ടത്ര അറിഞ്ഞെന്നുവരില്ല. ആ അടിയന്തിരാവസ്ഥയേക്കാൾ ഭീകരമായ ഒരു അവസ്ഥയിലേക്ക് നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുന്നു. അതിന്റെ മുന്നറിയിപ്പുകൾ വന്നുകൊണ്ടിരിക്കുന്നു. അപ്പോൾ ഇവിടെ പരിമിതമായിട്ടുള്ള ജനാധിപത്യഅവകാശങ്ങളും പൗരാവകാശങ്ങളും ഒക്കെതന്നെ നിഷേധിക്കുവാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് രാജ്യത്ത് കാണുവാൻ കഴിയുന്നത്. അതായത് ഫാസിസ്റ്റ് ഭരണമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത് എന്നാണ്. അതായത് പടിപടിയായി നമ്മുടെ ഗവണ്മെന്റ് ഫാസിസത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് എന്ന് കണ്ടുകൊണ്ടാണ് അമർത്യാസെന്നിനെപോലുള്ളവർ പറഞ്ഞത്. അങ്ങിനെ പറയുന്ന ആളുകളെ എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നത് എന്നുള്ളത് നമ്മൾ കാണുകയുണ്ടായി. ബിജെപി ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ആ ഗവണ്മെന്റുനിലപാടുകൾക്ക് എതിരായിക്കൊണ്ടോ, അല്ലെങ്കിൽ ആ ഗവണ്മെന്റ് പ്രതിനിധാനം ചെയ്യുന്ന കാഴ്ചപ്പാടുകൾക്ക് എതിരായിക്കൊണ്ടോ ആരെങ്കിലും പ്രതികരിക്കാൻ മുന്നോട്ടുവന്നാൽ അവർക്കുകൊടുക്കുന്ന ശിക്ഷ എന്താണെന്ന് നമ്മൾ കാണുകയുണ്ടായി. അതാണ് ഡോ.കൽബുർഗിയുടെ കാര്യത്തിൽ ഉണ്ടായത്. നരേന്ദ്രദാബോൽക്കറുടെ കാര്യത്തിൽ അതാണ് ഉണ്ടായത്. ഗോവിന്ദ് പൻസാരെയുടെ കാര്യത്തിൽ അതാണ് ഉണ്ടായത്. ഞാൻ ഈയിടെ മധുരയിൽ പോയിരുന്നു. അവിടെ അൺടച്ചബിലിറ്റി ഇറാഡിക്കേഷന്റെ ആഭിമുഖ്യത്തിൽ പരിപാടി നടക്കുന്നു. അവർ പെരുമാൾ മുരുകനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പെരുമാൾ മുരുകൻ എന്നു പറയുന്നത് വലിയൊരു എഴുത്തുകാരനാണ്. ആ എഴുത്തുകാരൻ പറഞ്ഞത് ജാതിവ്യവസ്ഥയുടെ ദുരിതങ്ങളെക്കുറിച്ചും മറ്റ് സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുമാണ്. ആ പെരുമാൾ മുരുകൻ എന്ന എഴുത്തുകാരനോട് പറഞ്ഞത് ഇനി നിങ്ങൾ എഴുതിക്കഴിഞ്ഞാൽ നിങ്ങളുടെ കൈവെട്ടിക്കളയു

**അടിയന്താരാവസ്ഥ നേരിട്ട സാഹചര്യത്തിൽ കേരളത്തിലേയും ഇന്ത്യയിലേയും സ്ഥിതി എന്താണ് എന്നൊക്കെ അവർക്ക് അറിയാം. പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം വേണ്ടത്ര അറിഞ്ഞെന്നുവരില്ല. ആ അടിയന്തിരാവസ്ഥയേക്കാൾ ഭീകരമായ ഒരു അവസ്ഥയിലേക്ക് നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുന്നു.**

മെന്ന് പറഞ്ഞു. അതുപോലെതന്നെയാണ് സഖാവ് പിണറായി വിജയന്റെ തലയെടുക്കുന്ന ആൾക്ക് ഒരു കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞത്. ഇപ്പോൾ ആ രീതിയിലുള്ള ഭീഷണികൾ ഉയർന്നുവരികയാണ്. ആർക്കും പറയാവുന്നതാണ് തലയെടുക്കാമെന്നും കൈവെട്ടാമെന്നുമൊക്കെ. അത് ഏത് വിഡ്ഢിക്കും പറയാം. നിലവിലുള്ള സാമൂഹികവ്യവസ്ഥ മാറ്റിയെടുക്കുവാൻ വേണ്ടി തല കൊടുക്കാൻ ഞാൻ തയ്യാറാണ് എന്നു പറഞ്ഞാൽ അതാണ് ഏറ്റവും മഹത്തരം എന്നുള്ളത് നാം തിരിച്ചറിയേണ്ടതുണ്ട്. ഈ നിലവിലുള്ള സാമൂഹികവ്യവസ്ഥക്ക് എതിരായിക്കൊണ്ട് എന്റെ തല പോകുകയാണെങ്കിൽ പോകട്ടെ എന്ന് പറയുന്ന ഒരു അവസ്ഥയുണ്ടാകണം. അതിൽ വിശ്വസിക്കുന്നവരായിക്കൊണ്ട് മാറാൻ നമ്മുക്ക് സാധിക്കണം. തലയെടുക്കും എന്ന ഭീഷണിക്കുമുമ്പിൽ കീഴടങ്ങാൻ പാടില്ല എന്ന ഒരു സാമൂഹികാന്തരീക്ഷം നമ്മുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം. നമ്മുടെ രാജ്യം അതീവഗുരുതരാവസ്ഥയിലാണ്. അവിടെ നിലവിലുള്ള സ്വാന്ത്യങ്ങളെല്ലാം തന്നെ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. അത് ഓരോ രംഗത്തും നമ്മുക്ക് കാണാൻ കഴിയും. നമ്മൾ ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചും വസ്ത്രധാരണത്തെക്കുറിച്ചുമൊക്കെ ബീഫ് കഴിക്കാൻ പാടില്ല എന്ന് പറയുന്നത് ഭക്ഷണത്തിലേക്കുള്ള കടന്നുകയറ്റമാണ്. ഇപ്പോൾ വസ്ത്രത്തിലേക്കും കടക്കുകയാണ്. അടുത്ത ദിവസം പറയും ആണുങ്ങൾ കുർത്തയും പൈജാമയും ഇടണമെന്ന്. പൈജാമയും കുർത്തയും ഇടണം ഇല്ലെങ്കിൽ കൊല്ലും എന്ന് പറഞ്ഞാൽ ഞാൻ ഇടില്ല. ഉറപ്പാണ്. എനിക്ക് പറ്റില്ല. നിങ്ങളും അങ്ങിനെയല്ലെ തീരുമാനിക്കുക നമ്മൾ ഇന്നത് ചെയ്താൽ കൊല്ലും എന്ന് പറഞ്ഞാൽ നമ്മൾ അത് തന്നെയാണ് ചെയ്യുക. ഞാൻ ബിരിയാണി ജീവിതത്തിൽ ഇന്നുവരെ കഴിച്ചിട്ടില്ല. ബിരിയാണി കഴിച്ചില്ലെങ്കിൽ കൊല്ലും എന്ന് പറഞ്ഞാൽ ബിരിയാണി കഴിക്കാൻ പറ്റുന്ന സ്ഥിതിയിലേക്ക് എത്താൻ നമ്മുക്ക് കഴിയണം. പൈജാമയും കുർത്തയും ഇട്ടില്ലെങ്കിൽ കൊല്ലും എന്ന് പറഞ്ഞാൽ നമ്മൾ മുണ്ടും ഷർട്ടും തന്നെ ഉപയോഗിക്കണം. നമ്മുടെ അമ്മമാരും പെങ്ങമ്മാരും സാരി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് പറഞ്ഞിട്ടുണ്ടോ . ഇനി എങ്ങിനെ നടക്കണം എന്ന് നടക്കണം എന്ന് തീരുമാനിക്കുന്നത് നമ്മളായിരിക്കില്ല. അപ്പോൾ ഗുരുതരമായ പ്രതിസന്ധി നമ്മുടെ

രാജ്യം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ബിജെപി ഗവണ്മെന്റിന്റെ പിന്നിട്ട മൂന്ന് വർഷക്കാലം കൊണ്ട് അത് ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ദ്രോഹമാണ് ദോഷമാണ് എന്ന് തിരിച്ചറിയുവാൻ വേണ്ടി കഴിയണം . അത് നമ്മുടെ സർവ്വീസ് സെക്ടറിലേക്കും അതിന്റെ ദോഷങ്ങൾ കടന്നുവരികയാണ്. എല്ലാ മേഖലയിലേക്കും അതിന്റെ ദോഷങ്ങൾ കടന്നുവരികയാണ്. ആ ദോഷങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അതിനെതിരായി പൊരുതേണ്ട ഉത്തരവാദിത്വം കൂടി നമുക്കുണ്ട് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് പോകാൻ നമ്മുക്ക് കഴിയണം. അതാണ് നമ്മുടെ രാജ്യം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ദുരന്തം.

സാർവ്വദേശീയരംഗത്തും ദേശീയരംഗത്തും വലിയ ദുരന്തങ്ങളെ നേരിട്ടുകൊണ്ട് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെല്ലാം തന്നെ വലിയ പോരാട്ടത്തിലേക്ക് വരികയാണ്. ആ പോരാട്ടത്തോടൊപ്പം തന്നെ സർവ്വീസ്സംഘടനാരംഗത്തുനിൽക്കുന്ന ആളുകളും അവരുടെയെല്ലാം പോരാട്ടം ശക്തിപ്പെടുത്താൻ വേണ്ടി കഴിയണം. അങ്ങിനെ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമാണ് ഈ ദുരന്തങ്ങളിൽ നിന്ന് ജനതയെ രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളു. നമ്മുക്ക് സംരക്ഷണം ല ിക്കുകയുള്ളു എന്ന് തിരിച്ചറിയാൻ കഴിയണം. നമ്മുക്ക് അറിയാം ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് ഇപ്പോൾ ഏകദേശം ആഗസ്ത് 25 ന് ഒന്നേക്കാൽ വർഷം ആകും . ഈ ഗവണ്മെന്റ് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നോരാന്നായി നടപ്പിലാക്കിയാണ് മുന്നോട്ടു പോകുന്നത്. ഇടതുപക്ഷഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഓരോ കാര്യങ്ങളുമെടുത്ത് പരിശോധിച്ചാൽ നമ്മുക്ക് കാണാൻ കഴിയുന്നതെന്താണ് 2016-ൽ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വേണ്ടി വിളിച്ച മുദ്രാവാക്യങ്ങളിൽ പറഞ്ഞ മുദ്രാവാക്യങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം കാണിക്കുന്ന ഒരു ഗവണ്മെന്റാണ് കേരളത്തിലെ ഇടതുപക്ഷമുന്നണി ഗവണ്മെന്റ് എന്ന് തെളിയിച്ചു. ബിജെപി , കോൺഗ്രസ്സ് ഗവണ്മെന്റുകളിൽ നിന്ന് വ്യത്യസ്തമായി ഉള്ള നിലപാടാണ് ഇടതുപക്ഷത്തിനുള്ളത്. തെരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇതാ ഈ കാര്യങ്ങൾ ചെയ്യാം.അത് ജീവനക്കാരോടു പറഞ്ഞു, സാധാരണക്കാരായ ജനങ്ങളോടു പറഞ്ഞു, കർഷകരോടു പറഞ്ഞു,കർഷകതൊഴിലാളികളോടു പറഞ്ഞു. നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മുന്നോട്ടുവെച്ചു. ആ വ്യത്യസ്ത കാര്യങ്ങൾ നടപ്പിലാക്കാൻ ഇച്ഛാശക്തായുള്ള ഒരു ഗവണ്മെന്റാണ് കേരളത്തിലെ ഇടതുപക്ഷഗവണ്മെന്റ് എന്ന് ഒരു വർഷത്തെ ഭരണം കൊണ്ട് തന്നെ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനർത്ഥം എല്ലാം ശരിയായി എന്നൊന്നും നമ്മൾ പറയുന്നില്ല. എൽ ഡി എഫ് വന്നാൽ എല്ലാം ശരിയാകും എന്ന് പറഞ്ഞിട്ട് ഇപ്പോൾ ശരിയായോ എന്ന് ചോദിക്കുന്ന ചില ആളുകളുണ്ട്. അടുത്തകാലത്ത് വാട്ട്സ്അപ്പിൽ ഒരു മെസ്സേജ് വന്നു.ഈ നായയുടെ വാൽ കുഴലിലിടുകയാണ്. കുഴലിൽ നിന്ന് വാൽ ഊരുകയാണ്. ഊരിക്കഴിഞ്ഞപ്പോഴും വാൽ നായയുടെ വാൽ വളഞ്ഞിരിക്കുകയാണ്.ഈ വളഞ്ഞിരിക്കുന്ന വാൽ കാണിച്ചുകൊണ്ട് ആളുകൾ ചോദിക്കുകയാണ് എൽ ഡി എഫ് വന്നാൽ എല്ലാം ശരിയാകും എന്ന് പറഞ്ഞിട്ട് ഈ വാൽ ഇപ്പോഴും വളഞ്ഞുതന്നെയാണല്ലോ ഇരിക്കുന്നത്. നായയുടെ വാൽ പന്തിരാണ്ടുകൊല്ലം കുഴലിലിട്ടാലും അത് വളഞ്ഞുതന്നെയിരിക്കുമെന്ന് നമ്മുടെ നാടൻ ചൊല്ലുണ്ട്. അത് ശരിയാകില്ല.അതുപോലെ ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അപ്പോൾ ഏറ്റവും ശരിയായ നിലപാട് ഇന്ത്യയിൽ നമ്മുടെ കേരളത്തിലെ ഇടതുപക്ഷഗവണ്മെന്റ് സ്വീകരിച്ചുപോവുകയാണ്. ഈ നല്ല കാര്യങ്ങൾ എല്ലാം ചെയ്യുമ്പോഴും ആ ഇടതുപക്ഷഗവണ്മെന്റിനെ ഏതുവിധേനയും അട്ടിമറിക്കാൻ വേണ്ടിയുള്ള അവസരം കാത്തിരിക്കുകയാണ് ഇവിടെ പിന്തിരിപ്പിൻ ശക്തികൾ . നാം ഒരു ഭാഗത്ത് സഖാവ് ഇ എം എസ് ഗവണ്മെന്റ് കൊണ്ടുവന്ന സാമൂഹ്യപരിഷ്കാരണങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ ഇവിടെ മറ്റു ചില ആളുകൾ അതിന്റെ ദോഷങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആ ദോഷങ്ങളെക്കുറിച്ച് പറയുന്നതെന്താണെന്ന് നമ്മുക്കറിയാം. 1957നുമുൻപ് നമ്മുടെ കേരളത്തിലെ കൃഷിക്കാർ എന്ന് പറഞ്ഞാൽ ജന്മികൾക്ക് പാട്ടം അളന്ന് നൽകാൻ വേണ്ടി മാത്രം വിധിക്കപ്പെട്ട ആളുകളായിരുന്നു. ആ ജന്മികൾക്ക് പാട്ടം അളക്കണമെങ്കിൽ വീട്ടിലെ എല്ലാ ആളുകളും പണിയെടുക്കണം. പണിയെടുത്ത് കിട്ടുന്ന മിച്ചം മുഴുവനും ജന്മികളുടെ അറകളിലേക്കാണ് പോയത്. അതുകൊണ്ടുതന്നെ നല്ലതിനെക്കുറിച്ച് ചിന്തിക്കാൻ പാവപ്പെട്ട കൃഷ്ക്കാരനു ചിന്തിക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. എന്തെങ്കിലും നല്ലതിനെക്കറിച്ചു ചിന്തിക്കാനുള്ള അവകാശം 1957 നു മുൻപ് കേരളത്തിലെ കൃഷിക്കാരനു ഉണ്ടായിരുന്നില്ല. ആ കർഷകൻ പണിയെടുത്തു തളരുക, അവശനാകുക , നല്ലകാര്യങ്ങൾ ഒന്നും ചിന്തിക്കാൻ പാടില്ല .അതുകൊണ്ടാണ് നല്ല വസ്ത്രം ആ പാവപ്പെട്ടവർക്കു ഉണ്ടായിരുന്നില്ല. സഖാവ് കൃഷ്ണപിള്ള പറയുന്നുണ്ട് 1932-ൽ കേരളത്തിലെ ബഹുഭൂരിപക്ഷകൃഷിക്കാരനും ഉടുതുണിക്ക് മറുതുണി ഉണ്ടായിരുന്നില്ല.അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നതാണ് കർഷകൻ പാടത്തുപണിയെടുക്കുന്നത് പിറന്നപടിയാണ് .അങ്ങിനെയെല്ലാം പണിയെടുത്ത് ഒരു

**സാർവ്വദേശീയരംഗത്തും ദേശീയരംഗത്തും വലിയ ദുരന്തങ്ങളെ നേരിട്ടുകൊണ്ട് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെല്ലാം തന്നെ വലിയ പോരാട്ടത്തിലേക്ക് വരികയാണ്. ആ പോരാട്ടത്തോടൊപ്പം തന്നെ സർവ്വീസ്സംഘടനാരംഗത്തുനിൽക്കുന്ന ആളുകളും അവരുടെയെല്ലാം പോരാട്ടം ശക്തിപ്പെടുത്താൻ വേണ്ടി കഴിയണം. അങ്ങിനെ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമാണ് ഈ ദുരന്തങ്ങളിൽ നിന്ന് ജനതയെ രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളൂ.**



നല്ല വസ്ത്രം ധരിക്കാൻ പോലും അവർക്കു കഴിഞ്ഞിട്ടില്ല. നല്ല ക്ഷണം കഴിക്കാൻ കഴിഞ്ഞിരുന്നില്ല. മക്കളെ പഠിപ്പിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല. നല്ല പാർപ്പിടത്തിൽ കഴിയാൻ അവർക്കു കഴിഞ്ഞിരുന്നില്ല. അങ്ങിനെയുണ്ടായിരുന്ന കർഷകർക്കാണ് കൃഷിഭൂമി 1957-ൽ അധികാരത്തിൽ വന്ന ഇ എം എസ് ഗവണ്മന്റ് കൊടുത്തത്. അങ്ങിനെ കൃഷിഭൂമി കൃഷിക്കാരനു കിട്ടിയതോടുകൂടി അവന്റെ ജീവിതം മെച്ചപ്പെട്ടു. ഒന്നോ രണ്ടോ കൃഷിക്കാരനല്ല ലക്ഷകണക്കിനു കൃഷിക്കാരാണ് കൃഷിഭൂമിയുടെ ഉടമകളായി മാറിയത്. അവർ പണിതുണ്ടാക്കുന്നത് അവരുടെ അറകളിലേക്ക് തന്നെ പോകാൻ തുടങ്ങി.മിച്ചം വന്നു.മിച്ചം വന്നു കഴിഞ്ഞപ്പോൾ അത് വിറ്റ് അവന് ആവശ്യമുള്ള കാര്യങ്ങൾ നിറവറ്റാൻ തയ്യാറായി. അതുകൊണ്ടാണ് പിന്നീട് നല്ല വസ്ത്രം ധരിക്കാൻ തുടങ്ങിയത്. നല്ല ക്ഷണം കഴിക്കാൻ തുടങ്ങിയത്. നല്ല പാർപ്പിടം ഉണ്ടാക്കാൻ കഴിഞ്ഞത്. അതുപോലെ തന്നെ മക്കളെ പഠിപ്പിച്ച് മിടുക്കരാക്കാൻ കഴിഞ്ഞത്. അങ്ങിനെയാണ് കേരളത്തിലെ സാമൂഹ്യപരിവർത്തനം ഉണ്ടായത്.അതുപോലെ എന്റെയെന്നു പറയാൻ ഞങ്ങടെയെന്നു പറയാൻ ഒരിഞ്ചുഭൂമി പോലും ഇല്ലാതിരുന്ന ലക്ഷകണക്കിന് പാവപ്പെട്ട കർഷകവർക്ഷം ഉണ്ടായിരുന്നു. ഇവിടെ നിങ്ങളെല്ലാം ഒരുപക്ഷേ ചരിത്രം പഠിച്ച ആളുകളായിരിക്കും .നമ്മുടെ കേരളത്തിന്റെ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ പറയുന്നു വിവിധ പ്രദേശങ്ങളിൽ നടന്ന സാമൂഹ്യ അസമത്വങ്ങളെ സംബന്ധിച്ച് .ആ അസമത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വന്തം അച്ഛനോ അമ്മയോ കുഞ്ഞോ മരിച്ചാൽ മറവു ചെയ്യാൻ പോലും ആറടി മണ്ണിന് അവകാശികളില്ലായിരുന്നു. പലപ്പോഴും മറവ് ചെയ്ത സ്ഥലങ്ങളിൽ നിന്നും ശവം മാന്തിക്കുന്ന അവസ്ഥ വരെ ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടാണ് ശവം മാന്തിച്ചത്. കാരണം മറവ് ചെയ്ത സ്ഥലം അവരുടേതല്ലായിരുന്നു. അതുകൊണ്ടാണ് മാന്തിച്ചത്. അതുകൊണ്ടാണ് അവർ നട്ടു നനച്ചുണ്ടാക്കി വിളവ് എടുക്കേണ്ട സമയത്ത് ജന്മികളുടെ ഗുണ്ടകൾ വന്ന് എല്ലാം വെട്ടികൊണ്ടുപോവുകയും കൊയ്തുകൊണ്ടുപോവുകയും ചെയ്തുകഴിയുമ്പോൾ കരയാൻ മാത്രം വിധിക്കപ്പെട്ടവരായി അവർ ജീവിച്ചത്. അതുകൊണ്ടാണ് ചങ്ങമ്പുഴ എന്ന് പറയുന്ന കവി 1937-ൽ വാഴക്കുല എന്ന കവിതയെഴുതാനുണ്ടായ സാഹചര്യം .ഇപ്പോൾ എന്ത് വാഴക്കുല.ഇപ്പോൾ വാഴക്കുലയെക്കുറിച്ച് പറഞ്ഞാൽ ആളുകൾ കളിയാക്കും. കാരണം 2014-ൽ ഇന്നസെന്റിന്റെ ഒരു തെരഞ്ഞെടുപ്പുയോഗം ഉദ്ഘാടനം ചെയ്യാനായി ഞാൻ കൊടുങ്ങല്ലൂരിൽ പോയി. ഇന്നസെന്റ് ആ യോഗത്തിൽ വന്നുകൊണ്ട് പറഞ്ഞു അതായത് പാവപ്പെട്ടവന്റെ കാര്യം പറഞ്ഞതാണ്. പണ്ട് ഓണത്തോടനുബന്ധിച്ച് അയ്യപ്പൻ എന്ന ആൾ പണിക്കാരൻ വീട്ടിൽ നല്ല ഒരു കൊല കൊണ്ടുവന്നുകൊടുത്തു. കൊല കൊടുത്തുകൊണ്ട് ഇന്നസെന്റിന്റെ അമ്മയോട് പറഞ്ഞു ഈ പഴം വേറെയാർക്കും കൊടുക്കരുത്. ഇതിൽ രാസവളവും മറ്റൊന്നുമില്ല. ഇത് ചാണകവും ചാരവും തോലും കൊണ്ട് മാത്രം ഉണ്ടാക്കിയതാണ്. അത് വലിയ കൊലയാണ്. അതുകൊണ്ട് വേറെയാർക്കും കൊടുക്കരുത്. ഇവിടെ കുട്ടികൾക്കുമാത്രം കൊടുത്താൽ മതിയെന്നു പറഞ്ഞു. അങ്ങിനെ കുട്ടികൾക്കുമാത്രം കൊടുത്താൽ മതിയെന്നു പറഞ്ഞിട്ട് അയ്യപ്പൻ പോകുന്ന സമയത്ത് ഇന്നസെന്റിന്റെ അമ്മ

അയ്യപ്പനെ തിരിച്ചുവിളിച്ചു എന്നിട്ട് പറഞ്ഞു നീ ഒരു കാര്യം ചെയ്യൂ ഇവിടെ ഇഷ്ടം പോലെ പഴം ഉണ്ട് അതുകൊണ്ട് നീ ഇത് കൊണ്ട് നിന്റെ കുട്ടികൾക്ക് കൊടുക്ക്.കുട്ടികൾക്ക് കൊടുക്കാൻ പറഞ്ഞപ്പോൾ അയ്യപ്പൻ പറഞ്ഞു ഞാൻ ഇന്നുവരെ എന്റെ കുട്ടികൾക്ക് നല്ലതൊന്നും കൊടുത്ത് ശീലിച്ചിട്ടില്ല.ഇനി ഇത് കൊടുത്ത് ശീലിപ്പിച്ചുകഴിഞ്ഞാൽ പിന്നെ നാളെയും നല്ലതിനുവേണ്ടി ആവശ്യപ്പെടും . അതുകൊണ്ട് മക്കൾക്ക് കൊടുക്കില്ല.അങ്ങിനെയും ഒരു കാലഘട്ടം ഉണ്ടായിരുന്നു. അപ്പോഴാണ് 1937 ലെ കവി നമ്മുക്ക് കാണിച്ചു തന്ന ചിത്രം ആ പുലയന്റെ മാടത്തിൻ മുറ്റത്ത് ഒരു വാഴ നട്ടതിനെ സംബന്ധിച്ച് അല്ലേ? ആ വാഴ നട്ട് ഇങ്ങിനെ ഇങ്ങിനെ വളർന്നുവരുന്നതിനെക്കുറിച്ച് ഇല വരുന്നതിനെക്കുറിച്ച് അതിങ്ങനെ വലുതായി വലുതായി അവസാനം കൊല വരുന്നതിനെ സംബന്ധിച്ചും, കായ ഇങ്ങിനെ മൂക്കുന്നതിനെ സംബന്ധിച്ചും മൂത്ത് പഴുത്ത് വരുമ്പോൾ പഴുത്ത് തിന്നുന്നതിനെക്കുറിച്ച് ആലോചിച്ച് കഴിഞ്ഞപ്പോൾ ഈ പാവങ്ങളുടെ വായിൽ വെള്ളം ഊറിക്കൊണ്ടിരിക്കുന്ന സമയത്താണ് ജന്മികളുടെ ഗുണ്ടകൾ ഈ വാഴക്കൊല മൂത്ത് പഴുക്കാറായി നിൽക്കുന്നത് കണ്ടത്. അതങ്ങിനെ പെട്ടെന്ന് തന്നെ വന്ന് വെട്ടിക്കൊണ്ടുപോയി. ആ വെട്ടിക്കൊണ്ടുപോകുന്ന സമയത്ത് പുലയന്റെ ഭാര്യയും മക്കളുമെല്ലാം തന്നെ വലിയ കരച്ചിലായി. കാരണം ഈ വർഷമെങ്കിലും ഒരു പഴം തിന്നാമല്ലോ എന്ന് ആഗ്രഹിച്ചിരിക്കുകയാണ്. അതാണ് വെട്ടിക്കൊണ്ടുപോയത്. അപ്പോൾ വെട്ടിക്കൊണ്ടുപോയപ്പോൾ അരുതേ വെട്ടരുതേ എന്ന് പറയാൻ കഴിഞ്ഞില്ല. കാരണം അത് ജന്മിയുടെ സ്ഥലം ആണ്. അതുകൊണ്ട് കരയാൻ മാത്രമാണ് അവരുടെ വിധി. അങ്ങിനെ കരഞ്ഞുകൊണ്ടേയിരിക്കുക. അപ്പോൾ കരയുമ്പോൾ എന്താണ് പുലയൻ അവസാനം പറഞ്ഞത് ഇനി കരയണ്ട മക്കളെ കല്പിച്ചു തമ്പുരാൻ ഇനി നമ്മുക്ക് വേറെ ഒരു വാഴ വെക്കാം. വച്ചാലും ഇതുതന്നെയായിരിക്കും ഗതികേട് അല്ലെ. വീണ്ടും വെട്ടികൊണ്ടുപോകും. പക്ഷേ 1957-ൽ സഖാവ് ഇ എം എസിന്റെ ഗവണ്മെന്റ് അധികാരത്തിൽ വന്നുകഴിഞ്ഞപ്പോൾ പിന്നെ പുലയന്റെ മാടത്തിന്റെ മുറ്റത്ത് വെച്ച വാഴ അതിന്റെ കൊല വെട്ടാൻ പിന്നെ ഒരു തമ്പുരാൻമാരും വന്നില്ല എന്നുള്ളത് കേരളത്തിന്റെ ചരിത്രമാണ്. അപ്പോൾ നമ്മുടെ കേരളം തുടർച്ചയായി ഇടതപക്ഷഗവണ്മെന്റ് അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് തന്നെയായിരുന്നുവെങ്കിൽ ഞാൻ വിചാരിച്ചുപോവുകയാണ് യൂറോപ്യൻ രാജ്യങ്ങളോടൊപ്പം നമ്മുടെ സ്ഥിതി എത്തുമായിരുന്നു. പക്ഷേ കഴിയില്ല ഈ നാറാണത്തു ഭ്രാന്തന്റെ കളിയാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. നാറാണത്ത് ഭ്രാന്തന്റെ പണി എന്ന് പറഞ്ഞാൽ കല്ല് ഉരുട്ടി മുകളിൽ കേറ്റും മുകളിലെത്തിയാൽ താഴേക്ക് ഇടും ഇതാണ് നമ്മൾ ഇവിടെ കാണുന്നത് 57 -ൽ ഗവണ്മെന്റ് വന്നു. കുറേ നല്ല കാര്യങ്ങൾ ചെയ്തു. 59-ൽ അത് പോയി. 60-ൽ വലതുപക്ഷഗവണ്മെന്റ് വന്നു. ഇടതുപക്ഷഗവണ്മെന്റ് ചെയ്ത നല്ലകാര്യങ്ങൾ എല്ലാം തകർത്തു. വീണ്ടും 67-ൽ ഇടതുപക്ഷമുന്നണി ഗവണ്മെന്റ് വന്നു. 69-ൽ ആ ഗവണ്മെന്റ് പോയി.പിന്നെ വന്നതു വലതുപക്ഷ ഗവണ്മെന്റാണ്. ആ ഗവണ്മെന്റ് എല്ലാം പോയി അവസാനം 80-ൽ ആണ് ഇടതുപക്ഷമുന്നണി വന്നത്. ആ ഗവണ്മെന്റ് രണ്ടുവർഷം തികയുമ്പോഴേക്കും വീണ്ടും താഴെ പോയി. പിന്നെ വന്നത് 87-ൽ ആണ്. 91-ൽ പോയി. പിന്നെ വന്നത് 96-ൽ ആണ്. അത് 2001-ൽ പോയി. പിന്നെ വന്നത് 2006-ൽ ആണ്. 2011-ൽ പോയി. ഇപ്പോൾ വീണ്ടും വന്നു.ആ പോക്കില്ലായിരുന്നുവെങ്കിൽ നമ്മുടെ കേരളം വലിയ രീതിയിൽ മുന്നേറുമായിരുന്നു.

പിഎസ്സി എംപ്ലോയീസ് യൂണിയൻ അവരുടെ സേവനകാര്യങ്ങളെ സംബന്ധിച്ചും മറ്റു കാര്യങ്ങളെ സംബന്ധിച്ചും നല്ലപോലെ സംസാരിച്ചു. പിഎസ്സി എന്ന് പറയുന്നത് എല്ലാവരുടേയും പ്രതീക്ഷയാണ് അല്ലെ. മറ്റേതുഡിപ്പാർട്ട്മെന്റിനേക്കാളും കൂടുതൽ പ്രതീക്ഷയാണ്. നിങ്ങളൊന്നുമല്ല ജോലി കൊടുക്കുന്നത് എങ്കിലും പിഎസ്സിക്കാരെക്കുറിച്ച് നാട്ടിലൊക്കെ വലിയ മതിപ്പാണ്. അന്നദാതാവ് എന്നൊക്കെ പറയുന്നതുപോലെ ജോലിദാതാക്കളാണ് നിങ്ങൾ . അപ്പോൾ അത് ഏറ്റവും പ്രതീക്ഷയോടുകൂടി നോക്കുന്ന കേരളസമൂഹത്തിലെ പ്രത്യേകിച്ചും യുവജനങ്ങൾ ഏറ്റവും പ്രതീക്ഷയോടുകൂടി നോക്കുന്ന ഒരു സർവ്വീസ് മേഖലയാണ് പിഎസ്സി. നമ്മുടെ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമന നിരോധന ഉത്തരവെല്ലാം എടുത്തുകളഞ്ഞു. എല്ലാ ഡിപ്പാർട്ട്മെന്റിലും ബാക്ക്‌ലോഗ് ഫിൽ ചെയ്യാൻ വേണ്ടിയുള്ള നിലപാട് സ്വീകരിച്ചു. നിയമനം കൂടുതൽ കൊടുക്കാൻ വേണ്ടിയുള്ള നിലപാട് സ്വീകരിച്ചു.

അപ്പോൾ പിഎസ്സി ജീവനക്കാർ ഏറ്റവും പ്രധാനപ്പെട്ടവരാണ്. നമ്മുടെ കേരളത്തിന്റെ തൊഴിൽ മേഖലയിൽ ഏറ്റവും വലിയ സംഭാവന ചെയ്യുന്ന ഒരു മേഖലയിൽ പ്രവർത്തിക്കുന്നവരാണ് നിങ്ങൾ. നിങ്ങളിൽ വലിയ പ്രതീക്ഷയാണുള്ളത്. ആ പ്രതീക്ഷക്ക് അനുസരിച്ചുകൊണ്ട് കൂടുതൽ ഉയർന്ന് പ്രവർത്തിക്കാൻ കഴിയണം. ഓരോരുത്തരും അവരവരുടേതായ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിച്ചുപോകാൻ കഴിയണം. ഓരോ സെക്ടറിലേയും ജനങ്ങൾ അവരുടെ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിച്ചുപോകുക എന്നുള്ള സ്ഥിതിയിലേക്ക് സാമൂഹിക ഉത്തരവാദിത്വം കൂടി നിറവേറ്റാൻ നമ്മുക്ക് കഴിയണം.

സംഘടനാപരമായിട്ടുള്ള ശേഷിയും കഴിവുമെല്ലാം വർദ്ധിപ്പിക്കണം. നമ്മുടെ ജീവനക്കാരുടെ താല്പര്യങ്ങൾ നമ്മൾക്കു സാധിക്കണം. അതോടൊപ്പം സാമൂഹികഉത്തരവാദിത്വം കൂടി നിറവേറ്റിപോകാൻ പിഎസ്സിഇയു വിന്റെ പ്രവർത്തകർക്ക് കഴിയട്ടെ. അതിനു കഴിയുന്ന രീതിയിലുള്ള തീരുമാനങ്ങളെടുക്കാൻ 44—ാം സംസ്ഥനസമ്മേളനത്തിന് കഴിയണം. കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ സമ്മേളനത്തിന് എല്ലാവിധത്തിലുള്ള വിജയങ്ങളും ഒരിക്കൽകൂടി നേർന്നുകൊണ്ട് നിങ്ങളുടെയൊക്കെ അനുവാദത്തോടുകൂടി 44—ാം സംസ്ഥാന സമ്മേളനം വളരെ സന്തോഷത്തോടുകൂടി ഉദ്ഘാടനം ചെയ്തതായി അറിയിച്ചുകൊണ്ട് ഒരിക്കൽ കൂടി നിങ്ങളെ ഊഷ്മളമായി അഭിവാദ്യം ചെയ്തുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

അഭിവാദ്യങ്ങൾ

*(പി.എസ്.സി.ഇ.യു. 44—ാം സംസ്ഥാന സമ്മേളനം 2017 ആഗസ്റ്റ് 13-ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ ഉദ്ഘാടനം ചെയ്തു കൊണ്ടുള്ള പ്രസംഗം)*

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**വിദ്യാഭ്യാസ വകുപ്പ്മന്ത്രി**




# കാര്യക്ഷമമായ സിവിൽ സർവ്വീസിൽ പിഎസ്സി യുടെ പങ്ക്

ഇവിടെ ഞാൻ ചുരുക്കി ഒന്നു രണ്ടുകാര്യം മാത്രമെ സൂചിപ്പിക്കുന്നുള്ളു. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് കാര്യക്ഷമമായ സിവിൽ സർവ്വീസിൽ പിഎസ്സി യുടെ പങ്ക്. കാര്യക്ഷമമായ സിവിൽ സർവ്വീസ് ഉണ്ടാവണം എങ്കിൽ അതിന് പരസ്പരപൂരകമായ ഒരു ആശയതലം ഉണ്ടാവണം. അതുമാത്രമല്ല ആ ആശയമണ്ഡലത്തിന് പൂരകമായ ആശയം ഉൾക്കൊള്ളുന്ന ജീവനക്കാരും ഉണ്ടാകണം. അതോടൊപ്പം പിഎസ്സിയുടെ പങ്ക് അവിടെ നിലനിൽക്കണം. അതോടൊപ്പം അതെല്ലാം പരസ്പരപൂരകമായി നടക്കുന്ന രീതിയിലുള്ള ഒരു സാമൂഹികരാഷ്ട്രീയ സാംസ്കാരിക അന്തരീക്ഷം സമൂഹത്തിലും ഉണ്ടാകണം. ഇത് ചേരുമ്പോഴാണ് കാര്യക്ഷമമായ സിവിൽ സർവ്വീസ് ഉണ്ടാകുക. ഇതെല്ലാം ലക്ഷ്യം വച്ച് കൊണ്ട് കേരളത്തിന്റെ വിദ്യഭ്യാസമേഖലയിൽ വലിയമാറ്റങ്ങൾ വന്നിരുന്നു. ഇപ്പോ ചിലകുറവുകൾ ഉണ്ട്. അത് പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വർഷങ്ങൾക്കു മുൻപ് കേരളത്തിൽ വിദ്യഭ്യാസം എന്നത് കുറേ പേരെ വിദ്യഭ്യാസമ്പന്നർ ആക്കുന്നതിനും ബഹുഭൂരിപക്ഷം പേരെ അവരുടെ അടിമയാക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. പഴയ വിദ്യഭ്യാസം അതാണ്. പാർശ്വവത്ക്കരിക്കപ്പെടുന്ന ഒരു വലിയ വിഭാഗം അതും വിദ്യഭ്യാസം എന്ന് തന്നെയാണെന്നാണ് പറിഞ്ഞിരുന്നത്. കോളോണിയൽ വിദ്യാഭ്യാസം വന്നു. പിന്നെ കോളളോനിയൽ ഫ്യൂഡൽ വിദ്യഭ്യാസത്തിന്റെ ഒരു സങ്കരം വന്നു. അതെല്ലാം ബഹുഭൂരിപക്ഷത്തെ യഥാർത്ഥ വിദ്യഭ്യാസലക്ഷ്യത്തിൽ എത്തിക്കുന്നതിന് പകരം ബഹുഭൂരിപക്ഷത്തെ പ്രാന്തവൽക്കരിക്കുകയാണ് ചെയ്തത് ഇതാണ് പഴയ ചരിത്രം. അന്ന് മനുഷ്യന്റെ മനസ്സിൽ പൊതുഇടങ്ങൾ സൃഷ്ടിക്കപ്പെട്ടിരുന്നില്ല.പുറത്തും പൊതു ഇടങ്ങൾ ഉണ്ടായിരുന്നില്ല. പുറത്ത് പൊതുഇടങ്ങൾ ഇല്ലാത്തതുകൊണ്ട് മനസ്സിനകത്തും പൊതു ഇടങ്ങൾ ഉണ്ടായിരുന്നില്ല. ഇതായിരുന്നു പണ്ടത്തെ പ്രശ്നം. അത് നവോത്ഥാനത്തിലൂടെ പരിഹരിക്കപ്പെട്ടു. അല്ലെങ്കിൽ കുറെയൊക്കെ പരിഹരിക്കപ്പെട്ടു. പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതാണ് നവോത്ഥാനം . അതിലൂടെ മനസ്സിൽ പൊതുഇടങ്ങൾ സൃഷ്ടിക്കപ്പെടാൻ തുടങ്ങി. മനസ്സിലെ ശൂന്യത അല്പാല്പമായി കുറഞ്ഞു മനസ്സ് പൊതുഇടങ്ങളുടെ വേദിയായി. പൊതുഇടങ്ങളുടെ മനസ്സായി മാറിയപ്പോൾ ആശയോദ്പാദനം മാറി. പുതിയ ആശയങ്ങൾ മനുഷ്യനേയും മനുഷ്യനെ മനസ്സിലാക്കുന്ന ആശയങ്ങളും ഉദ്പ്പാദിപ്പിക്കപ്പെട്ടു. അതാണ് നവോത്ഥാനം.അധമമായ ഒന്നിൽ നിന്ന് ഉത്തമമായ ഒന്നിലേക്കുള്ള മാറ്റത്തെയാണ് നവോത്ഥാനം എന്ന് പറയുന്നത്. ഇത് ചരിത്രം രണ്ടു മൂന്ന് വരികളിൽ പറഞ്ഞതാണ്.

ഇതെല്ലാം വാസ്തവത്തിൽ മാറ്റം കാര്യക്ഷമമായ ഒരു സിവിൽ സർവ്വീസ് ഒരുങ്ങുന്നതിനുള്ള ഭൂമികയായിരുന്നു. ഇത് കുറെക്കൂടി മൂർത്തമാക്കുന്നതിനു വേണ്ടിയിട്ടാണ് 1957–ൽ ആദ്യമായി ഭൂപരിഷ്കരണം നടപ്പിലാക്കിയത്. പൊതു ഇടങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഇടപെടലാണിത്. ചിലർക്ക് ഭൂമിയുണ്ട് ചിലർക്ക് ഭൂമിയില്ല എന്ന അവസ്ഥ മാറി ഭൂപരിഷ്കരണത്തിലൂടെ മനുഷ്യരെല്ലാം ഒന്നാണെന്ന തോന്നൽ ഉണ്ടാക്കുന്നത് പൊതു ഇടങ്ങൾ സൃഷ്ടിക്കാനുള്ള പാശ്ചാത്തലം ആണ്. ഒപ്പം പൊതുവിദ്യഭ്യാസസങ്കല്പവും മുന്നോട്ട് വെച്ചപ്പോൾ കേരളത്തിന്റെ വിദ്യഭ്യാസരംഗത്ത് വലിയ ഒരു ഉണർവ്വ് ഉണ്ടായി. അങ്ങിനെയാണ് പൊതുവിദ്യാലയം വളർന്നത് അങ്ങിനെയാണ് മതനിരപേക്ഷ ജനാധിപത്യ സംസ്കാരം ഉണ്ടായത്. ഇതൊരു പുതിയ ആശയോദ്പാദനമാണ്. ഉന്നതവിദ്യഭ്യാസം എന്ന് പറയുന്നത് കേവലം പഠനമേഖലയല്ല. ആശയോദ്പാദന മേഖലയാണ്. ആശയോദ്പാദനം എന്നത് സമൂഹത്തിൽഎല്ലാവരും ഒരുപോലെ പങ്കാളികളാകുമ്പോൾ ആ സമൂഹ

ത്തിന്റെ ആശയമായി ഉദ്പ്പാദിപ്പിക്കപ്പെടുകയാണ്. ഈ ആശയം മതനിരപേക്ഷജനാധിപത്യ സങ്കല്പം ആയിരുന്നു. ഇത് അമേരിക്കയിൽ മറ്റൊരു തരത്തിൽ യൂറോപ്പിൽ വേറൊരു തരത്തിൽ ഒക്കെ ഉണ്ടായിട്ടുണ്ട്. അമേരിക്കയിൽ വിദ്യഭ്യാസസ്ഥാപനങ്ങൾ ഇവിടെ വന്ന് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ വലുതാക്കാമെന്ന് ചില ചർച്ചകൾ ഒക്കെ പണ്ടു കേട്ടിട്ടുണ്ട്. ഇതൊക്കെ തെറ്റാണ്. നമ്മുടെ ഈ സംസ്ഥാനത്തിന്റെ ആവാസ വ്യവസ്ഥക്ക് ആശയോദ്പാദനത്തിനു മാത്രമെ ഈ ആവാസവ്യവസ്ഥയെ മുന്നോട്ട് നയിക്കാൻ പറ്റൂ. അമേരിക്കൻ ആവാസവ്യവസ്ഥയുടെ ആശയോദ്പാദനത്തിന് കേരളത്തിന്റെ ആവാസവ്യവസ്ഥയുടെ ആശയോദ്പാദനത്തിന് നിർണ്ണയിക്കാനോ ആ സമൂഹത്തെ മുന്നോട്ട് നയിക്കാനോ പറ്റില്ല. അതുകൊണ്ട് കേരളത്തിന്റെ ചരിത്രത്തിൽ ഫ്യൂഡൽ ആശയങ്ങളേയും കൊളോണിയൽ ആശയങ്ങളേയും തള്ളിക്കളഞ്ഞ് മനുഷ്യനെ മനുഷ്യനായിക്കാണുന്ന മതനിരപേക്ഷജനാധിപത്യ ആശയത്തെ ഉദ്പ്പാദിപ്പിക്കുന്നതാണ് പൊതുവിദ്യഭ്യാസം  പുതിയ ആശയോദ്പാദനമാണ്. ഈ ആശയോദ്പാദനത്തിന്റെ ഭൂമികയിലാണ് ഓരോരുത്തരും പ്രവർത്തിക്കുക. ഇങ്ങിനെയൊരു ആശയം ഉദ്പ്പാദിപ്പിക്കുന്ന ആശയമണ്ഡലത്തിലുള്ള മനുഷ്യർക്കും മതനിരപേക്ഷജനാധിപത്യസംസ്കാരം ഉണ്ടാകും.  അവർ പ്രകൃതിയെ പ്രകൃതിയായും മനുഷ്യനെ മനുഷ്യനായും കാണും. മനുഷ്യനും പ്രകൃതിയും തമ്മിൽ ചില സ്ഥൂല സൂഷ്മ ബന്ധങ്ങളുണ്ട്. മനുഷ്യനും മനുഷ്യനും തമ്മിൽ സ്ഥൂലസൂഷ്മ ബന്ധങ്ങളുണ്ട്. മനുഷ്യനും ഇതരജീവികളും തമ്മിൽ സ്ഥൂല സൂഷ്മ ബന്ധങ്ങളുണ്ട്. ഈ ബന്ധങ്ങളുടെ നൈതികത എന്ന് പറയുന്നത് എന്താണെന്ന് തിരിച്ചറിയുന്നവരെയാണ് മതനിരപേക്ഷജനാധിപത്യബോധ്യം ഉള്ളവർ എന്ന് പറയുന്നത്. അവർ സിവിൽ സർവ്വീസിന്റെ ഏത്  മേഖലയിലായാലും അവരുടെ ആശയതലം മതനിരപേക്ഷജനാധിപത്യതലം ആണ്. അവിടെ കച്ചവടം ഇല്ല. അവിടെ മനുഷ്യവിരുദ്ധനീക്കങ്ങൾ ഇല്ല. ഒരു മനുഷ്യന്റെ ആശയമണ്ഡലമാണ്. ആ മനുഷ്യനെ തിരിച്ച് നയിക്കുന്നത്. അത് മതനിരപേക്ഷ ജനാധിപത്യ ഉദാത്തമായ ആശയമണ്ഡലമാണെങ്കിൽ ആ വ്യക്തിയുടെ മനസ്സ് അതനുസരിച്ച് പ്രവർത്തിക്കും. അവിടെയാണ് അതിന്റെ കാര്യക്ഷമതയുടെ ഉദ്പാദനത്തിന്റെ ഭൂമിക ഉണ്ടാവുന്നത്. ഇതിലൂടെയാണ് കേരളം കാര്യക്ഷമമായ സിവിൽ സർവ്വീസ് കെട്ടിപടുക്കാം എന്ന് ധരിച്ചത്. അല്ലെങ്കിൽ അങ്ങിനെ വിശ്വസിച്ചത്. കേരളത്തിന്റെ സംസ്കാരവും അങ്ങിനെയാകും എല്ലം അത്തരത്തിൽ ആകും അതുകൊണ്ട് കേരളത്തിന്റെ ഒരോ മേഖലയും ഈ ആശയോദ്പാദനത്തിന്റെ മേഖലയാകണം. സ്കൂളും, കോളേജും പിഎസ് സിയുമൊക്കെ  മതനിരപേക്ഷജനാധിപത്യ ആശയോദ്പാദനത്തിന്റെ  കേന്ദ്രം ആകണം. ഓരോ സ്ഥാപനം എന്തിനാ. എന്തിനാ കേരളവർമ്മ കോളേജ്. എന്തിനാ സെന്റ് തോമസ് കോളേജ്. എന്തിനാ സെന്റ് അലോഷ്യസ് കോളേജ്. എന്താനാ മോഡൽ ബോയ്സ് സ്കൂൾ. കുറേ പേരെ എഞ്ചീനിയർ ആക്കാനും കുറേ പേരെ ഡോക്ടർ ആക്കാനും ഇതാണ് സാധാരണ ഉത്തരം. അതൊക്കെ അതിന്റെ എത്രയോ താഴെ കിടക്കുന്ന ലക്ഷ്യങ്ങളാണ്. അതിനു മുകളിൽ ഒരു ലക്ഷ്യം ഉണ്ട്. വിദ്യഭ്യാസത്തിന്റെ നിർവ്വചനം . ഞാനേറ്റവും ഇഷ്ടപ്പെടുന്ന നിർവ്വചനം. നിർവ്വ



ചനം പറയാൻ തുടങ്ങിയാൽ 200 പേജിന്റെ നോട്ട്ബുക്ക് എടുത്ത് നിങ്ങൾ കുറിക്കാൻ തുടങ്ങിയാൽ 200 പേജ് കഴിഞ്ഞാലും തീരില്ല. അത് അത്തരത്തിലാണ് നിർവ്വചിച്ചിട്ടുള്ളത്. ഞാനേറ്റവും അധികം ഇഷ്ടപ്പെടുന്ന നിർവ്വചനം വിദ്യഭ്യാസം എന്നാൽ മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്ന പ്രക്രിയ. മനുഷ്യനെ എഞ്ചീനീയർ ആക്കിയും ഡോക്ടർ ആക്കിയും അല്ല. മനുഷ്യനെ മനുഷ്യൻ ആക്കി മാറ്റുകയാണ്. ആ ആശയം ഉദ്പ്പാദിപ്പിക്കപ്പെട്ടാൽ സിവിൽ സർവ്വീസ് കാര്യക്ഷമമായി. ഈ ആശയാന്തരീക്ഷത്തിൽ ഈ ആശയം ഉൾക്കൊള്ളുന്ന വ്യക്തി ഉദ്പ്പാദിപ്പിക്കപ്പെട്ടാൽ സിവിൽ സർവ്വീസ് ഉണ്ടായി. നിയമം ഉണ്ടായിട്ടും എന്താണ് അത് കർശനമായി നടപ്പാക്കുന്നില്ല എന്നാണ് പലരും ധരിച്ചുവെച്ചിരിക്കുന്നത്. അത് ഇതിന്റെ ഭാഗമായിച്ച് തന്നെ വന്നോളും. അത് ഉണ്ടായിക്കോട്ടെ. പക്ഷെ അതിന്റെ ആശയം എന്ന് പറയുന്നത് ദർശനം ആണ് . പ്രധാനം പരിപാടിയല്ല. പഞ്ചായത്തുകാരോട് പോദിക്കും പ്ലാൻ ഉണ്ടോ.  ഒരു 16 പരിപാടികൾ എടുത്ത്  തുന്നിച്ചേർത്തുവെച്ചിട്ടുണ്ട്. പ്ളാൻ .അത് പ്ലാൻ അല്ല. പരിപാടികൾ കൂട്ടിച്ചേർക്കലാണ്. പിഎസ് സി പരീക്ഷ നടത്തുന്നുണ്ടോ? എന്തിനാ പരീക്ഷ ഒരു പുതിയ ആശയം ഉദ്പ്പാദിപ്പിക്കാൻ എന്തിനാ പഠിപ്പിക്കുന്നത്. എന്തിനാ ഗവേഷണം നടത്തുന്നത്. എന്തിനാ പുസ്തകം എഴുതുന്നത്. എന്തിനാ ചിത്രം വരക്കുന്നത്. ഒരു പുതിയ ആശയം ഉദ്പ്പാദിപ്പിക്കാനാണ്. ഒരു പുതിയ കവിത ഒതു പുതിയ ആശയം നൽകാനാണ് സമൂഹത്തിൽ .ഒരു പുതിയ ചിത്രം എന്തിനാണത്. അത് ഒരു ആശയം ഉദ്പ്പാദിപ്പിക്കാനാണ്. എന്തിനാ ഒരു പരീക്ഷ അത് അങ്ങോട്ട് പിടികിട്ടുന്നില്ല. ഒരു ആശയം ഉദ്പ്പാദിപ്പിക്കാനാണ്. ഫ്യൂഡൽ കാലഘട്ടത്തിൽ ഒരു പരീക്ഷ നടത്തുന്നതുപോലെയാണോ.  മതനിരപേക്ഷജനാധിപത്യസംസ്കാരത്തിൽ ഒരു പരീക്ഷ നടത്തുന്നത്. നിങ്ങൾക്ക് അറിയില്ല എങ്കിൽ പറയുക അങ്ങിനെയല്ല എന്നതാണ് ഉത്തരം.പരീക്ഷക്ക് ഒരു ദർശനമുണ്ട്.പരീക്ഷ യാന്ത്രികമായി ഒരാൾക്ക് ഒരു മാർക്കിട്ടു കൊടുക്കുന്ന ഒരു പ്രകിയ അല്ല. അതിന് ഒരു ദർശനം ഉണ്ട്. ആ പരീക്ഷ കേവലം ഒരാളെ വിലയിരുത്തൽ മാത്രമല്ല. അതൊരു പ്രക്രിയ ആണ്. പഠിക്കാനുള്ള ഉപകരണമാണ്. അതിലൂടെയും പഠനം നടക്കുന്നുണ്ട്. അതിലൂടെയും ചില ആശയങ്ങൾ മനസ്സിൽ ഉദ്പ്പാദിപ്പിക്കപ്പെടണം. ആ ആശയോദ്പ്പാദനം കാര്യക്ഷമമായേ പറയൂ. സിവിൽ സർവ്വീസ് ഉണ്ടാക്ക

ത്തക്ക രീതിയിലുള്ള ഒരു മനുഷ്യനെ ഉദാപ്പാദിപ്പിക്കുന്ന രീതിയിൽ ഉള്ളത് ആവണം. ദാർശനികമായ ഒരു തലത്തിലാണ് നമ്മൾ അത് അവിടെ കണ്ടത്. പരീക്ഷ എന്നു പറയുന്നത് വളരെ ഫിലോസഫിക്കൽ ആയിട്ടും സൈക്കോളജിക്കൽ ആയിട്ടും ഇടപെടേണ്ട സംഭവമാണ്. അതൊന്നും ഇല്ലാതെ അവിടുന്നും ഇവിടുന്നും കുറച്ച് പകർത്തിവെച്ചാൽ അതാണ് പത്താം ക്ളാസ്സിലെ പരീക്ഷയിൽ സംഭവിച്ചത്. ആദ്യത്തെ ചോദ്യം രണ്ടാമത്തെ ചോദ്യം മൂന്നാമത്തെ ചോദ്യം തമ്മിൽ പരസ്പരബന്ധം അതിൽ നിന്ന് ആശയോദ്പ്പാദനം ഉണ്ടാവണം. പിഎസ് സി ഒരു വർക്ക്ഷോപ്പ് നടത്തിനോക്കൂ.ഞാൻ വന്നിരിക്കാം ആ ചോദ്യം കൃത്യമായി അനലൈസ് ചെയ്ത് പത്ത് ആൾ ജയിച്ചു എന്ന് പറയുന്ന പത്ത് ആളെ വിളിച്ച് നിങ്ങൾ കൃത്യമായി പഠിച്ച് കഴിഞ്ഞാൽ പരീക്ഷ വിജയമായിരുന്നോ പരാജയമായിരുന്നോ എന്ന് മനസ്സിലാവും. ജയിക്കുകയോ തോൽക്കുകയോ അല്ല അത് ചിലപ്പോൾ എല്ലാവരും ജയിക്കും പക്ഷേ പരീക്ഷ എന്നത് ഒരു ആശയോദ്പ്പാദനമാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് ഒരു സമൂഹത്തിൽ നല്ല സിവിൽ സർവ്വീസിലേക്ക് തിരഞ്ഞെടുക്കുന്നവരെയാണ് പി എസ് സി തിരഞ്ഞെടുക്കുന്നത്. എന്നതുകൊണ്ട് ആശയപൂരകതയുടെ ഉണ്ടാക്കത്തക്കരീതിയിലുള്ള ആശയോദ്പ്പാദനത്തിന്റെ വേദിയാവണം. പരീക്ഷകൾ വളരെ ശാസ്ത്രീയമായി എന്തിനാ പരീക്ഷയിൽ എ ബി സി മൂന്ന് ഭാഗം നിങ്ങളുടെയല്ല പറഞ്ഞത് പത്താം ക്ലാസ്സുകാരുടെ പരീക്ഷയിൽ എ പാർട്ട് ബി പാർട്ട് സി പാർട്ട് പരീക്ഷ മൊത്തം അല്ല. ഒരു ചോദ്യത്തിന് തന്നെ മൂന്ന് ഭാഗം ഉണ്ടാവും എന്തിനാ അത് . അത് ഒരു പുതിയ ആശയോദ്പ്പാദനമാണ്. കാർഷികസംസ്കാരം ആ മനസ്സിലേക്ക് കടന്നുവരാനാണ്. കാർഷികസംസ്കാരം മനസ്സിലേക്ക് കടന്നുവരാനുള്ള പാഠം പഠിച്ചതിനുശേഷമുള്ള പരീക്ഷ. കാർഷികസംസ്കാരം മനസ്സിൽ വന്നിട്ടുണ്ടോ എന്ന പരിശോധിക്കാവുന്ന പരീക്ഷയാകണം. അതിൽ ഏതെങ്കിലും ഒരു കാര്യം കാണാപ്പാഠം പഠിച്ചിട്ടുണ്ടോ എന്ന് ചോദിക്കുന്നത് അല്ല. അപ്പോൾ വിഷയപഠനവും പരീക്ഷയും തമ്മിലുള്ള പരസ്പരപൂരകതയും പരീക്ഷയുടെ ദർശനവും ചേരുമ്പോൾ പരീക്ഷയിൽ നിന്നും പുറത്തുവരുന്നവരുടെ ദാർശനികവ്യത്യാസം ഉണ്ടാകും. കേവലം സിവിൽ സർവ്വീസിനെ നേരത്തെ പറഞ്ഞപോലെ. നിയമങ്ങളിലൂടെയും അതുപോലെ തന്നെ നോരെയാക്കാം. കാണുന്നതിനുമപ്പുറമുള്ള ദാർശനികതലം എന്ന് പറയുന്നത് അതിന്റെ ആശയമണ്ഡലത്തിനെ പൂരകമായ ആശയോദാപാദനത്തിനുതകുന്നതാണ്. പി എസ് സി വലിയ സാധ്യതയാണ്. അനന്തമായ സാധ്യതയാണ്. സയന്റിഫിക് ആയിട്ട് ഉടപെടേണ്ട മേഖലയാണ്. ദാർശനികമായിട്ട് ഇടപെടേണ്ട മേഖലയാണ്. സൈക്കോളജിക്കൽ ആയിട്ട് ഇടപെടേണ്ട മേഖലയാണ്. അതാ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുക എന്ന് പറയുന്നത് അത്ര എളുപ്പമുള്ള പരിപാടിയല്ല. പലരും ധരിച്ച് വെച്ചിരിക്കുന്നത് അത് എന്റെ കഴിവ് പ്രദർശിപ്പിക്കാനുള്ള അവസരം ആണ്. കുട്ടിയെ എങ്ങിനെ പറയൂ പറയൂ എന്താണ് വിഷമിപ്പിക്കാം എന്നതല്ല പരീക്ഷകുട്ടിയെ വിഷമിപ്പിക്കാനുള്ളതല്ല. കുട്ടിയെ മനസ്സിലാക്കാൻ ഉള്ളതാണ്. കുട്ടിയെ അറിയാൻ ഉള്ളതാണ്. എന്ത് എന്ന് അറിയാൻ ഉള്ളതാണ്. ഇത് രണ്ടും രണ്ടാണ്. വിഷമിപ്പിക്കാൻ ഒരു വിഷമവുമില്ല. അത്

**ഉന്നതവിദ്യഭ്യാസം എന്ന് പറയുന്നത്
കേവലം പഠനമേഖലയല്ല.
ആശയോദ്പാദന മേഖലയാണ്.
ആശയോദ്പാദനം എന്നത്
സമൂഹത്തിൽഎല്ലാവരും
ഒരുപോലെ പങ്കാളികളാകുമ്പോൾ
ആ സമൂഹത്തിന്റെ ആശയമായി
ഉദ്പാദിപ്പിക്കപ്പെടുകയാണ്.
ഈ ആശയം മതനിരപേക്ഷജനാധിപത്യ
സങ്കല്പം ആയിരുന്നു.**

ഒരു കേമത്തം ആണ് എന്ന് ധരിക്കുന്നുണ്ടെങ്കിൽ കുട്ടി വിഷമിക്കും എന്നുള്ളത് ശരിയാണ്. കുട്ടിയെ ബുദ്ധിമുട്ടിപ്പിക്കുക എന്നിട്ട് പരീക്ഷക്കുമുൻപ് എല്ലാ പരീക്ഷക്കും കുട്ടിയെ ഒരുക്കാൻ അവന് കൗൺസിലിങ്ങ് കൊടുക്കുക. കൗൺസിലിങ്ങ് എന്തിനാണ്. പേടി തീരാൻ എന്തിനാ പേടിപ്പിക്കുന്നത്. പേടിപ്പിക്കുന്ന ഏർപ്പാടല്ല പരീക്ഷ. മനുഷ്യനെ മനസ്സിലാക്കാനുള്ള ഇടപെടലാണ് കണ്ടിന്യൂയസ് ഇവാല്യുവേഷൻ ആണ് ഏറ്റവും ശാസ്ത്രീയമായിട്ടും കൃത്യമായിട്ടും ഒരാളെ മനസ്സിലാക്കുന്നത്. പരീക്ഷക്ക് ഒരു രീതിശാസ്ത്രം ഉണ്ട്. എന്നുമാത്രമല്ല പരീക്ഷക്ക് ഒരു ദർശനവും ഉണ്ട്. ആ ദർശനത്തിന്റെ ഏറ്റവും ഉയർന്ന തലത്തിൽ പി എസ് സി എത്തണമെന്നതാണ് കേരളത്തിന്റെ സിവിൽ സർവ്വീസ് മെച്ചപ്പെടാനുള്ള ഒരു വഴി. അതിനു പറ്റുന്ന ഒരന്തരീക്ഷം ഇന്ന് കേരളത്തിന്റെ പിഎസ്സിയിൽ ഉണ്ട് എന്നാണ് ഈ സമൂഹം വിശ്വസിക്കുന്നു എന്ന് നിങ്ങൾ ബോധ്യപ്പെടണം. ആ ദാർശനിക തലത്തിൽ ന്ന് ചിന്തിക്കുന്ന ഒരു സംഘം ഒരു കൂട്ടായ്മ പി എസ് സിയിൽ ഉണ്ട്. സമൂഹം അത് പ്രതീക്ഷിക്കുയാണ്. വലിയ പ്രതീക്ഷയാണ് നിങ്ങളിൽ അർപ്പിച്ചിരിക്കുന്നത്. പൊതുവിദ്യഭ്യാസരംഗത്ത് ജനങ്ങൾ അതുപോലെ പ്രതീക്ഷ അർപ്പിച്ചതിന്റെ ഭാഗമായാണ് ഒരു ലക്ഷത്തി നാല്പത്തിഅയ്യായിരത്തി ഇരുന്നൂറ്റിയെട്ട് കുട്ടികൾ പൊതുവിദ്യാഭ്യാസത്തിലേക്ക് കടന്നത്. ഇടതുപക്ഷജനാധിപത്യ സർക്കാർ സഖാവ് പിണറായി വിജയൻ നയിക്കുന്ന സർക്കാർ വിദ്യഭ്യാസമേഖല കൊണ്ടുപോകുമ്പോൾ അത് എങ്ങെത്തുമെന്ന പ്രതീക്ഷയോടെ ജനങ്ങൾ വരികയാണ്. അത് പോലെ നിങ്ങൾ നയിക്കുന്ന പിഎസ് സി ഈ ദാർശനികതലത്തിലേക്ക് എത്തും എന്ന് കരുതുന്ന ജനതയാണ് ഇവിടെയുള്ളത്. അതിനുള്ള പടിപടിയായിട്ടുള്ള ട്രാൻസ്ഫോർമേഷനാണ് ഈ സെമിനാറിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാകുക എന്ന് മനസ്സിലാക്കിക്കൊണ്ട് വളരെ സന്തോഷത്തോടെ അഭിമാനത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

*(പി.എസ്.സി.ഇ.യു. 44–ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച്ുള്ള കാര്യക്ഷമമായ സിവിൽ സർവ്വീസിൽ പിഎസ്സി യുടെ പങ്ക് എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള പ്രസംഗം)*



കവിത

ജാഹ്നവി

# ഉണ്ണിയേശു പിറന്നോട്ടേ...

ബാബിലോണിൻ പുളിനത്തിൽ
നാമിരുന്നു സഗദ്ഗദം
ഓർത്തു പാടിയപദാനം
ദൈവ പുത്രാ, നിൻ ചരിത്രം.....

ആഹാ, കാലക്കോലാഹലം
നേർപ്പിച്ചില്ല തവസ്വരം
മറച്ചില്ലാ ദിവ്യരൂപം
യുഗത്തിൻ തിരശ്ശീലകൾ.....

ഓ..... ബദ്‌ലഹേം, നീയമരം,
സായൂജ്യം, പ്രേമ സാഗരം
ഉണ്ണിയേശുവിൻ കുഞ്ഞിക്കാൽ
പിച്ച വച്ച കളിസ്ഥലം.....

അത്യുന്നതത്തിൽ സ്വർഗ്ഗത്തിൻ
സിംഹാസനങ്ങൾ വിട്ടൊഴി
ഞ്ഞെത്തി രാജാധിരാജനീ
കാലിത്തൊഴുത്തിലുണ്ണിയായ്.....

മിന്നൽപ്പിണറും കാറ്റും
തിരമാലയും തീരവും
നിന്റെ കല്പനയേന്തിടും
കെല്പിനൊത്തു ചലിക്കയായ്.....

മാഹേന്ദ്ര നേത്ര പുഷ്പങ്ങൾ
വിടർത്തീ, യുഗപ്രഭാവൻ
ജന ദൈന്യതാ മധ്യത്തിൽ
മലപോൽ നിലകൊണ്ടിതാ........

കുഷ്ഠ രോഗിയെ മാറോടു
ചേർത്തണച്ചു കരുണയാൽ
അന്ധന്റെ കണ്ണിൽ സ്വർലോക
ദ്യുതിയെത്തിച്ചു മന്നവൻ.......

പരിത്യാഗ പ്രവേഗത്തി-
ലാര്യനങ്ങദ്വിതീയനായ്
നര ജീവിതോല്കർഷത്തിൻ
വരയങ്ങു വരയ്ക്കയായ്

ഞങ്ങൾ തൻ പാപ ഭാര-
മങ്ങു താങ്ങീ കുരിശായി,
വിങ്ങുക പോലും ചെയ്യാതെ
നീങ്ങീ ലാവണ്യമായ് ഭവാൻ.....

സ്വന്തം വപുസ്സാലപ്പവും
രുധിരത്താൽ വീഞ്ഞും തീർത്തു
മർത്ത്യ തൃഷ്ണാ ജഠരത്തി-
ലർപ്പിച്ചൂ, തീർത്ഥമായ് ഭവാൻ.....

ചെയ്ത പാപങ്ങളോർത്തോർത്തു-
പശ്ചാത്താപത്താലെരി-
ഞ്ഞശ്രു ശ്രുശ്രൂഷയർപ്പിയ്ക്കാം
മഹനീയ പാദങ്ങളിൽ.....

നീ തന്നെയെന്റെ രക്ഷകൻ,
നീ സുഹൃദ് മാർഗ്ഗ ദർശിയും
നീ താൻ മോചകൻ, നീയെന്നെ
വീണ്ടെടുക്കാൻ വന്നവൻ.....

താരകവും പൂവും പാടീ
തവ നാമമനശ്വരം
താലമേന്തി മാലാഖമാർ,
നൃത്ത ലോലകളാകവേ.....

അപരിചിതം തീരെയീ
സരയൂ തീരമെങ്കിലും
പാട്ടിൽ ചാലിച്ചു, കർത്താവേ,
യെന്റെയാത്മ പ്രകമ്പനം.....

എന്റെ വാക്കുക, ളെന്റെ ഹൃദ്-
ധ്യാന രശ്മികളാകവേ,
പ്രഭോ സ്വീകാര്യമാവണ-
മിന്നീ സുന്ദര രാത്രിയിൽ.....

ഡിസംബർ നിൻ ഹൃദയത്തിൽ
ക്രിസ്തുമസ്സു മിടിയ്ക്കട്ടെ
ഉണ്ണിയേശു പിറന്നോട്ടേ,
ഓരോ ക്രിസ്മസ് ദിനത്തിലും.....

# സംഘടനാ വാർത്തകൾ

## വനിതാ കൺവെൻഷൻ

പി.എസ്.സി. എംപ്ലോയീസ് യൂണിയൻ വനിതാ സബ്കമ്മിറ്റിയുടെ നേതൃത്വത്തിൽ വനിതാ കൺവെൻഷൻ 2017 ഡിസംബർ 13 ന് ഉച്ചയ്ക്ക് തിരുവനന്തപുരം പട്ടം പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി ഹാളിൽ നടന്നു. യൂണിയൻ വൈസ് പ്രസിഡന്റ് സബിതാ ജാസ്മിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഹരിതകേരള മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ ഉദ്ഘാടനം ചെയ്തു. എല്ലാ അതിക്രമങ്ങളുടെയും ആത്യന്തികമായ ഇര എന്ന നിലയിൽ മുതലാളിത്തചൂഷണത്തിനെതിരെയുള്ള എല്ലാ പോരാട്ടങ്ങളിലും സ്ത്രീ പങ്കെടുക്കേണ്ടതാണ്. ഏത് വർഗ്ഗീയ കലാപവും ജനാധിപത്യ-മനുഷ്യത്വ-സ്ത്രീ വിരുദ്ധവുമാണ്. മതമൗലിക വാദികളും വർഗ്ഗീയ വാദികളും മനുഷ്യാവകാശങ്ങൾക്ക് മേൽ കൈയേറാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ നമുക്കാകണമെന്ന് ഡോ. ടി.എൻ.സീമ ഉദ്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെട്ടു. യൂണിയൻ ജനറൽ സെക്രട്ടറി എം.ഷാജഹാൻ, പ്രസിഡന്റ് എസ്.ജയകുമാർ സംസ്ഥാന സെക്രട്ടേറിയറ്റംഗം സി.സി.ഷെറീന എന്നിവർ അഭിവാദ്യവും ചെയ്ത് സംസാരിച്ചു. വനിതാ കൺവീനർ ആർ.ബി. സിന്ധു റിപ്പോർട്ടവതരിപ്പിച്ചു. ജോയിന്റ് കൺവീനർമാരായ അനിത.എസ്. സ്വാഗതവും എം. സഖി നന്ദിയും പറഞ്ഞു. വിലക്കയറ്റം തടയുക, പി.എസ്.സി. ആഫീസുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക, തൊഴിലിടങ്ങളിലെ സ്ത്രീപീഢനങ്ങൾ അവസാനിപ്പിക്കുക, ആസ്ഥാന ആഫീസിൽ ക്രെഷ് അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങൾ അംഗീകരിച്ചു.

**തൃശ്ശൂർ ജില്ലാ കമ്മിറ്റി:** 2017 ഒക്ടോബർ 14-ന് ചിമ്മിനി ഡാം പരിസരത്തുള്ള എച്ചിക്കാനം ആദിവാസി മേഖലയിലെ ഉദ്യോഗാർത്ഥികൾക്കായി സാമൂഹ്യ-വനം-വന്യജീവി വകുപ്പിന്റെ സഹകരണത്തോടെ പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തി. രാവിലെ 10.00 മണിക്ക് എച്ചിപ്പാറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയ വിദ്യാരണ്യം എന്ന പരിപാടിയിൽ വനമേഖലയിലെ നിരവധി ഉദ്യോഗാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്തു.

**ഇടുക്കി ജില്ലാ കമ്മിറ്റി:** നോട്ട് നിരോധനത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 2017 നവംബർ 8 ന് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ





ഇടുക്കി ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് കെ.സി. തോമസ് അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി സി.ജെ. ജോൺസൺ സ്വാഗതം പറഞ്ഞു. കെ.എസ്.കെ.ടി.യു ജില്ലാ വൈസ് പ്രസിഡന്റ് ടോമി ജോർജ്ജ് പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്തു. കർഷക സംഘം ജില്ലാ കമ്മിറ്റി അംഗം വി.കെ.സോമൻ സംസാരിച്ചു.

**ദേശാഭിമാനി വരിസംഖ്യ ഏറ്റുവാങ്ങി:**
ജീവനക്കാരുടെയും തൊഴിലാളികളുടെയും അവകാശപ്പോരാട്ടങ്ങൾക്ക് എക്കാലവും പിന്തുണ നൽകുകയും ആവശ്യമായ പ്രചാരണം നൽകുന്ന പത്രമെന്ന നിലയിൽ വലിയ സ്വീകാര്യതയാണ് ദേശാഭിമാനി കൈവരിച്ചിട്ടുള്ളത്. ദേശാഭിമാനി കാമ്പയിനിന്റെ ഭാഗമായി വാർഷിക വരിക്കാരായ പി.എസ്.സി. ജീവനക്കാരുടെ വരിസംഖ്യയും പട്ടികയും 2017 ഒക്ടോബർ 26 വ്യാഴാഴ്ച ഉച്ചയ്ക്ക് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ഹാളിൽ ചേർന്ന യോഗത്തിൽ ദേശാഭമാനി ജനറൽ മാനേജർ കെ.ജെ.തോമസ് ഏറ്റുവാങ്ങി. യൂണിയൻ പ്രസിഡന്റ് എസ്.ജയകുമാർ അധ്യക്ഷനായ യോഗത്തിൽ ജനറൽ സെക്രട്ടറി എം.ഷാജഹാൻ സ്വാഗതവും ജില്ലാ സെക്രട്ടറി വി.എസ്. രാജീവ് നന്ദിയും പറഞ്ഞു. ജനറൽ മാനേജർ കെ.ജെ.തോമസ് സമകാലിന രാഷ്ട്രീയ സംഭവവികാസത്തങ്ങളെക്കുറിച്ച് വിശദീകരിച്ചു.

**പ്രതിഷേധ ദിനം ആചരിച്ചു:** ജനജീവിതം ദുരിതത്തിലാഴ്ത്തുകയും രാജ്യത്തെ സാമ്പത്തിക മാന്ദ്യത്തിലെത്തിക്കുകയും ചെയ്ത നോട്ട് നിരോധനത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 2017 നവംബർ 8 ന് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ആസ്ഥാന ആഫീസിൽ പ്രതിഷേധദിനമായി ആചരിച്ചു. കറുത്ത് ബാഡ്ജ് ധരിച്ച് ജീവനക്കാർ പ്രതിഷേധിച്ചു.

**കെ.എൽ.മിനുക്കുട്ടൻ കുടുംബ സഹായ ഫണ്ട്:** പി.എസ്.സി. ആസ്ഥാന ഓഫീസിലെ അറ്റൻഡർ ആയിരുന്ന മിനുക്കുട്ടൻ 02-11-2017 ന് ക്യാൻസർ രോഗ ബാധയെത്തുടർന്ന് മരണപ്പെട്ടു. പരേതന്റെ കുടുംബത്തെ സഹായിക്കാൻ കുടുംബ സഹായഫണ്ട് സമാഹരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഫണ്ട് സമാഹരണത്തിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | – | 382150 |
| കൊല്ലം | – | 50000 |
| എറണാകുളം | | 50000 |
| കോഴിക്കോട് | – | 50000 |
| വയനാട് | – | 40000 |
| മലപ്പുറം | – | 23000 |
| കോട്ടയം | – | 23000 |
| തൃശ്ശൂർ | – | 20000 |
| പാലക്കാട് | – | 18300 |
| പത്തനംതിട്ട | – | 17500 |
| കണ്ണൂർ | – | 17201 |
| ആലപ്പുഴ | – | 15000 |
| കാസർഗോഡ് | – | 11000 |
| ഇടുക്കി | – | 11000 |
| **ആകെ** | – | **728151** |




**സി.പി.ഐ (എം) കൊല്ലം ജില്ലാ കമ്മിറ്റി സെക്രട്ടറി**
**കെ.എൻ. ബാലഗോപാൽ അനുസ്മരണ പ്രഭാഷണം നടത്തുന്നു**

# എൻ. രാഘവേന്ദ്രൻപോറ്റി അനുസ്മരണം

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി/പ്രസിഡന്റ് FSETO വൈസ് പ്രസിഡന്റുമായിരുന്ന സ.എൻ. രാഘവേന്ദ്രൻ പോറ്റി മരണമടഞ്ഞിട്ട് ആറ് വർഷം പൂർത്തിയായി. 2017 നവംബർ 8-ന് പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ഹാളിൽ ചേർന്ന യോഗത്തിൽ യൂണിയൻ പ്രസിഡന്റ് എസ്.ജയകുമാർ അധ്യക്ഷത വഹിച്ചു. യൂണിയൻ വൈസ് പ്രസിഡന്റ് ബി.ജയകുമാർ സ്വാഗതവും ജില്ലാ സെക്രട്ടറി വി. എസ്.രാജീവ് നന്ദിയും പറഞ്ഞു. KSKTU സംസ്ഥാന ജോയിനറ് സെക്രട്ടറി എൻ.രതീന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തി. മുൻ ജനറൽ സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ സംസാരിച്ചു.

**കൊല്ലം:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കൊല്ലം ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 10-ന് വൈകുന്നേരം 4.30 ന് കൊല്ലം KGOA ഹാളിൽ വച്ച് നടത്തി. സി.പി.ഐ (എം) കൊല്ലം ജില്ലാ കമ്മിറ്റി സെക്രട്ടറി കെ.എൻ. ബാലഗോപാൽ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദ് അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി പി.ഗോപു സ്വാഗതവും, ജില്ലാ ജോയിന്റ് സെക്രട്ടറി എൻ.രാജീവൻ നന്ദിയും പറഞ്ഞു. ഡി.വൈഎഫ്.ഐ. മുൻ സംസ്ഥാന പ്രസിഡന്റ് പി.ആർ.വസന്തൻ, FSETO ജില്ലാ സെക്രട്ടറി എസ്.ഓമക്കുട്ടൻ, KMCSU സംസ്ഥാന സെക്രട്ടേറിയേറ്റംഗം എൻ.എസ്.ഷൈൻ, യൂണിയൻ മുൻ പ്രസിഡന്റ് എൻ.അപ്പുക്കുട്ടൻ നായർ, യൂണിയൻ വൈസ് പ്രസിഡന്റ് ബി.ജയകുമാർ എന്നിവർ സംസാരിച്ചു.

**പത്തനംതിട്ട:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പത്തനംതിട്ട ജില്ലാ കമ്മിറ്റി സ.എൻ. രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 08-ന് ഉച്ചയ്ക്ക് നടത്തി. പത്തനംതിട്ട പി.എസ്.സി. ജില്ലാ ആഫീസറും യൂണിയൻ സംസ്ഥാന

കൗൺസിൽ അംഗവുമായ എൻ.എം.ശ്രീകല പോറ്റി അനുസ്മരണം നടത്തി. ജില്ലാ പ്രസിഡന്റ് സുധീർ പി.എസ്. അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ട്രഷറർ ജയിസൺ മാത്യു സ്വാഗതവും, ജോയിന്റ് സെക്രട്ടറി ദ്വാരകാനാഥ് കെ.എസ്. നന്ദിയും പറഞ്ഞു. ജില്ലാ സെക്രട്ടറി സി.പി. രാജേഷ്കുമാർ സംസാരിച്ചു.

**ആലപ്പുഴ:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ആലപ്പുഴ ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. യൂണിയൻ സംസ്ഥാന സെക്രട്ടേറിയറ്റംഗം വി.കെ.രാജു പോറ്റി അനുസ്മരണം നടത്തി. ജില്ലാ പ്രസിഡന്റ് വി.ആർ.രജീഷ് അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി എം.സതീഷ് സ്വാഗതവും ജോയിന്റ് സെക്രട്ടറി ബിജു.ടി.എ. നന്ദിയും പറഞ്ഞു.

**കോട്ടയം:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. യൂണിയൻ മുൻ ജനറൽ സെക്രട്ടറി പറാൽ തങ്കപ്പൻ പോറ്റി അനുസ്മരണം നടത്തി. ജില്ലാ പ്രസിഡന്റ് എം.സീമാതങ്കച്ചി അധ്യക്ഷയായ യോഗത്തിൽ ജില്ലാ സെക്രട്ടറി നിധിൻ.എസ്. സ്വാഗതവും കമ്മിറ്റി അംഗം സി.സുരേന്ദ്രൻ നന്ദിയും പറഞ്ഞു.

**ഇടുക്കി:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ ഇടുക്കി ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 6-ന് നടത്തി. യൂണിയൻ സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.ജി. അശോകൻ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് കെ.സി.തോമസ് അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി സി.ജെ. ജോൺസൺ സ്വാഗതവും, ജോയിന്റ് സെക്രട്ടറി സുജിതാ കൃഷ്ണൻ നന്ദിയും പറഞ്ഞു.

**എറണാകുളം:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ എറണാകുളം ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8 ന് നടത്തി. KGOA ജില്ലാ പ്രസിഡന്റ് ജഗദീഷ്.പി.ബി. അനുസ്മരണപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് ആർ.സന്തോഷ് അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി പി.പി.സജീവൻ സ്വാഗതവും, ജോയിന്റ് സെക്രട്ടറി ഉണ്ണികൃഷ്ണൻ.ടി.എൻ. നന്ദിയും പറഞ്ഞു.

**തൃശ്ശൂർ:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. കെ.എസ്.കെ.ടി.യു. ജില്ലാ സെക്രട്ടറി ടി.കെ.വാസു അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് സജി ജോസ് അധ്യക്ഷനായ യോഗത്തിൽ കെ.കുഞ്ഞുമോൻ സ്വാഗതവും, ജില്ലാ സെക്രട്ടറി പി.കെ.അനീഷ് നന്ദിയും പറഞ്ഞു.

**പാലക്കാട്:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പാലക്കാട് ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. സി.വി.രാധാകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി. അരുൺകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി മനേഷ്.എം.കൃഷ്ണ സ്വാഗതവും, ജോയിന്റ് സെക്രട്ടറി രമേശ്.എ നന്ദിയും പറഞ്ഞു.

**മലപ്പുറം:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ മലപ്പുറം ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. യൂണിയൻ മുൻ സംസ്ഥാന കൗൺസിലംഗം മുഹമ്മദാലി വാലഞ്ചേരി പോറ്റി അനുസ്മരണ നടത്തി. ജില്ലാ പ്രസിഡന്റ് പി.അബു അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി സുനീഷ.കെ.എം സ്വാഗതവും, ജോയിന്റ് സെക്രട്ടറി സൂസൺ.ഡി.ചാക്കോ നന്ദിയും പറഞ്ഞു. സംസ്ഥാന സെക്രട്ടേറിയംഗം സി.എസ്.മനോജ് സംസാരിച്ചു.

**കോഴിക്കോട്:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം നടത്തി. കേളുവേട്ടൻ പഠന ഗവേഷണ കേന്ദ്രം ഡയറക്ടർ കെ.ടി.കുഞ്ഞികണ്ണൻ പോറ്റി അനുസ്മരണ നടത്തി. ജില്ലാ പ്രസിഡന്റ് പി.രതീഷ് അധ്യക്ഷനായ യോഗത്തിൽ സംസ്ഥാന സെക്രട്ടേറിയേറ്റംഗങ്ങളായ വി.മോഹനൻ സ്വാഗതവും, സി.സി.ഷെറീന നന്ദിയും പറഞ്ഞു.

**വയനാട്:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ വയനാട് ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. ജില്ലാ സെക്രട്ടറി എം.ദേവകുമാർ പോറ്റി അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി.രാജീവ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് സെക്രട്ടറി വിജയലത സ്വാഗതവും, ട്രഷറർ പി.യു.ബിജു നന്ദിയും പറഞ്ഞു.

**കണ്ണൂർ:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കണ്ണൂർ ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 9-ന് നടത്തി. വി.ബി.മനുകുമാർ പോറ്റി അനുസ്മരണ നടത്തി. ജില്ലാ പ്രസിഡന്റ് മനോജ്കുമാർ.എ.വി അധ്യക്ഷനായ യോഗത്തിൽ സുഭാഷ്.പി.കെ.സ്വാഗതവും, ജോയിന്റ് സെക്രട്ടറി ദുർഗ്ഗാ പി.ശ്രീധർ നന്ദിയും പറഞ്ഞു.

**കാസർഗോഡ്:** പി.എസ്.സി. എംപ്ലോയീസ് യൂണിയൻ കാസറഗോട് ജില്ലാ കമ്മിറ്റി സ.എൻ.രാഘവേന്ദ്രൻ പോറ്റി അനുസ്മരണം 2017 നവംബർ 8-ന് നടത്തി. യൂണിയൻ സംസ്ഥാന സെക്രട്ടറി കെ.വി.സുനുകുമാർ പോറ്റി അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് പി.വി. ബാബു അധ്യക്ഷനായ യോഗത്തിൽ ജില്ലാ സെക്രട്ടറി ജോബി ജോസഫ് സ്വാഗതവും, എ.എം.മൊഹദ്ദീൻ നന്ദിയും പറഞ്ഞു.



# സുകോമൾ സെൻ അവകാശ പോരാട്ടങ്ങളിലെ വിട്ടുവീഴ്ച യില്ലാത്ത നേതാവ്

ആൾ ഇന്ത്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ സ്ഥാപകനേതാവും ട്രേഡ് യൂണിയൻ നേതാവുമായിരുന്ന സുകോമൾ സെൻ 2017 നവംബർ 22-ന് കൊൽക്കത്തയിൽ അന്തരിച്ചു. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നീക്കങ്ങൾക്ക് നിസ്തുല സംഭാവനകൾ നൽകിയ പ്രമുഖ നേതാവാണ് സുകോമൾ സെൻ. തൊഴിലാളികളുടെ അവകാശ പോരാട്ടങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുടെ ശബ്ദവും മുഖവുമായി അദ്ദേഹം സംഘടന കെട്ടിപ്പടുക്കുന്നതിനൊപ്പം ആശയ പരമായ അടിത്തറപാകുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചു.

1934 ജൂൺ 14-ന് കിഴക്കൻ ബംഗാളിലെ ഇപ്പോഴത്തെ ബംഗ്ലാദേശിലെ ധാക്കയിലുള്ള സുവർണ്ണ ഗ്രാമിൽ ജനിച്ചു. കുടുംബത്തോടാപ്പം കൽക്കത്തയിൽ താമസമാക്കിയ സുകോമൾ സെൻ എന്റൊലി അക്കാദമി, സുരേന്ദ്രനാഥ് കോളേജ്, കൽക്കത്ത യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി. ഇംഗ്ലീഷ് ഭാഷയിലും, സാഹിത്യത്തിലും ബിരുദാനന്തര ബിരുദവും, റഷ്യൻ ഭാഷയിലും സാഹിത്യത്തിലും ഡിപ്ലോമയും സ്വന്തമാക്കി. പശ്ചിമബംഗാളിൽ സംസ്ഥാന സർക്കാർ ജീവനക്കാരനായി ഔദ്യോഗിക ജീവിതമാരംഭിച്ച സുകോൾ 1971-ൽ പശ്ചിമ ബംഗാളിൽ ഗവർണ്ണർ ഭരണത്തിൽവന്നതിനെ തുടർന്ന് ജിവനക്കാർക്ക് നേരെയുള്ള ഭീകരവാഴ്ചയ്ക്കെതിരെയും അടിച്ചമർത്തലുകൾക്കെതിയുമുള്ള സമരങ്ങൾക്ക് നേതൃത്വം നൽകി. കരിനിയമങ്ങളും, മർദ്ദനമുറകളും ഉപയോഗിച്ച് സമരങ്ങളെയെല്ലാം അടിച്ചമർത്താൻ ശ്രമിച്ചു. നിരവധി ജീവനക്കാരെ ജയിലിലടച്ചു. ഒട്ടേറെ പേരെ സസ്പെന്റ് ചെയ്യുകയും, സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്തു. സുകോമൾ സെന്നിനേയും സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു. 1977-ലെ സ.ജ്യോതി ബസുവിന്റെ നേതൃത്വത്തിലുള്ള ഇടതുമുന്നണി ഗവൺമെന്റ് പിരിച്ചുവിട്ട ജീവനക്കാരെയെല്ലാം തിരിച്ചെടുത്തു. സർവ്വീസിൽ തിരച്ചെത്തിയെങ്കിലും സ്വയം വിരമിക്കൽ നേടി പൂർണ്ണസമയം ട്രേഡ് യൂണിയൻ പ്രവർത്തിനത്തിലും, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും പ്രവർത്തിക്കുകയുണ്ടായി.

1982 മുതൽ 1994 വരെ രണ്ടുതവണ പഞ്ചിമബംഗാളിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു. 16 ാം പാർട്ടി കോൺഗ്രസിൽ സി.പി.എം കേന്ദ്ര കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുത്തു. 21 ാം പാർട്ടി കോൺഗ്രസിൽ കൺട്രോൾ കമ്മീഷൻ ചെയർമാനായി. സി.ഐ.ടി.യു വൈസ് പ്രസിഡന്റായും, ലോക തൊഴിൽ സംഘടനകളുടെ ട്രേഡ് യൂണിയന്റെ ഭാഗമായ ട്രേഡ് യൂണിയൻ ഇന്റർനാഷണൽ ഓഫ് പബ്ലിക് ആന്റ് അലയിഡ് എംപ്ലോയീസ് ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. ദേശീയ-അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ട്രേഡ് യൂണിയൻ നേതാവായിരുന്നു.

1960 ജനുവരി 23, 24 തീയതികളിൽ ഹൈദരാബാദിൽ ചേർന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത കൺവെൻഷനിൽ വച്ചാണ് അഖിലേന്ത്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ AISGEF രൂപം കൊണ്ടത്. രൂപീകരണകാലം മുതൽ നേതൃത്വനിരയിൽ പ്രവർത്തിച്ചിരുന്ന സുകോമൾ സെൻ 1982 മുതൽ 2008 വരെ അതിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. നിലവിൽ വൈസ്പ്രസിഡന്റാണ്. ആൾ ഇന്ത്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷന് ഒരു സംഘടനാചട്ടകൂട് രൂപപ്പെടുത്തിയെടുക്കുന്നതിലും, വിവിധ സംസ്ഥാനങ്ങളിലെ കഴിയുന്നത്ര സർവ്വീസ് സംഘടനകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അദ്ദേഹം നിർണ്ണായകമായ പങ്ക് വഹിച്ചു.

തൊഴിൽ മേഖലയെ ആധാരമാക്കിയും മറ്റ് വിഷയങ്ങളെകുറിച്ചും നിരവധി പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. വർക്കിംഗ് ക്ലാസ് ഓഫ് ഇന്ത്യ, ഹിസ്റ്ററി ഓഫ് എമർജൻസ് ആൻഡ് മൂവ്മെന്റ് 1830-1990, മെയ് ഡേ ആന്റ് എയ്റ്റ് ഔവേഴ്സ് സ്ട്രഗിൽ ഇൻ ഇന്ത്യ, സോഷ്യലിസ്റ്റ് റെവല്യൂഷൻ ഇൻ റഷ്യ ഇൻ 1917, ടു ക്യാപ്പിലിസ്റ്റ് കൗണ്ടർ റവല്യൂഷൻ ഇൻ 1991 എന്നിവ ശ്രദ്ധേയമായ കൃതികളാണ്.

തൊഴിലാളികളുടെ അവകാശ പോരാട്ടങ്ങൾക്ക് വേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടുന്നതിനും, ആ പോരാട്ടത്തിനാധാരമായ വസ്തുതകൾ യുക്തിപൂർവ്വം അധികാരികളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും അനിതര സാധാരണ കഴിവുണ്ടായിരുന്ന നേതാവായിരുന്നു. സുകോമൾ സെൻ. തൊഴിലാളികളെ പ്രക്ഷോഭരംഗത്തേക്ക് ആകർഷിക്കാനും, മുതലാളിത്ത വ്യവസ്ഥയുടെ അപകടരമായ പഴക്കങ്ങളെ തുറന്നു കാട്ടാനും അദ്ദേഹത്തിന് കഴിഞ്ഞു. ഒരു സംഘാടകൻ എന്നതിലുപരി തൊഴിലാളികൾക്കിടയിൽ പ്രത്യയശാസ്ത്രപരമായ അടിത്തറപാകുന്നതിന് അദ്ദേഹത്തിനായി. തൊഴിലാളി വർഗ്ഗപ്രസ്ഥാനങ്ങൾക്ക് ഒരു തീരാനഷ്ടം തന്നെയാണ് സുകോമൾ സെന്നിന്റെ വേർപാട്.

# മഹാധർണ്ണ

**കേരളം മുതൽ കാശ്മീർ വരെയും, അസം മുതൽ കച്ച് വരെയുള്ള അധ്വാനിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളാണ് മഹാധർണ്ണയുടെ ഭാഗമായി പാർലമെന്റിലേക്ക് മാർച്ച് നടത്തിയത്. കൽക്കരി, ഉരുക്ക്, ഗതാഗതം, ടെലികോം, പെട്രോളിയം, വൈദ്യുതി, തുറമുഖം, കെട്ടിട നിർമ്മാണം, എഞ്ചിനീയറിംഗ് പദ്ധതി തൊഴിലാളികൾ, കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ റെയിൽവെ, ബാങ്ക് ഇൻഷുറൻസ് പ്രതിരോധ നിർമ്മാണം തുടങ്ങി സമസ്ത മേഖലകളെയും പ്രതിനിധാനം ചെയ്യുന്ന യുവാക്കളും സ്ത്രീകളും ഉൾപ്പെടുന്ന വൻനിരയാണ് മഹാധർണ്ണയിൽ അണിനിരന്നത്.**

കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ ജനവിരുദ്ധ നയങ്ങൾക്കെതിരെ 2017 നവംബർ 9 മുതൽ 11 വരെ ഡൽഹി പാർലമെന്റിന് മുന്നിൽ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ മഹാധർണ്ണ നടത്തി. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുക, സാർവ്വത്രിക സാമൂഹ്യസുരക്ഷ ഉറപ്പാക്കുക, മിനിമം കൂലി 18000/- രൂപയായി ഉയർത്തുക, ഓഹരി വിറ്റഴിക്കൽ അവസാനിപ്പിക്കുക, റെയിൽവേയിൽ അടക്കം വിദേശനിക്ഷേപം അനുവദിക്കാനുള്ള തീരുമാനത്തിൽ നിന്ന് പിന്തിരിയുക, സ്ഥിരം സ്വഭാവമുള്ള തൊഴിലുകളിൽ കരാർ തൊഴിൽ അവസാനിപ്പിക്കുക. തുടങ്ങിയ ആവശ്യങ്ങളാണ് മുന്നോട്ട് വച്ചത്. സി.ഐ.ടി.യു, എ.ഐ.ടി.യു.സി. ഐ.എൻ.ടി.യു.സി. എച്ച്.എം.എസ്. എ.ഐ.യു.ടി. യു.സി. സി.ടി.യു എൽ.പി.എഫ് യുടി.യു.സി എന്നീ സംഘടനകളാണ് സംയുക്തമായി ധർണ്ണ സംഘടിപ്പിച്ചത്.

കേരളം മുതൽ കാശ്മീർ വരെയും, അസം മുതൽ കച്ച് വരെയുള്ള അധ്വാനിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളാണ് മഹാധർണ്ണയുടെ ഭാഗമായി പാർലമെന്റിലേക്ക് മാർച്ച് നടത്തിയത്. കൽക്കരി, ഉരുക്ക്, ഗതാഗതം, ടെലികോം, പെട്രോളിയം, വൈദ്യുതി, തുറമുഖം, കെട്ടിട നിർമ്മാണം, എഞ്ചിനീയറിംഗ് പദ്ധതി തൊഴിലാളികൾ, കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ റെയിൽവെ, ബാങ്ക് ഇൻഷുറൻസ് പ്രതിരോധ നിർമ്മാണം തുടങ്ങി സമസ്ത മേഖലകളെയും പ്രതിനിധാനം ചെയ്യുന്ന യുവാക്കളും സ്ത്രീകളും ഉൾപ്പെടുന്ന വൻനിരയാണ് മഹാധർണ്ണയിൽ അണിനിരന്നത്. കേന്ദ്ര സർക്കാരിന്റെ ഭീഷണികളും സമ്മർദ്ദങ്ങളും പ്രതികൂല കാലാവസ്ഥയും അതിജീവിച്ചാണ് തൊഴിലാളികൾ മൂന്ന് ദിവസം തുടർച്ചയായി പാർലമെന്റിന് മുന്നിൽ ധർണ്ണ നടത്തിയത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ പ്രക്ഷോഭങ്ങൾ അടിച്ചമർത്താൻ മോഡി സർക്കാർ കരിനിയമങ്ങൾ പ്രഖ്യാപിച്ചിരുന്നു. ജീവനക്കാർ പ്രചരണ യോഗങ്ങളിൽ പങ്കെടുക്കാനും ഉത്തരവിറക്കി. വ്യത്യസ്ത ഭാഷകളുടെയം, സംസ്കാരത്തിന്റെയും സംഗമമായി മാറി.

നരസിംഹ റാവു -മൻമോഹൻസിംഗ് കൂട്ടുകെട്ട് 25 വർഷങ്ങൾക്ക് മുമ്പ് നവ-ഉദാരവൽക്കരണ നയങ്ങൾനടപ്പിലാക്കിയപ്പോൾ തന്നെ ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ ഈ നയത്തിനെതിരെ പ്രക്ഷോഭം ആരംഭിച്ചിരുന്നു. 25 വർഷത്തിനിടയിൽ 17 പണിമുടക്കുകൾ നടന്നു. ആദ്യമൊക്കെ ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ മാത്രമാണ് പ്രക്ഷോഭങ്ങൾക്ക് തയ്യാറായതെങ്കിലും, കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഐ.എൻ.ടി.യു.സി. പോലുള്ള തൊഴിലാളി സംഘടനകളും അണിനിന്നു. കഴിഞ്ഞ രണ്ടു വർഷം അഖിലേന്ത്യാടിസ്ഥാനത്തിൽ രണ്ട് പൊതുപണിമുടക്ക് നടത്തി. 2015-ൽ നടത്തിയ പൊതു പണിമുടക്കിൽ ഒന്നരക്കോടി തൊഴിലാളികളെ അണിനിരത്താനായെങ്കിൽ 2016 ലെ പണിമുടക്കിൽ 1.8 കോടി പേരെ അണി നിരത്താനായി. 2013 ഡിസംബറിൽ പ്രധാന ട്രേഡ് യൂണിയനുകൾ സംയുക്തമായി പാർലമെന്റിലേയ്ക്ക് നടത്തിയ മാർച്ചാണ് ഐക്യത്തിന് കരുത്തായത്.

മുൻ കോൺഗ്രസ് സർക്കാർ നടപ്പിലാക്കിയ നവ ഉദാവൽക്കരണ നയങ്ങൾ കൂടുതൽ തീവ്രതയോടെ




നടപ്പിലാക്കുകയാണ് കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ ചെയ്യുന്നത്. പൊതുമേഖലയുടെ സ്വകാര്യ വൽക്കരണം തൊഴിൽ നിയമങ്ങൾ കുത്തകകൾക്ക് അനുകൂലമായി പൊളിച്ചെഴുതാൻ തന്ത്രപ്രധാന മേഖലകളിൽ പോലും നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കൽ എന്നീ നയങ്ങൾ ബി.ജെ.പി. സർക്കാർ നടപ്പിലാക്കുകയും ചെയ്തു.

ഇ.പി.എഫ്, ഇ.എസ്.ഐ. തുടങ്ങിയ സാമൂഹ്യസുരക്ഷ പദ്ധതികൾ അട്ടിമറിക്കാൻ ശ്രമിക്കുന്നു. പൊതുമേഖലയിൽ 50 ശതമാനവും, സ്വകാര്യമേഖലയിൽ 70 ശതമാനവും കരാർ തൊഴിലാളികളാണ്. സംഘടിത മേഖലയിൽ 60 ശതമാനം തൊഴിലാളികൾക്കും നിയമപരമായ മിനിമം കൂലി നിഷേധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രക്ഷോഭങ്ങൾ അതിശക്തമായി മുന്നോട്ട് കൊണ്ട് പോകുകയല്ലാതെ മാർഗ്ഗമില്ല. കാൽനൂറ്റാണ്ടായി നടത്തിവരുന്ന നവ-ഉദാരവൽക്കരണങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങളിൽ കൂടുതൽ കരുത്ത് പകരുന്നതാണ് മൂന്ന് ദിവസമായി 4 ലക്ഷത്തോളം പേർ അണിനിരന്ന മഹാധർണ്ണ.

### ഗുജറാത്ത്-ഹിമാചൽ പ്രദേശ് തിരഞ്ഞെടുപ്പ്

2017 നവംബർ-ഡിസംബർ മാസം ഗുജറാത്ത്, ഹിമാചൽ പ്രദേശങ്ങളിൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ ഗുജറാത്തിൽ ബി.ജെ.പി. അധികാരം നിലനിർത്തുകയും, ഹിമാചലിൽ അധികാരത്തിൽ വരികയും ചെയ്തു. 182 അംഗ ഗുജറാത്ത് നിയമസഭയിൽ 99 സീറ്റ് നേടി ബി.ജെ.പി. ഭരണം നിലനിർത്തി. കോൺഗ്രസ്സിന് -77 സീറ്റ് ലഭിച്ചു. തുടർച്ചായി 6-ാം തവണയാണ് ബി.ജെ.പി. അധികാരത്തിൽ വരുന്നത്. രണ്ടുമാസക്കാലമായി പ്രധാനമന്ത്രിയും, കേന്ദ്ര മന്ത്രിസഭയിലെ പകുതിയിലേറെ മന്ത്രിമാരും ബി.ജെ.പി. മുഖ്യമന്ത്രിമാരും തമ്പടിച്ച് തീവ്ര വർഗ്ഗീയ ധ്രുവീകരണ പ്രചരണം നടത്തിയിട്ടാണ് അധികാരം നിലനിർത്താനായത്.

ഗ്രാമങ്ങളിലെ അടിസ്ഥാന ജനവിഭാഗം കൈവിട്ടപ്പോൾ നഗരത്തിലെ പതിവ് വോട്ട് ബാങ്കാണ് ബി.ജെ.പിയെ തുണച്ചത്. സൗരാഷ്ട്ര, കച്ച് മേഖലയിലെ കർഷകരുടെ പ്രതിഷേധവും, പാട്ടീദാർ പ്രക്ഷോഭവും ബി.ജെ.പി.യ്ക്ക് തിരിച്ചടിയായി. സ്വതന്ത്ര സ്ഥാനാർത്ഥികളെ ബി.ജെ.പി. വലിയ തോതിൽ രംഗത്തിറക്കിയത് അവർക്ക് നേട്ടമായി. കോൺഗ്രസ് പ്രമുഖർ തോൽക്കുന്നതിലും സ്വതന്ത്ര സ്ഥാനാർത്ഥികളുടെ സാന്നിധ്യം കാരണമായി.

ഗുജറാത്തിലെ ബി.ജെ.പി. സർക്കാരിന്റെ ഭരണ വിരുദ്ധവികാരത്തെ വോട്ടാക്കി മാറ്റുന്നതിന് കോൺഗ്രസ് പരാജയപ്പെട്ടു. ജി.എസ്.ടി. നടത്തിപ്പിലെ പാളിച്ച, നോട്ട് പിൻവലിക്കൽ സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച മാന്ദ്യം, കാർഷിക മേഖലയിലെ പ്രതിസന്ധി എന്നിവയും മറ്റു വിഷയങ്ങളും കോൺഗ്രസിന് പ്രചരണായുധമായി ലഭിച്ചു. ബി.ജെ.പി. മുന്നോട്ടുവയ്ക്കുന്ന വികസന അവകാശവാദങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടുന്നതിന് പകരം ഹൈന്ദവ വർഗ്ഗീയതയെ ഉപയോഗിക്കുന്നതിനാണ് കോൺഗ്രസും ശ്രമിച്ചത്. രാജ്യത്ത് ശക്തിപ്പെട്ടുവരുന്ന സംഘപരിവാറിന്റെ ദളിത്-ന്യൂനപക്ഷ വേട്ടയ്ക്കെതിരായ നിലപാട് പ്രചരണത്തിന്റെ ഒരു ഘട്ടത്തിലും കോൺഗ്രസ് സ്വീകരിച്ചില്ല. ഗുജറാത്തിലെ കോൺഗ്രസിന്റെ സംഘടനാ പരമായ ദൗർബല്യം ഭരണവിരുദ്ധ വികാരവും മറ്റു അനുകൂല ഘടകങ്ങളും വോട്ടാക്കി മാറ്റുന്നതിന് പരാജയമാകാൻ കാരണമായി.

ഹിമാചൽ പ്രദേശിലെ കോൺഗ്രസ് സർക്കാരിന്റെ അഴിമതിക്കും ജനവിരുദ്ധ നയങ്ങൾക്കെതിരായ വിധിയെഴുത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നു. 68 അംഗ നിമയസഭയിൽ ബി.ജെ.പി. 44 സീറ്റ് നേടി. കോൺഗ്രസ് 21 സീറ്റ് നേടി. തിയോഗ് മണ്ഡലത്തിൽ നിന്നും സി.പി.ഐ. -ലെ രകേഷ് സിംഗ വിജയിച്ചു. അഞ്ചു വർഷത്തിനുശേഷം അധികാരം തിരിച്ചു പിടിച്ച ബി.ജെ.പി. യ്ക്ക് മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയ പ്രേംകുമാർ ധൂമലിന്റെ പരാജയം നാണക്കേടായി.

കെ.സെബാസ്റ്റിൻ



# ചൈന ലോക നേതൃത്വത്തിലേയ്ക്ക്

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 19 ാം പാർട്ടി കോൺഗ്രസ് 2017 ഒക്ടോബർ 18 മുതൽ 25 വരെ തലസ്ഥാനമായ ബിജിംഗിലെ ഗ്രേറ്റ് ഹാൾ ഓഫ് പീപ്പിളിൽ നടന്നു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 8.9 കോടി അംഗങ്ങളെ പ്രതിനിധാനം ചെയത് 2287 പ്രതിനിധികൾ പങ്കെടുത്തു.

പാർട്ടി ജനറൽ സെക്രട്ടറിയും ചൈനീസ് പ്രസിഡന്റുമായ ഷി ജിൻ പിങ് അവതരിപ്പിച്ച റിപ്പോർട്ട് മഹത്തായ ആധുനിക സോഷ്യലിസ്റ്റ് ചൈന കെട്ടിപ്പടുക്കുന്നതിനുള്ള പ്രക്രിയ ത്വരിതപ്പെടുത്തുമെന്നും, അത് 2035-ൽ സാധ്യമാകുമെന്നും പറയുന്നു. 21 ാം നൂറ്റാണ്ടിന്റെ പകുതിയോടെ ചൈന ആഗോള നേതൃത്വത്തിലെത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ റിപ്പോർട്ടിലുണ്ട്.

2035 ഓടെ സാംസാകാരിക മേഖല കൂടുതൽ ആകർഷകമാക്കും. പരിസ്ഥിതി സംരക്ഷണ രംഗത്ത് രാജ്യം ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. സാങ്കേതിക-സാമ്പത്തിക മേഖലയിലെ ശക്തി ഗണ്യമായി വർദ്ധിപ്പിക്കും. രാജ്യത്തിന്റെയും, ഭരണകൂടത്തിന്റെയും വളർച്ച അടിസ്ഥാനപരമായി ഉറപ്പാക്കുന്നു. 2012-ന് ശേഷം നഗരതൊഴിൽ മേഖലയിൽ 13 ദശലക്ഷം തൊഴിൽ സൃഷ്ടിച്ചെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ലോകത്തിലെ രണ്ടാമത്തെ സാമ്പത്തിക ശക്തി എന്ന നിലയിൽ നിരവധി ലക്ഷ്യങ്ങൾ നേടാൻ ചൈനയ്ക്കു കഴിഞ്ഞു. മൊത്തം ജി.ഡി.പി. 5 ലക്ഷം കോടിയിൽ നിന്നും 80 ലക്ഷം കോടി യുവാനായി ഉയർന്നു. ആഗോള സാമ്പത്തിക വളർച്ചയുടെ 30 ശതമാനത്തിലധികവും ചൈനയുടെ സംഭാവനയാണ്. 1500 പരിഷ്കരണ നടപടികൾ ആരംഭിച്ചു. പ്രധാന മേഖലകളിൽ പരിഷ്കരണത്തിനുള്ള പൊതു ചട്ടക്കൂടുകൾ സ്ഥാപിക്കുകയും വളർച്ചയ്ക്ക് കൂടുതൽ ഉർജ്ജം നൽകുകയും ചെയ്തു. ഇത് ചൈനയുടെ വികസനത്തിലെ ചരിത്രപരമായ കാര്യമാണ്. നവീകരണത്തിലൂടെ രാജ്യത്തിന്റെ കഴിവ് കൂടുതൽ ച്ചെപ്പെടുത്തും. വികസനത്തിന്റെ അസന്തുലിതാവസ്ഥകളെയും, അപര്യാപ്തതകളേയും മറികടക്കാൻ പ്രത്യേക ഊന്നൽ നൽകും.

കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനാനുഭവങ്ങളോടൊപ്പം വരും നാളുകളിൽ ചൈനയുടെ രാഷ്ട്രീയ സഞ്ചാരഗതിയുടെ ദിശാസൂചിക കൂടിയാണ് ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട്. ചൈന ആഭ്യന്തരവും, വൈദേശികവുമായി നിരവധി സങ്കീർണമായ വെല്ലുവിളിയാണ് നേരിടുന്നതെന്ന് വിലയിരുത്തിയ റിപ്പോർട്ട് അവയെ നേരിടാൻ പാർട്ടിയെ പ്രത്യയ




**1921 ജൂലൈയിൽ മൗസെ ദൊങ്ങ് ഉൾപ്പെടെ 12 പേർമാത്രം പങ്കെടുത്ത് രൂപം നൽകിയ ചൈനീസ് കമ്മ്യണിസ്റ്റ്പാർട്ടി, ചൈനയെ രാഷ്ട്രീയ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുക മാത്രമല്ല, ഇന്ന് ലോകത്തിന്റെ ചലനങ്ങളെ നിർണായകമായി സ്വാധീനിക്കുന്ന രാഷ്ട്രമാക്കി മാറ്റി തീർക്കുകയും ചെയ്തു.**

ശാസ്ത്രപരമായി കൂടുതൽ ശക്തമാക്കണമെന്ന് ആഹ്വാനം ചെയ്ത് ഈ പുതിയ യുഗത്തിൽ പാർട്ടിയെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ടിച്ച് ചൈനീസ് സവിശേഷതയുള്ള സോഷ്യലിസമായിരിക്കും വരും ദിവസങ്ങളിൽ നടപ്പിലാക്കുക. അതിനായി ഷിജിൻ പിങ് ചിന്തകളെ സുപ്രധാന മാർഗ്ഗനിർദ്ദേശങ്ങളായി ഭരണഘടനയിൽ ഉൾപ്പെടുത്തി.

1982-ലെ 12 ാം കോൺഗ്രസ് അംഗീകരിച്ച ഇപ്പോഴത്തെ പാർട്ടി ഭരണഘടന നിലവിൽ വന്നശേഷം മിക്കവാറും എല്ലാ കോൺഗ്രസുകളിലും കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ട്. ചൈനീസ് സ്വഭാവത്തോട് കൂടിയ സോഷല്യസിറ്റ് സമൂഹ നിർമ്മാണത്തിന് ദിശാബോധം നൽകാനാണ് പതിനാലാം കോൺഗ്രസിൽ മാക്സിസം-ലെനിനിസം, മാവോയിസത്തോടൊപ്പം ദെങ്ങ് സിയോവോ പിങ്ങ് തത്വങ്ങളെകൂടി പാർട്ടി ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ജിയാങ് സെമിൻ രൂപീകരിച്ച് മൂന്ന് പ്രാതിനിധ്യങ്ങൾ 16 ാം കോൺഗ്രസിലും, ഹൗ ജിന്താവോയുടെ വികസനത്തിനുള്ള ശാസ്ത്രീയ കാഴ്ചപ്പാടുകൾ 17 ാം പാർട്ടി കോൺഗ്രസും പാർട്ടി ഭരണഘടനയിൽ ഉൾപ്പെടുത്തി. അപ്പോൾ രൂപപ്പെട്ടുവന്ന സാഹചര്യങ്ങളിൽ രാഷ്ട്രത്തെ മുന്നോട്ട് നയിക്കാനുള്ള മാർഗതത്വങ്ങളെന്ന നിലയ്ക്കാണ് പുതുയുഗത്തിൽ ചൈനീസ് സവിശേഷതയോടുകൂടി സോഷ്യലിസത്തിനായുള്ള ഷി ജിൻ പിങ് ചിന്തകളെ 19 ാം കോൺഗ്രസ് പാർട്ടി ഭരണഘടനയിൽ ഉൾപ്പെടുത്തിയത്.

19 ാം പാർട്ടി കോൺഗ്രസ് 370 അംഗ കേന്ദ്ര കമ്മിറ്റിയേയും, പുതിയ കേന്ദ്ര കമ്മിറ്റി 25 പേരുടെ പോളിറ്റ് ബ്യൂറോയും, പോളിറ്റ് ബ്യൂറോയുടെ 7 അംഗ സ്റ്റാൻഡിംഗ് കമ്മിറ്റിയേയും പാർട്ടി കോൺഗ്രസിൽ തിരഞ്ഞെടുത്തു. ഷിജിൻ പിങ്ങിനെ ജനറൽ സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുത്തു. 2012-ൽ നടന്ന സിപി.സി. 18 ാം പാർട്ടി കോൺഗ്രസിലാണ് ആദ്യമായി ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തത്. ഷി ജിൻ പിങ് ജനകീയ ചൈന റിപ്പബ്ലിക്കിന്റെ 7-ാമത് പ്രസിഡന്റാണ്.

പതിനെട്ടാം പാർട്ടി കോൺഗ്രസ് അഴിമതി തുടച്ചു നീക്കുന്നതിനും, സമൂഹത്തിൽ വളർന്ന് കൊണ്ടിരിക്കുന്ന ധനിക-ദരിദ്ര അന്തരം കുറച്ചുകൊണ്ടുവരുന്നതിനുമായിരുന്നു ഊന്നൽ നൽകിയിരുന്നത്. ഈ രണ്ടു കാര്യങ്ങളിലും കാര്യമായ നേട്ടം കൈവരിക്കാനായി. പ്രസിഡന്റ് ഷി ജിൻ പിങ്ങിന്റെ നേതൃത്വത്തിൽ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് കഴിഞ്ഞ അഞ്ചുവർഷവും നടന്നത്. പാർട്ടിയിലും ഭരണത്തിലുമുള്ള പ്രമുഖരുൾപ്പെടെ നിരവധിപേരെ പുറത്താക്കുകയും ശിക്ഷിക്കുകയും ചെയ്തു.

1921 ജൂലൈയിൽ മൗസെ ദൊങ്ങ് ഉൾപ്പെടെ 12 പേർ മാത്രം പങ്കെടുത്ത് രൂപം നൽകിയ ചൈനീസ് കമ്മ്യണിസ്റ്റ്പാർട്ടി, ചൈനയെ രാഷ്ട്രീയ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുക മാത്രമല്ല, ഇന്ന് ലോകത്തിന്റെ ചലനങ്ങളെ നിർണായകമായി സ്വാധീനിക്കുന്ന രാഷ്ട്രമാക്കി മാറ്റി തീർക്കുകയും ചെയ്തു. ചൈനയുടെ പുരോഗതി ചൈനയ്ക്ക് മാത്രമല്ല ലോക സമൂഹത്തിന് തന്നെ ഗുണകരമാകും.

# വികാരകുമാർ നുണയൻ പള്ളിയുടെ കോടതി

ഭരണത്തിലുണ്ടായിരുന്ന അഞ്ചുവർഷം ഒരു പിടയെ ഒരുക്കുകയായിരുന്നു. അവസാനം അത് പറന്ന് പുരപ്പുറത്തു കയറുകയും അതുമിതുമൊക്കെ ചികഞ്ഞ് താഴെയിടുകയും ചെയ്തു. കേസായി, കമ്മീഷനായി, തലയിൽ മുണ്ടിടാതെ പുറത്തിറങ്ങാൻ പറ്റാതെയുമായി. എന്നാലും ആ സുരഭിലകാലം അങ്ങോട്ടു മറക്കാൻ മനസുവരുന്നില്ല. അതു കൊണ്ടാണ് കേരള ജനതയെ ഒരുക്കാനായി വടക്കുനിന്ന് തെക്കോട്ട് പുറപ്പെട്ടയാത്രയ്ക്ക് പിടയൊരുക്കം എന്നതിലെ പയുടെ വള്ളിമാത്രം ഒരു പേരങ്ങു കൊടുത്തത്. ആദ്യം കേൾക്കുമ്പോൾ കോളിളക്കം പോലുള്ള ജയന്റെ ഏതോ പഴയ പടമാണ് എന്നു തോന്നും. ശ്ശെടാ ഒരു രാഷ്ട്രീയ പ്രചണ ജാഥയ്ക്കിടാൻ പറ്റിയ പേരാണോ ഇത് എന്ന് പഴമക്കാർ മൂക്കത്ത് വിരൽവച്ചു എന്നും വരാം. പക്ഷെ സൂക്ഷ്മമായ അപഗ്രഥനത്തിലേ ശരിക്കും അർത്ഥഗർഭമായ ഒരു പേരായിരുന്നു അതെന്ന് മനസിലാകൂ. പട എന്നും ഒരുക്കം എന്നുമുള്ള രണ്ടുവാക്കുകൾ വളരെ ആലോചനാ പൂർവ്വമാണ് തെരഞ്ഞെടുത്ത് അന്യയിച്ചിരിക്കുന്നത്. വല്ല ഊച്ചാളികളോ, നാട്ടിലിറങ്ങിയാൽ നാട്ടുകാർ മുട്ടുകാല് തല്ലിയൊടിക്കുമെന്ന് ഭയപ്പാടുണ്ടായിരുന്ന കരപ്രമാണിമാരോ സ്വന്തം ആവശ്യത്തിനായി വിളിപ്പുറത്ത് നിർത്തിയിരുന്ന കഞ്ഞിപ്പട്ടാളത്തെയും പണ്ട് പട എന്നാണ് വ്യവഹരിച്ചിരുന്നത്. ഇവർക്ക് പ്രത്യേക യൂണിഫോമോ കോഡ് ഓഫ് കോൺഡക്ടോ ഒന്നുമുണ്ടായിരുന്നില്ല. ഒരുത്തൻ ലഫ്റ്റ് അടിക്കുമ്പോൾ മറ്റൊരുത്തൻ റൈറ്റും നടുക്കുനില്ക്കുന്നവൻ എബൗട്ടേണും അടിക്കും. ഒരാവശ്യത്തിന് ഇവരെ വിളിച്ച് ഒന്നിച്ചു വല്ല തെങ്ങിൻ പറമ്പിലോ മറ്റോ കൂട്ടുന്നതിന് പട ഒരുക്കുക എന്നാണ് പറഞ്ഞിരുന്നത്. ഇവിടെയും അവസ്ഥ അതുതന്നെ. വാർഡ് യൂണിറ്റോ പഞ്ചായത്തു കമ്മിറ്റിയോ, താലൂക്ക് കമ്മിറ്റിയോ ഒന്നുമില്ല. പക്ഷെ ഭാരവാഹികൾ ഉണ്ട്. അവരെ കാലാകാലം നൂലിൽ കെട്ടി ഇറക്കുന്നതാണ്. സ്വന്തമായി ഫ്ളക്സടിക്കാൻ പോക്കുള്ളവർക്കെല്ലാം ജനറൽ സെക്രട്ടറിയാകാം. എന്തെങ്കിലും ഒരാവശ്യത്തിന് പത്താളെ കിട്ടണമെങ്കിൽ വല്ല പട്ടച്ചാരായമോ ബിരിയാണിയോ വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞു വിളിച്ചുകൂട്ടി, പരിപാടി കഴിയും വരെ ബിരിയാണി കൊടുക്കാതെ പിടിച്ചു നിർത്തണം. ഇങ്ങനെ നിർത്തിയിരിക്കുന്ന കൂട്ടത്തിനെ പട എന്നല്ലാതെ സൈന്യം എന്നു പറയാൻ പറ്റുമോ–––

ഒരുക്കം എന്ന വാക്ക് സ്വീകരിച്ചിരിക്കുന്നത് ഒപ്പം പോകുന്നവരെ ഉദ്ദേശിച്ചല്ല. അത് ജാഥാക്യാപ്റ്റനെ ഉദ്ദേശിച്ചാണ്. ദിവസവും രാവിലെ ബ്യൂട്ടിപാർലറിൽ കയറി വെള്ളരി ഫേഷ്യൽ, ലിപ്സ്റ്റിക് പ്രയോഗം ഒക്കെ കഴിഞ്ഞാണ് പട നയിക്കാനിറങ്ങുക. ബ്യൂട്ടീഷ്യൻ പയ്യൻ ഒപ്പം നിന്ന് സെൽഫിയെടുത്ത് ഫേസ്ബുക്കിലിട്ടതാണ് പാരയായത്. ഇക്കാണുന്നതെല്ലാം മേക്കപ്പാണല്ലോ തമ്പുരാനേ എന്നറിഞ്ഞ് കടുത്ത ആരാധകർ പോലും അമ്പരന്നു.

ഏതായാലും കൂട്ടയടിയും കത്തിക്കുത്തുമായി പടയങ്ങവസാനിച്ചു. ഫ്ളക്സ് കടക്കാർക്കും ടാക്സി മുതലാളിമാർക്കും ഗുണം കിട്ടി. കേരള ചരിത്രത്തിൽ കൊടുങ്കാറ്റാകാൻ ഇറങ്ങിത്തിരിച്ചതാണ്. അവസാനം സമാപനവേദിപോലും ചുഴലികൊണ്ടുപോയി. ലക്ഷണശാസ്ത്രം വച്ചുനോക്കുമ്പോൾ അതൊരു മുന്നറിയിപ്പാണ്.

****************************************

വിഗതകുമാരൻ നുണയൻപള്ളി എന്നായിരുന്നു. റിയൽ നെയിം. ചാനലിൽ കയറി കോട്ടിട്ടതോടെ (കളസം നിർബന്ധമില്ല) പേരുമാറ്റി രണ്ടക്ഷരമാക്കി സ്റ്റൈലാക്കി. കാലം, വാർത്ത തുടങ്ങുമ്പോൾ റേഡിയോ ഓഫ് ചെയ്ത് വയ്ക്കുമായിരുന്നു പഴമക്കാരുടെയെല്ല. വണ്ടിയും ഗ്യാസും ഗ്രൈന്ററും, അലക്കുയന്ത്രവും, പിള്ളാരെ പഠിപ്പിക്കാൻ വേറേ വേറേ സാറന്മാരും പുസ്തകം ചതുർത്ഥിയും ആയതോടൊ ആൾക്കാർക്ക് ടൈമുണ്ട്. ആ ടൈമിൽ പീഡനം നടന്നോ, സിഡി. കിട്ടിയോ, മെമ്മറികാർഡ് കിട്ട്യോ എന്നറിയാൻ അവർക്കു കൗതുകമുണ്ട്. വല്ലവരുടേം കുടുംബത്തിലെ കണ്ണീരുകണ്ട് റിലാക്സ് ചെയ്യുന്നതിൽ ആൾക്കാർക്കിപ്പൊ ഉള്ള സന്തോഷം ചില്ലറയല്ല.

അരക്കിലോ പുലയാട്ട്, അഞ്ഞൂറ് ഗ്രാം പൂരപ്പാട്ട് വാറ്റിയത്, ഒന്നരലിറ്റർ വിചാരണലേഹ്യം, ഒരു മരച്ചു



റ്റിക എന്നിവയുമായി വികാരകുമാർ നുണയൻ പള്ളി സന്ധ്യയാകുമ്പോൾ ടി.വി. യിൽ ഹാജരാകും. അന്തിക്കുമൂന്നു മണിക്കൂർ ചർച്ചിക്കാൻ മാത്രം ദിനസരി ഇവിടൊന്നും നടക്കുന്നില്ല. കുറച്ചുവടക്കോട്ട് മാറിയാൽ ആളെ കത്തിക്കൽ, പള്ളിപൊളിക്കൽ, ആശ്രമ പീഡനം, പാകിസ്ഥാനിലേക്ക് ആളെ അയയ്ക്കൽ ഒക്കെ ഉണ്ട്. അതിലൊന്നും ഇവിടുള്ളവർക്ക് കൗതുകമില്ലെന്നും ഇവിടുത്തുകാർക്ക് ചുഴലിക്കാറ്റിൽ പെട്ട് ഗുജറാത്തിലെത്തിയ മത്സ്യത്തൊഴിലാളികൾക്ക് കപ്പയും മീൻകറിയും കിട്ടിയോ എന്നറിയാനാണ് താല്പര്യം എന്നുമാണ് വികാരകുമാറിന്റെ മട്ട്. ഇവിടെ സമാധാനമുള്ളതുകൊണ്ട് അതിർത്തിക്കപ്പുറം നടക്കുന്നതൊക്കെ ആൾക്കാർക്ക് അഡലെയ്ഡിൽ നടന്നതാണെന്ന് തോന്നുമത്രെ. 700 കോടിയുടെ വിമാനം 1500 കോടിക്കുവാങ്ങിയെങ്കിലെ അതിനെന്താ പ്രധാനമന്ത്രി അധ്വാനിച്ചുണ്ടാക്കി പണം അയാൾ ഇഷ്ടം പോലെ ചെലവഴിച്ചോട്ടെ എന്നരീതിയിലാണ് കുമാരൻ കാര്യങ്ങൾ അവതരിപ്പിച്ചു നിക്കർ സംഘക്കാരെ സുഖിപ്പിക്കുന്നത്.

കാര്യമായി ചർച്ചിക്കാനൊന്നുമില്ലാതെ കഞ്ഞികുടി മുട്ടിയിരിക്കുമ്പോഴാണ് ഒരു ചുഴലിക്കാറ്റ് വന്നത്. ചുഴലിക്കാറ്റ് വരുന്നു കേരളതീരത്ത് ആഞ്ഞടിക്കും എന്ന് മോഡി അധികാരത്തിൽ വന്നയുടനേ കേന്ദ്രം മുന്നറിയിപ്പ് കൊടുത്തിരുന്നിട്ടും ഇവിടത്തെ സർക്കാർ അലംഭാവം കാട്ടി എന്നാണ് ശ്രീ വികാര കുമാർ അന്തിച്ചർച്ചയ്ക്ക് ടി.വി.യിൽ ഹാജരായി പ്രഖ്യാപിച്ചത്. ചർച്ചയ്ക്ക് വിളിച്ചിരുത്തിയിരുന്ന വിഷയ വിദഗ്ധരിൽ ചിലർ കാര്യവിവരമുള്ളവരായതു കൊണ്ട് അറിയിപ്പ് കിട്ടിയത് നവംബർ മുപ്പതിനാണെന്നും അതിനു തലേന്ന് കിട്ടിയത് സാധാരണ ജാഗ്രതാ നിർദ്ദേശം മാത്രമാണെന്നും അതിൽപ്പോലും കേരള തീരത്തിന്റെ കാര്യം പറയുന്നില്ല എന്നും അതൊക്കെ വായിച്ച് കടലിൽ പോകാതിരുന്നാൽ ഒരു കാലത്തും കടലിൽ പോകാൻ സാധിക്കില്ല എന്നും വ്യക്തമാക്കിയപ്പോൾ ഗ്ഗ ഗ്ഗ ബുഗ്ഗ ഞ ഞ്ഞ എന്നു പറഞ്ഞ് വികാരകുമാർ അന്നത്തെ ചർച്ചിക്കൽ അവസാനിപ്പിച്ചു.

പിന്നെ പൊങ്ങിയത് മുഖ്യമന്ത്രി ചുഴലി വീശിയിടത്ത് ചെന്നില്ല. ചുഴലി തടഞ്ഞില്ല എന്ന പുലയാട്ടം കൊണ്ടാണ്. ഇരട്ടച്ചങ്കനല്ലേ ചുഴലി തടയാമായിരുന്നല്ലോ എന്ന മട്ടിലായിരുന്നു. ചർച്ച. നിനച്ചിരക്കാതെ ഒരു ദുരന്തമുണ്ടാകുമ്പോൾ അതിന്റെ പ്രത്യാഘാതം എങ്ങനെ ലഘൂകരിക്കാം, എങ്ങനെ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്താം, അതിനുവേണ്ടതാരൊക്കെ, ആരൊക്കെ സർക്കാരിനെ പ്രതിനധികരിച്ചു സംഭവസ്ഥലത്തുവേണം, മുഖ്യമന്ത്രി ചെല്ലേണ്ടതുണ്ടോ, ഉണ്ടെങ്കിൽ എപ്പോൾ എന്നൊക്കെ തീരുമാനിക്കുന്നത് മുഖ്യമന്ത്രിയും ഉത്തരവാദപ്പെട്ടവരും ചേർന്ന് അടിയന്തിര സാഹചര്യത്തിന്റെ സ്വഭാവമനുസരിച്ചാണ്. വികാര കുമാർ ചോദിക്കുന്നത് ഇരുപത്തൊൻപതാം തീയതി ഉച്ചയ്ക്ക് രണ്ട് പതിനഞ്ചിന് മുഖ്യമന്ത്രി അവിടെ ചെല്ലാഞ്ഞതെന്ത് എന്നാണ്. ഞാൻ തീരുമാനിച്ച സമയത്ത് സംഭവസ്ഥലത്ത് എത്താത്ത മുഖ്യമന്ത്രി ആ സ്ഥാനത്തിരിക്കാൻ യോഗ്യനാണോ എന്നതായിരന്നു പിറ്റേന്നത്തെ ചർച്ചാ വിഷയം. ഞാൻ തീരുമാനിച്ച സമയവും കഴിഞ്ഞ് 48 മണിക്കൂറും കഴിഞ്ഞിട്ടും മുഖ്യമന്ത്രി പോകാത്തത് ഭരണഘടനാ ലംഘനമല്ലേ എന്നായിരുന്നു. തൊട്ടടുത്ത ദിനം ചർച്ച.

ചർച്ചയിങ്ങനെ നീളവേ മുഖ്യമന്ത്രി ദുരിതമേഖലയിൽ ചെന്നു. അവിടെ കൂടിയവരോട് സംസാരിക്കുകയും അവരുടെ ആശങ്കകൾക്ക് കാതോർക്കുകയും ചെയ്തു. മടങ്ങാൻ നേരം ഒരു കൂലിക്കാരൻ വാഹനത്തിനു കുറുകെ കയറി. പണ്ട് ലീഡർ ചെയ്ത പോലെ അയാളെ അടിച്ചൊതുക്കി വഴിയൊരുക്കി മുഖ്യൻ പോകുമെന്നും അത് ചർച്ചിക്കാം എന്നും ആശിച്ചു. നിന്നവരെ നിരാശരാക്കി സി.എം. മറ്റൊരു കാറിൽ യാത്രതിരിച്ചു. അതെങ്കിൽ അത് മുഖ്യനെതിരെ തീരദേശമൊന്നാകെ. വാഹനം കളഞ്ഞ് രക്ഷപ്പെട്ടു. വികാരകുമാർ കത്തിക്കയറി. ചുറ്റികയെടുത്ത് മേശമേൽ തലങ്ങും വിലങ്ങും അടിച്ചു.

പ്രിയ വികാരകുമാരന്മാരെ, കുമാര ആരാധകരേ ഈ രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യ സംവി

ധാനത്തിൽ ഒരു ജനപ്രതിനിധിയുടെ സഞ്ചാരം പ്രതിഷേധസൂചകമായി തടയപ്പെടുന്നത് വലിയ സംഭവമൊന്നുമല്ല. അവ്വിധം പ്രതിഷേധിക്കാനുള്ള അവകാശം നിലനിർത്താൻ പരിശ്രമിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ഭാഗമാണ് മുഖ്യമന്ത്രിയും. അപ്പൻ കൊച്ചുമക്കൾക്ക് പീച്ചാംകുഴൽ വാങ്ങിക്കൊടുത്തിട്ട് മക്കളേ എന്റെ നേരേ മാത്രം വെള്ളം ചീറ്റരുത് വേറേ ആരെ മണ്ടേലും ചീറ്റിക്കോ എന്ന് പറയാറില്ല. അതുകൊണ്ട് തിളയ്ക്കുന്ന വികാരങ്ങൾ തല്ക്കാലം വാങ്ങി തണുക്കാൻ വയ്ക്കുക. ഇതൊക്കെ ചൂടാക്കാനം കേരളത്തിലേ അവസരമുള്ളൂഎന്നും കൂടി ഓർമ്മവയ്ക്കുക.

******************************************************

പാണ്ടൻ നായയുടെ പല്ലിനു ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല എന്നൊരു ചൊല്ലുണ്ട്. കുഞ്ചൻ നമ്പ്യാരുടെ വക സംഭാവന.

ഗുജറാത്ത് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഒന്നുകൂടി അതൊന്നോർമ്മിപ്പിക്കും.

ഗുജറാത്ത് ഒരു പരീക്ഷണശാലയാണെന്നാണ് ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും പറയുന്നത്. ഭരിക്കുന്നവർ വികസനത്തിന്റെ പരീക്ഷണശാല എന്നാണ് എഴുന്നള്ളിക്കുന്നത്. തീവ്രവർഗീയത എങ്ങനെ ഭരണരത്തിലേക്കുള്ള ചവിട്ടുപടിയാക്കാം എന്നതിന്റെ പരീക്ഷണശാലയാണ് ഗുജറാത്ത് എന്ന് സാമാന്യ ബുദ്ധിയുള്ളവർ തിരിച്ചറിയും. വംശഹത്യ സ്പോൺസർ ചെയ്തു നടപ്പിലാക്കുകയും തെളിവും സാക്ഷികളും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്യുന്ന പരീക്ഷണശാല. ക്ഷേത്രവും പള്ളിയും ബിഫും ഇറക്കി സൃഷ്ടിക്കുന്ന വർഗീയ ധ്രുവീകരണത്തിലാണ് ഇത്രയും നാൾ പിടിച്ചു നിന്നത്. പക്ഷെ ഇത്തവണ അത്ര കാര്യമായി ഏശിയില്ല. വിദേശ ടൂറൊക്കെ മതിയാക്കി സൈറ്റിൽ ചെന്നു പായവിരിച്ചു കിടന്നായിരുന്നു പ്രചാരണം. പല പ്രസംഗ വേദികളിലും ഒഴിഞ്ഞ കസേരകൾ കഴിഞ്ഞാൽ പിന്നെ മൈക്കുസെറ്റുകാരൻ മാത്രമേ കേൾവിക്കാരനായി ഉണ്ടായിരുന്നുള്ളൂ.

പഴയ കാർഡുകൾ മാത്രം കൊണ്ടുകാര്യമില്ല എന്ന് തെരഞ്ഞെടുപ്പുഫലത്തോടെ വെളിവായി. സാധാരണ രാഷ്ട്രീയ കക്ഷികൾ തിരിച്ചടികൾ പാഠമായി ഉൾക്കൊള്ളാനും ജനഹിതം ഒപ്പമാകാൻ കൂടുതൽ ജനപക്ഷത്തേക്കു നീങ്ങി നില്ക്കാനും ശ്രമിക്കുകയാണ് പതിവെങ്കിൽ വർഗ്ഗ സ്വഭാവം വച്ച് ഭരണപ്പാർട്ടി കൂടുതൽ പ്രത്യാഘാതങ്ങൾ സാമൂഹ്യഘടനയിൽ ഉണ്ടാക്കിയേക്കാവുന്ന തീവ്ര കാർഡുകളാകും ഇനിയിറക്കുക. വോട്ടെടുപ്പിന് തൊട്ടു മുമ്പിറക്കിയ പാകിസ്ഥാന ഗൂഢാലോചനക്കഥ ഒരു സാമ്പിൾ മാത്രം. പാക് ചാരൻ തന്നെക്കൊല്ലാനായി വെട്ടുകത്തിയുമായി ഒരു ഓട്ടോയിൽ സദാ പിന്തുടരുന്നുണ്ട് എന്നും രാഷ്ട്രത്തിന്റ ഭരണാധിപൻ വിളിച്ചുകൂകി ക്കൂടായ്കയില്ല. വില്ലനെ കിടിലമായി ചിത്രീകരിച്ചാൽ നായകൻ സ്വാഭാവികമായും വലുതായിക്കോളും എന്ന സിനിമാറ്റിക് തന്ത്രമാണ് പയറ്റുന്നത്.

കൂട്ടത്തിൽ ചില തറവേലകളും ഇതോടൊപ്പമുണ്ട്. ചാക്കിട്ടുപിടിത്തമാണ് മെയിൻ. രാജ്യത്ത് ഒരു മുഖ്യപ്രതിപക്ഷപാർട്ടിയുണ്ട്. ഫാസിസത്തിനെതിരെ നിൽക്കാൻ ഞങ്ങളെക്കൊണ്ടേ പറ്റൂ ന്യൂനപക്ഷങ്ങൾ ഞങ്ങടെ ചിറകിനടിയിൽ വന്നു കയറിക്കോളൂ എന്നൊക്കെ യാണ് മൈക്ക് കിട്ടിയാലുടൻ ജല്പനം. പക്ഷെ ചിറകുവിരിച്ചവനും തൂവൽ കൊഴിഞ്ഞവനു

**പ്രിയ വികാരകുമാരന്മാരെ, കുമാര ആരാധകരേ ഈ രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യ സംവിധാനത്തിൽ ഒരു ജനപ്രതി നിധിയുടെ സഞ്ചാരം പ്രതിഷേധ സൂചകമായി തടയപ്പെടുന്നത് വലിയ സംഭവമൊന്നുമല്ല. അവ്വിധം പ്രതിഷേധി ക്കാനുള്ള അവകാശം നിലനിർത്താന പരിശ്രമിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ഭാഗമാണ് മുഖ്യമന്ത്രിയും. അപ്പൻ കൊച്ചു മക്കൾക്ക് പീച്ചാംകുഴൽ വാങ്ങിക്കൊടു ത്തിട്ട് മക്കളേ എന്റെ നേരേ മാത്രം വെള്ളം ചീറ്റരുത് വേറേ ആരെ മണ്ടേലും ചീറ്റിക്കോ എന്ന് പറയാറില്ല. അതു കൊണ്ട് തിളയ്ക്കുന്ന വികാരങ്ങൾ തല്ക്കാലം വാങ്ങി തണുക്കാൻ വയ്ക്കുക**

മെന്ന വ്യത്യാസമില്ലാതെ ന്യൂനപക്ഷ സംരക്ഷക മൂവർണ്ണക്കാർ രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷ സ്നേഹികളായ സംഘപരിവാരത്തിലേക്ക് പായും തലയണയുമെടുത്ത് ഒഴുകുകയാണ്.

സിമ്പിളായി ഒന്നാലോചിച്ചാൽ ഈ അക്കരപ്പച്ച പ്രതിഭാസത്തിൽ അത്ഭുതമില്ല. മാന്യമായ ഒരു പ്രതിഷേധനപ്രസ്താവന നടത്താൻ പോലും കെല്പുള്ള നേതാവില്ലാത്ത അവസ്ഥ ഇനി എന്നു തീരാനാണ്-------------------— തലയെടുപ്പുള്ള ഒരു നേതാവുണ്ടായിട്ടുവേണ്ടേ ഭരണം കിട്ടാൻ-----------— ഇനിആരെങ്കിലും ഉണ്ടായിവന്ന് ഭരണം കിട്ടുന്ന കാലം വരെ ജീവിച്ചിരിക്കും എന്ന് എന്താണുറപ്പ്.

രാജ്യത്ത് ചിന്നിചിതറിക്കിടക്കുന്ന ചെറുകകക്ഷികളെ ഒപ്പം വിളിക്കാമെന്നു വച്ചാൽ എന്തു പറഞ്ഞ് വിളിക്കും. സ്വന്തം നയസമീപനങ്ങൾ കാവിക്കാരുടേതിൽ നിന്ന് തെല്ലും ഭിന്നമല്ല. ഒന്ന് തീവ്രവർഗ്ഗീയതയെങ്കിൽ മറ്റേത് മൃദുവർഗ്ഗീയത. വിവരമുള്ളവർ രണ്ടും കണക്കുതന്നെ എന്ന് മനസ്സിലാക്കിയിട്ടുണ്ട്.

കുടുംബ പാരമ്പര്യം തടസമായതുകൊണ്ട് നിലവിലെ അധ്യക്ഷന് പോകാനൊക്കില്ല. ബാക്കിയുള്ളവരെല്ലാം പോകാൻ ഏറെക്കുറെ റെഡിയാണ്. ഉദാഹരണത്തിന് കേരളക്കരയിലെ പൗഡർ രാജ. സ്വയം സേവകർക്കാർക്കെങ്കിലും എവിടെയെങ്കിലും മുറിവേറ്റാൻ അക്രമം അക്രമം എന്നലറും, സ്വന്തം പാർട്ടിക്കാർക്കോ, ഇടതുവിശ്വാസികൾക്കോ സ്വയം സേവകരാൽ വെട്ടേറ്റാൽ പൗഡർ കുട്ടൻ വായിൽ അമ്പുകയറിയതുപോലെ മിണ്ടാതിരിക്കും. പണ്ടേ കാവിചുറ്റേണ്ട ആളായിരുന്നു. അന്ന് കിട്ടാനില്ലാത്തതുകൊണ്ട് ഖദർ വാങ്ങിയെന്നു മാത്രം ഇപ്പം ഒരു ചാഞ്ചാട്ടമുണ്ട്. തല്ക്കാലം വോട്ടുമറിച്ചും, ഇങ്ങോട്ടു വാങ്ങിയുമൊക്കെ ഇങ്ങനെ പോട്ടെ. നാളെത്തെ കാര്യം പറ

**അധിക്ഷേപം ചൊരിഞ്ഞതുമാത്രമേ തൃത്താല തസ്കരന് ഓർമ്മയുള്ളു പിന്നെ നടന്നതും ഇനി നടക്കാനിരിക്കുന്നതും ഓർക്കുമ്പോ മേലാകെ വിറയ്ക്കും, ഉള്ളു മരവിക്കും. ആവിഷ്കാര സ്വാതന്ത്ര്യം എന്താ അയാൾക്കായിക്കൂടേ എന്നൊക്കെ ചില കുറുക്കന്മാർ ഒളിച്ചിരുന്ന് ഓരിയിടുന്നുണ്ട്. അങ്ങോട്ട് ഒറ്റചോദ്യമേയുള്ളൂ. നിങ്ങടെ അയൽക്കാരനും ഉണ്ടല്ലോ ആവിഷ്കാരത്തിനും അഭിപ്രായത്തിനുമുള്ള സ്വാതന്ത്ര്യം.**

യാനൊക്കില്ല. മാണിയും വീരനും പോയി. ഇനിയും ആൾക്കാർ പോകാൻ നില്ക്കുന്നു. ഗതികേടിന്റെ അങ്ങേയറ്റം വന്നാൽ ഓടിക്കയറാൻ ആ ഒരിടമേയുള്ളു. അതുകൊണ്ട് ആളെ പച്ചയ്ക്കു തീകൊളുത്തിയാലും മറുത്തൊരക്ഷരം പറഞ്ഞുകൂടാ..... വിനാശകാലത്ത് വിപരീതബുദ്ധി കാട്ടുന്നതിൽപ്പരം മണ്ടത്തരം വേറെന്തുണ്ട്.

*************************************

പുറം നാട്ടിൽ നിന്നു വന്ന ചില തസ്കര സംഘങ്ങൾ പണ്ട് തൃത്താലയിൽ തമ്പടിച്ചിരുന്നു. വളരെ വിശേഷപ്പെട്ട രീതിയിലായിരുന്നു ഇവൻ നടത്തിയിരുന്ന മോഷണ പരമ്പര. അതിരാവിലെ പറമ്പിൽ വെളിക്കിരിക്കുമ്പോൾ തന്നെ പണിസാധനം വട്ടയിലയിൽ പൊതിഞ്ഞെടുത്ത് സഞ്ചിയിലാക്കി സൂക്ഷിക്കും. ശേഷം കുളിച്ചൊരുങ്ങി വെള്ളയും വെള്ളയുമൊക്കെയിട്ട് കണ്ടാൽ മാന്യനെന്ന് തോന്നും വിധം നല്ല തിരക്കുള്ള കവലയിലേക്കിറങ്ങും. തോളിൽ തുണിസഞ്ചിയും തൂക്കി വല്ല ബാങ്കിന്റേയോ പോസ്റ്റാഫീസിന്റെയോ പരിസരത്ത് കാത്തു നില്ക്കും. മകളുടെ വിവാഹത്തിനോ പശുവിനെ വാങ്ങാനോ മറ്റോ ആയി ബാങ്കിൽ നിന്ന് വായ്പയെടുത്ത കാശുമായി പുറത്തിറങ്ങുന്നപാവങ്ങളുടെ നേരേ നേരത്തേ പൊതിഞ്ഞു സഞ്ചിയിലിട്ട പണിസാധനം പുറത്തെടുത്ത് വിശീയെറിയും. വന്നവനും നിന്നവനും കാഴ്ചക്കാരും ആകെ അന്ധാളിക്കുമ്പോൾ പാവപ്പെട്ടവന്റെ പണസഞ്ചി റാഞ്ചി ഓടി രക്ഷപ്പെടും. ഇതായിരുന്നു പതിവു രീതി.

മൺമറഞ്ഞ കാരണവന്മാരുടെ പ്രയത്നവശാൽ മോഷണം നടത്തി കുടുംബം പുലർത്തേണ്ട ഗതികേടൊന്നും ഇന്ന് മലയാളക്കരയിൽ ഒരാൾക്കുമില്ല. ആവശ്യത്തിന് ജോലിയും ജോലിചെയ്താൽ കൂലിയുമുണ്ട്. കാലമങ്ങനെ മാറിയെങ്കിലും പഴയ തൃത്താല തസ്കരരുടെ ജനിതകഗുണം ഏതോവിധത്തിൽ പകർന്നു കിട്ടിയ ഒരുവൻ ഇപ്പോഴും ആ നാട്ടിലുണ്ടെന്ന് ഏതാനും ദിവസം മുമ്പാണ് മലയാളികൾക്ക് വ്യക്തമായത്. പിന്നാലെ അതേ ജനിതകവും മനോഭാവമുള്ള ഏതാനും പേർകൂടി തലപൊക്കിയതോടെ ഒരു വ്യാധിയും തീർത്തും ഉന്മൂലനം ചെയ്യപ്പെടുകയില്ലെന്ന തിരിച്ചറിവിൽ തരിച്ചു നില്ക്കുകയാണ് ജനം.

മേൽപ്പറഞ്ഞ പുരുഷപുംഗവൻ വീട്ടിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഉള്ളതുകൊണ്ടും ജനപ്രതിനിധി ആയതുകൊണ്ടും തികട്ടിവന്ന ജനിതക സ്വഭാവവുമായി തെരുവിലിറങ്ങാറില്ല. സുക്കൻബർഗ് കണ്ടുപിടിച്ച ഫേസ്ബുക്കിൽ വലിഞ്ഞുകയറിയാണ് അദ്ദേഹത്തിന്റെ പണിയായുധപ്രയോഗം. ഏതു ഹീനകൃത്യത്തിനും മാറിമാറി വരുന്ന ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നവർ ധാരാളമാണല്ലോ.....

ഈ നവമാധ്യമപ്പുലിയെക്കുറിച്ച് ചിലതുപറയണം. കാവിവോട്ട് കുറേ ഇങ്ങോട്ടും മൂവർണ്ണവോട്ടു കുറേ അങ്ങോട്ടും അറിഞ്ഞു കൊടുത്ത് തെരഞ്ഞെടുപ്പിനെ നേരിടുന്ന പരസ്പര സഹായ പദ്ധതി പ്രചാരത്തിലാകും മുന്നേ കലാശാലാ തെഞ്ഞെടുപ്പിൽ അത് പരീക്ഷിച്ചു വിജയിച്ച ആളാണദ്ദേഹം. മാർക്ക് അല്പം കൂട്ടിയിടീച്ചാണ് പരീക്ഷ ജയിച്ചത് എന്നൊക്കെ ഒപ്പം പഠിച്ചവർ പറയുന്നുണ്ട്. അതൊന്നും ആരും ചികഞ്ഞ് വെളിയിലിടാത്തത് ഫേസ്ബുക്കിലെ തന്റെ മുഖം കണ്ട് സ്നേഹം തോന്നിയിട്ടാണ് എന്നാണ് പുള്ളി നിനച്ചിരിക്കുന്നത്.

കാര്യമായ രാഷ്ട്രീയ പാരമ്പര്യമോ പ്രവർത്തന ശീലമോ ഒന്നുമില്ലാത്ത മേൽ പൂരുഷൻ നിലവിൽ പൂണ്ടുവിളയാടുന്നത് ഫേസ്ബുക്കിലാണ്. നാഴികയ്ക്ക് നൂറുവട്ടം വന്നവനേം നിന്നവനേയും വിരുന്നുകാരനെയും പറ്റി മുഖപുസ്തകഭിത്തിയിൽ പുലഭ്യമെഴുതി പിടിപ്പിക്കുക എന്നതാണ് എവിടേങ്കിലുമൊന്ന് നിറഞ്ഞുനില്ക്കാനായി പുള്ളി അനുവർത്തിക്കുന്ന തന്ത്രം.

സംഗതി സ്ഥിരമായപ്പോ ആൾക്കാർക്കു മടുത്തു. വേറേ പണിയൊന്നുമില്ലേ അനിയാ എന്ന മട്ടിൽ പൊങ്കാലകൾ വരാൻ തുടങ്ങിയപ്പോഴാണ് ഇനി നുണുങ്ങുപരിപാടികൾ പറ്റില്ല സ്വല്പം കനത്തിനു തന്നെ വേണമെന്ന് തീരുമാനിച്ച് അദ്ദേഹം മഹാനായ ഒരു ജനനായകനെക്കുറിച്ച് പുലയാട്ടെഴുതി പോസ്റ്റിയത്. അതും സ്വന്തം ആത്മകഥയിൽ അദ്ദേഹം സുവ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ഒരു പവിത്രബന്ധത്തെക്കുറിച്ച് തികച്ചും മ്ലേച്ഛമായ ഭാഷയിൽ.

അധിക്ഷേപം ചൊരിഞ്ഞതുമാത്രമേ തൃത്താല തസ്കരന് ഓർമ്മയുള്ളൂ പിന്നെ നടന്നതും ഇനി നടക്കാനിരിക്കുന്നതും ഓർക്കുമ്പോ മേലാകെ വിറയ്ക്കും, ഉള്ളു മരവിക്കും. ആവിഷ്കാര സ്വാതന്ത്ര്യം എന്താ അയാൾക്കായിക്കൂടേ എന്നൊക്കെ ചില കുറുക്കന്മാർ ഒളിച്ചിരുന്ന് ഓരിയിടുന്നുണ്ട്. അങ്ങോട്ട് ഒറ്റചോദ്യമേയുള്ളൂ. നിങ്ങടെ അയൽക്കാരനും ഉണ്ടല്ലോ ആവിഷ്കാരത്തിനും അഭിപ്രായത്തിനുമുള്ള സ്വാതന്ത്ര്യം. അവൻ രാവിലെ എഴുന്നേറ്റ് മതിലിൻമേൽ കയറി നിന്ന് വീടിന്റെ ഉമ്മറത്തിരിക്കുന്ന നിങ്ങളെ നോക്കി പുലയാട്ടു പറഞ്ഞാൽ നിങ്ങൾ അല്ലയോ മഹാനുഭാവാ എന്നു തുടങ്ങി വേദമോതുകയാണോ അതോ കിട്ടിയ കുറുവടിയെടുത്ത് മുട്ടുകാല് തല്ലിയൊടിക്കുകയാണോ ചെയ്യുക. മേൽപ്പറഞ്ഞ തൃത്താലക്കാരനും അത്രയേ സംഭവിച്ചിട്ടുള്ളൂ. സംഗതി വളരെ സിംപിളാണ്. അഭിപ്രായസ്വാതന്ത്ര്യം എന്നുവച്ചാൽ ആഭാസം പറയാനുള്ള സ്വാതന്ത്ര്യമല്ല.



## യാത്രാ വിവരണം – ഭാഗം 4

സലാഹുദ്ദീൻ.വൈ
ആലപ്പുഴ

# ജോഗ് വെള്ളച്ചാട്ടം

ഔറംഗാബാദിൽ നിന്നും നാട്ടിലേക്ക് മടങ്ങാനുള്ള തയ്യാറെടുപ്പ് തുടങ്ങി. ട്രെയിൻ ടിക്കറ്റൊന്നും ബുക്ക് ചെയ്തിട്ടില്ലാത്തതിനാൽ ബസ് യാത്രയാകാമെന്ന് കരുതി. മാത്രമല്ല ദക്ഷിണേന്ത്യയിലെ ഏറ്റവും മനോഹരമായ ജോഗ് വെള്ളച്ചാട്ടം കാണാമെന്നും പദ്ധതിയിട്ടു. യാതൊരു മുന്നൊരുക്കവുമില്ലാത്തയാത്ര കുറച്ചൊരാശങ്കയുളവാക്കിയെങ്കിലും പൊതുവെ ഉത്സാഹവും ആവേശവുമാണ് അനുഭവപ്പെട്ടത്.

ഉച്ചയ്ക്ക് 2 മണിയോടെ പൂനെയിലേക്കുള്ള ഒരു സാധാരണ ടൂറിസ്റ്റ് ബസ് ലഭിച്ചു. രാത്രിവരെ നീളുന്ന 250 കിലോമീറ്റർ ബസ് യാത്ര. പൂനെയിൽ നിന്നുള്ള തുടർയാത്രാ സൗകര്യങ്ങളെക്കുറിച്ച് യാതൊരു രൂപവുമില്ല. ചോദിച്ചു ചോദിച്ചു പോകാമെന്ന ധൈര്യം മാത്രം മഹാരാഷ്ട്രയിൽ കർഷകഗ്രാമങ്ങൾ താണ്ടി ബസ് യാത്ര തുടർന്നു. രാത്രി 8 മണിയോടെ പൂനെയിലെത്തും വരെ നഗരങ്ങൾ കാണാനില്ലായിരുന്നു. ഉരുളക്കിഴങ്ങും സബോളയുമൊക്കെ വിളയുന്ന പാടങ്ങളും അവിടെ പണിയെടുക്കുന്ന പച്ചമനുഷ്യരും അങ്ങിങ്ങായി തേനീച്ചകൂടുപോലെ തിങ്ങിഞെരുങ്ങിയ കർഷക കോളനികളും.

ഈ വയലുകളിൽ വിളയുന്ന സമ്പത്ത് മുഴുവൻ പട്ടണങ്ങളിൽ കേന്ദ്രീകരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനവും ഉയർന്ന ജീവതിനിലവാരവും പട്ടണങ്ങൾക്ക് മാത്രം സ്വന്തം. അവ ചൂണ്ടിക്കാട്ടി വികസനത്തിന്റെ പേരിൽ ഊറ്റം കൊള്ളുമ്പോൾ പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്ത് കാര്യമെന്ന മട്ടിൽ ഗ്രാമവാസികൾ ആർക്കോ വേണ്ടി വിയർപ്പൊഴുക്കുന്നു.

കോരന് കഞ്ഞി കുമ്പിളിൽ തന്നെയെന്ന ചൊല്ലിലൂടെ കേരളത്തിലും പണ്ട് ഈയൊരവസ്ഥയുണ്ടായിരുന്നുവെന്ന് നാം പഠിക്കുന്നു. ഇന്ന് കേരളം ഒന്നാകെ ഒരു പട്ടണമായി മാറിക്കൊണ്ടിരിക്കുന്നു. തൊഴിലാളിക്കും കർഷകനും മുതലാളിയോട് നിവർന്ന് നിന്ന് കൂലി വാങ്ങാൻ കഴിയുന്നു. ഒരു ജനതയൊന്നാകെ ജീവിത നിവാരത്തിൽ മുന്നേറുന്നതിനെയാണ്




വികസനം കൊണ്ടർത്ഥമാക്കുന്നതെന്ന് കേരളം ലോകത്തെ പഠിപ്പിക്കുന്നു. അതിന് ഒരു ആഡംബര കെട്ടിടത്തിന്റേയോ പ്രതിമയുടേയോ, ഹൈടെക് മേൽപ്പാലത്തിന്റെയും മുദ്ര വേണമെന്നില്ല.

രാത്രി 9 മണിയോടെ പൂനയിലെത്തി. ഒരു മഹാനഗരം തന്നെ. ഷോപ്പിംഗിനെന്ന ഭാവേന ഷോപ്പിംഗ് മാളുകളിലും തെരുവികളിലുമൊക്കെ കുറേ ചുറ്റിത്തരിഞ്ഞു. പൊതുവെ വൃത്തിയുള്ള നഗരം. തിരക്കുകൾ ഉൾക്കൊള്ളാനാവും വിധം വീതിയുള്ള റോഡുകൾ. അടുത്തകണ്ട ട്രാവൽ ഏജൻസിയിൽ അന്വേഷിച്ചപ്പോൾ രാത്രിയിൽ ബാംഗ്ലൂരിലേക്ക് ലക്ഷ്വറി ബസുണ്ടെന്നും അതിൽ കയറിയാൽ അതിരാവിലെ ഹൂബ്ലിയിലെത്താമെന്നും അറിഞ്ഞു. ഉടൻതന്നെ ടിക്കറ്റ് ബുക്ക് ചെയ്തു. രാത്രി 12 മണിയായപ്പോൾ തുടർയാത്ര ആരംഭിച്ചു. പൂനെ-ബാംഗ്ലൂർ എക്സ്പ്രസ് ഹൈവേയിലൂടെയുള്ള വോൾവോ ബസ് യാത്ര ഒരു പ്രത്യേക അനുഭവം തന്നെ. ഏതാണ്ട് 200 കി.മീ സ്പീഡിൽ വരെ ബസ് പായുന്നുണ്ട്.

രാവിലെ 6 മണിയോടെ ഹൂബ്ലി നഗരകവാടത്തിൽ ബസിറങ്ങി. നല്ല മൂടൽ മഞ്ഞുണ്ട്. അവിടത്തെ പോലീസ് എയ്ഡ് പോസ്റ്റിൽ ചെന്ന് വിവരങ്ങൾ ആരാഞ്ഞു. ടൗണിലേക്ക് 2 കി.മീ. ഓട്ടോറിക്ഷയിൽ പോകണം. പോലീസുകാരുടെ പെരുമാറ്റം വളരെ ഹൃദ്യമായിരന്നു. ഞങ്ങൾക്ക് ഫ്രഷ് ആകാനുള്ള സൗകര്യങ്ങളൊക്കെ അവിടെയുണ്ട്. 7 മണിയോടുകൂടി ഒരു ഓട്ടോറിക്ഷയിൽ ഞങ്ങൾ ഹൂബ്ലിയിലെത്തി. പ്രഭാത ഭക്ഷണമൊക്കെ കഴിഞ്ഞ് ഞങ്ങൾ ജോഗ് ഫാൾസിലേക്കുള്ള വഴിയന്വേഷിച്ചു.

180 കി.മീ. ദൂരമുണ്ട് ജോഗിലേക്ക്. നേരിട്ടുള്ള ബസൊന്നും ലഭ്യമല്ല. രണ്ട് മൂന്ന് ബസ് മാറിക്കയറണം. ആദ്യപടിയായി സിർസിയിലേക്ക് ബസ് കയറി. ഒരു സാധാരണ പ്രൈവറ്റ് ബസ്. കെട്ടും ഭാണ്ഡവുമൊക്കെയായി കുറച്ച് ഗ്രാമീണരും യാത്രക്കാരായുണ്ട്. കന്നഡ ഗ്രാമങ്ങളും, വയലേലകളും, വനങ്ങളുമൊക്കെ താണ്ടിയുള്ള യാത്ര. ചാർട്ട് ചെയ്ത് പോകുന്ന ട്രിപ്പുകളെക്കാൾ സംസ്കാരങ്ങൾ തൊട്ടറിഞ്ഞുള്ള ഈ യാത്ര വളരെ ഹൃദ്യമായിത്തോന്നി. നാട്ടുകാരോട് സംവദിക്കാനും അവരിൽ നിന്നും അറിവുകൾ നേടാനും കുറയൊക്കെ കഴിഞ്ഞു.

10 മണിയോടെ സിർസിയിലെത്തി. ശില്പകലാ വൈവിദ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു നഗരമാണ് സിർസി. തീർത്ഥാടന പ്രധാന്യമുണ്ട്. ആധുനികതയുടെ കടന്നുകയറ്റമില്ലാതെ പൗരാണികതകാത്തുസൂക്ഷിക്കുന്ന ഈ സുന്ദര നഗരം ആരെയും ആകർഷിക്കുന്നതാണ്. വീണ്ടും അടുത്ത ബസിൽ കയറി സിദ്ധാപ്പുരയിലിറങ്ങി. ഇവിടെ നിന്നും 15 കിലോമീറ്ററോളം കൊടും വനത്തിലൂടെയുള്ള മലമ്പാതയാണ്. കൊടും വളവുകളും ഹെയർപിന്നുകളും താണ്ടി ഷിമോഗവനത്തിനുള്ളിലെ ജോഗ് വെള്ളച്ചാട്ടത്തിനരികിൽ എത്തിയപ്പോൾ ഉച്ച കഴിഞ്ഞിരുന്നു.

ദക്ഷിണേന്ത്യയിൽ രണ്ടാമത്തെ ഏറ്റവും ഉയരംകൂടിയ വെള്ളച്ചാട്ടമാണിത്. 253 മീറ്റർ ഉയരുമുണ്ട്. അവിടെ നിന്ന് വെള്ളം കുത്തനെ താഴെയുള്ള പാറക്കെട്ടുകളിലേക്ക് ക്ഷീരവർണത്തിൽ പതിക്കുന്ന കാഴ്ച അവർണനീയമാണ്. ഉയർന്നു പൊങ്ങുന്ന ജലകണങ്ങൽ മൂടൽ മഞ്ഞ്പോലെ തോന്നിക്കുന്നു. താഴെ തട്ടിലെത്തുന്നതിന് പടികൾ ഒരുക്കിയിട്ടുണ്ട്. 1400 പടികൾ ഇറങ്ങണം. പഴനിമലയിലെ പടികളുടെ ഇര

ട്ടിയുണ്ട്. ആവേശത്തോടെ ഞങ്ങൾ പടികളിറങ്ങി.. കൈവരികളിലും മരച്ചില്ലകളിലുമൊക്കെ കുരങ്ങൻമാരുടെ വികൃതികൾ. ഇവൻമാരുടെ സ്വഭാവം എല്ലാ നാട്ടിലും ഒന്നുതന്നെ പിടിച്ചു പറിയും തമ്മിലടിയും. താഴെയെത്തിയപ്പോൾ ഞങ്ങളെ സ്വീകരിച്ചത് നുരഞ്ഞ് പൊന്തുന്ന ജലകണങ്ങളിൽ വിരിഞ്ഞ മഴവില്ലാണ്. മഞ്ഞു തുള്ളികളെ പോലെ നൈർമല്യമുള്ളതും കുളിർമയുള്ളതുമായ വെള്ളത്തിൽ മുങ്ങിയുള്ള നീരാട്ടാണ് ഇവിടുത്തെ പ്രത്യേകത. ഉയരത്തിൽ നിന്നും ചിതറിവീഴുന്ന ജലപാതത്തെ നേരിട്ടാവാഹിക്കാൻ അടിത്തട്ടിൽ തിങ്ങിക്കൂടുന്ന യുവസാഹസികരും ധാരാളം. പൊതുവെ അപകട രഹിതമാണ് ഇവിടം. എങ്കിലും ചില അതിസാഹസികൻമാർ വെള്ളച്ചാട്ടത്തിന്റെ മുകളറ്റത്തെ പാറക്കെട്ടിൽ നിന്നും അപകടത്തെ മാടിവിളിക്കുന്നതും കാണാമായിരുന്നു.

കുളികഴിഞ്ഞ് തിരിച്ചുള്ള പടികയറ്റമാണ് ഞങ്ങളെ വിഷമിപ്പിച്ചത്. ശരിക്കും പെട്ടു. കൈവരികളിൽ തൂങ്ങിയും വല്ലവിധേനയും ഒരു മണിക്കൂറോളം സമയമെടുത്താണ് മുകളിലെത്തിയത്. ലക്ഷ്യമിട്ട സ്ഥലങ്ങളൊക്കെ സന്ദർശിക്കാനായതിന്റെ ചാരിതാർത്ഥ്യത്തോടെ ഞങ്ങൾ മടക്കയാത്രയ്ക്ക് തയ്യാറായി. നേരം സന്ധ്യയാകാറായി. സഹ്യന്റെ മുകൾപ്പരപ്പിൽ നിന്നും ഇനി പടിഞ്ഞാറോട്ടിറങ്ങണം. നിബിഡവനമേഖലയാണ്. വന്യജീവികൾ സ്വൈരവിഹാരം തുടങ്ങുന്ന സമയമാണെങ്കിലും ബസിലാണെന്നത് ധൈര്യം പകർന്നു. കലർപ്പില്ലാത്ത പ്രാണവായു ആവോളം നുകരുന്നത് കൊണ്ടായിരിക്കണം ക്ഷീണമോ മറ്റ് ബുദ്ധിമുട്ടുകളോ ഒന്നും അനുഭവപ്പെടാതെ തന്നെ തുടർന്നുള്ള ബസ് യാത്രയും ആസ്വദിക്കാനായി. 90 കി.മീ. നീണ്ട ബസ് യാത്രയ്ക്കൊടുവിൽ ഭട്കൽ എന്ന സ്ഥലത്തെത്തി. അവിടെനിന്നും അത്താഴമൊക്കെ

**180 കി.മീ. ദൂരമുണ്ട് ജോഗിലേക്ക്. നേരിട്ടുള്ള ബസൊന്നും ലഭ്യമല്ല. രണ്ട് മൂന്ന് ബസ് മാറിക്കയറണം. ആദ്യപടിയായി സിർസിയിലേക്ക് ബസ് കയറി. ഒരു സാധാരണ പ്രൈവറ്റ് ബസ്. കെട്ടും ഭാണ്ഡവുമൊക്കെയായി കുറച്ച് ഗ്രാമീണരും യാത്രക്കാരായുണ്ട്. കന്നഡ ഗ്രാമങ്ങളും, വയലേലകളും, വനങ്ങളുമൊക്കെ താണ്ടിയുള്ള യാത്ര. ചാർട്ട് ചെയ്ത് പോകുന്ന ട്രിപ്പുകളെക്കാൾ സംസ്കാരങ്ങൾ തൊട്ടറിഞ്ഞുള്ള ഈ യാത്ര വളരെ ഹൃദ്യമായിത്തോന്നി.**

കഴിഞ്ഞ് വീണ്ടും ബസ് മാർഗ്ഗം ഉടുപ്പി റെയിൽവെ സ്‌റ്റേഷനിലെത്തുകയും രാത്രി ഒരു മണിക്ക് ഞങ്ങൾക്ക് വേണ്ടിയെന്നോണം വൈകിയെത്തിയ മംഗള ലക്ഷദ്വീപ് ട്രെയിനിൽ എറണാകുളത്തെത്തി. യാത്രാംഗങ്ങൾ അവരവരുടെ വീടുകളിലേക്ക് യാത്രയാവുകയും ചെയ്തു.



കവിത

രവികിരൺ.കെ.പി.



# ഏകാന്തത

തനിയേയിരിക്കുമ്പോൾ താനേയിരിക്കുമ്പോൾ
താമസമില്ലാതെ തത്വങ്ങളെത്തുന്നു.
താപമങ്ങേറുന്നു തപവും കൂടുന്നു
താപത്തിൻ നെറുകിലും തമസ്സങ്ങേറുന്നു
മൂകനായേകനായ് മൂവന്തി കാക്കുമ്പോൾ
മൂഢന്റെ മുഖംമൂടി മനതാരിലെത്തുന്നു
മിണ്ടുവാൻ മൂളുവാനാരോരുമില്ലാതെ
മിന്നാമിനുങ്ങുതൻ വെട്ടം തേടുന്നു
തത്വങ്ങളേറുമ്പോൾ താപങ്ങളേറുമ്പോൾ
തനുവും തണുത്തങ്ങു തമസ്സുകൾ തേടുന്നു
ഏകനായ് മൂകനായ് രാവുകൾ താണ്ടുമ്പോൾ
ഏകാന്തതയുടെ പിൻ നിലാവെട്ടം
പൗർണ്ണമി തന്നുടെ നാട്ടുവെളിച്ചത്തിൽ
പതിയെ തെളിയുന്നു പതിരില്ലാ ബാല്യം
പണ്ടേ മറഞ്ഞൊരു ബാല്യത്തിൻ പൗർണ്ണമി
പാടിയുറക്കുന്നു പുലരിയെ തേടുവാൻ
ഏകാന്തതയുടെ പാരമ്യമില്ലാത്ത
പതിരുകളില്ലാത്ത പുലരിയെത്തേടുവാൻ
ബാല്യത്തിൻ പുലരിയിൽ പൂവിനെത്തേടുന്ന
സ്മൃതികൾ തൻ മാധുര്യം മനതാരിൽ കിനിയുവാൻ
ബാഷ്പങ്ങൾ കിനിയുന്ന മിഴികൾ തന്നകതാരിൽ
മാധുര്യം ചൊരിയുവാൻ പുലരിയെത്തേടുന്നു.
മാഞ്ഞുമറഞ്ഞൊരു പുലരിയെത്തേടുന്നു....




സ.എൻ.ആർ.പോറ്റി അനുസ്മരണം (കൊല്ലം) കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു




സ.എൻ.ആർ.പോറ്റി അനുസ്മരണം -എൻ.രാധാകൃഷ്ണൻ നായർ സംസാരിക്കുന്നു




**വനിതാകൺവെൻഷൻ ഡോ.ടി.എൻ.സീമ ഉദ്ഘാടനം ചെയ്യുന്നു**




**സ.എൻ.ആർ.പോറ്റി അനുസ്മരണം (തിരുവനന്തപുരം)–എൻ.രതീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

Printed &Published by M Shajahan, General Secretary, Kerala PSC Employees Union
Printed at Bhagath, Pattom. Ph. 4017097, bhagathpattom@yahoo.com